2010 മാർച്ച്
ഹി.ശ 1389 - അമൻ
1431 - റ: അവ്വൽ-റ: ആഖർ
പുസ്തകം 82 ലക്കം 3
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

# സത്യദൂതൻ

സ്ഥാപിതം
1925

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ് - ഇസ്‌ലാം സമാധാനം ആശംസിക്കുന്ന മതം**

6 ***പരിശുദ്ധന്മാരെ പിശാച് സ്പർശിക്കുന്നില്ല***
ഹദ്റത്ത് അഹ്മദ് (അ)

ഖുത്ബ

7 ***'സലാം' വ്യാപിപ്പിക്കുക***
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ലേഖനം

10 ***നന്മയിലും സ്ഥൈര്യത്തിലും മാതൃകയാവണം***
ഹദ്റത്ത് അഹ്മദ് (അ)

13 ***സംഗീതം ഇസ്‌ലാമിൽ അനുവദനീയമാണോ?***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

14 ***ഖലീഫത്തുൽ മസീഹ് അഹ്മദി വിദ്യാർത്ഥികളോട്***
ശിറാസ് അഹ്മദ്

17 ***ഇസ്‌ലാമിനുമേൽ കുത്തകാവകാശമോ?***
ഫൗസിയ ബാജ്‌വ, കനഡ

19 ***ഖുർആൻ ഹൃദയത്തിന് ഔഷധം***
എം.എസ്.

21 ***പ്രവാചകസമൂഹവും വെളിപാടുകളും***
സർ സഫറുല്ലാഹ് ഖാൻ (റ)

23 ***സൃഷ്ടി മാഹാത്മ്യം: പ്രപഞ്ചനിർമ്മിതിയിലും മനുഷ്യസൃഷ്ടിപ്പിലും***
നിലോഫർ സുൽത്താന, കോഴിക്കോട്

26 ***പുരോഗതിയിലേക്ക് കുതിക്കുന്ന നിർഭയമായ ജമാഅത്ത്***
മുഹമ്മദ് ഉമർ, എച്ച്.എ.

28 ***ഭാവിയെ സംബന്ധിക്കുന്ന അത്ഭുതകരമായ ചില പ്രവചനങ്ങൾ***
എ.ക്യു. മഹ്ദി

31 ***ദൈവത്തിന്റെ അസ്തിത്വം: അന്തിമതെളിവ് അനുഭവജ്ഞാനം***
റഫി അഹ്മദ്, അമേരിക്ക

33 ***മുബാഹലയുടെ ദൃഷ്ടാന്തം 'പ്രബോധന'ത്തിനുള്ള മറുപടി - 8***
പി.എ. മുഹമ്മദ് സലീം കൊടുങ്ങല്ലൂർ

കവിത

39 ***ഉൾവിളി***
എച്ച്.എസ്. കാവശ്ശേരി

കുറിപ്പുകൾ

40 ***ജമാഅത്തെ ഇസ്‌ലാമിയെ പൊതുസമൂഹം തിരിച്ചറിയുന്നു***

| | | | |
|---|---|---|---|
| **ചീഫ് എഡിറ്റർ** | : | മുഹമ്മദ് ഇസ്മായിൽ | Mob : 9446656123 |
| **എഡിറ്റർ** | : | ഏ. എം. മുഹമ്മദ് സലിം | Mob : 9895263384, **E-mail: salimqld@yahoo.in** |
| **മാനേജർ** | : | അഹ്മദ് ഹസ്സൻ | Mob : 9446482108 |

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut - 1.

## ഖുർആനിൽ നിന്ന്

വിശ്വസിച്ചവരേ, നിങ്ങളുടേതല്ലാത്ത വീടുകളിൽ, ആ വീട്ടുകാരോട് അനുമതി ചോദിക്കുകയും അവർക്ക് സലാം ചൊല്ലുകയും ചെയ്തിട്ടല്ലാതെ നിങ്ങൾ പ്രവേശിക്കരുത്. അതാണ് നിങ്ങൾക്ക് ഗുണകരം. നിങ്ങളെ (നല്ല കാര്യങ്ങൾ) എപ്പോഴും ഓർമ്മിപ്പിക്കുവാൻ വേണ്ടി(യാണീ ഉപദേശം) (24:28)

## നബിവചനം


ഉസാമാ ഇബ്നു സൈദിൽ നിന്നും നിവേദനം: റസൂൽ തിരുമേനി(സ) മുസ്‌ലിംകളും ബിംബാരാധകരും ജൂതന്മാരും അടങ്ങിയ ഒരു ആൾക്കൂട്ടത്തിനരികിലൂടെ നടന്നുപോകുകയായിരുന്നു. അപ്പോൾ അവരോട് തിരുമേനി(സ) സലാം ചൊല്ലുകയുണ്ടായി.

***(ബുഖാരി, മുസ്‌ലിം)***

**യുഗശബ്ദം**

# എല്ലാവർക്കും നന്മ കാംക്ഷിക്കുക

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**



ഏകദൈവത്തിൽ വിശ്വസിക്കുക എന്നത്പോലെ തന്നെ സമസൃഷ്ടികളോട് അനുകമ്പയോടും സഹിഷ്ണുതാഭാവത്തോടും കൂടി വർത്തിക്കുക എന്നതും നമ്മുടെ മതത്തിന്റെ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഉപദേശമാകുന്നു. അതിനാൽ അത്യാവശ്യവും ഗുണകരവുമായ ഒരു കാര്യത്തിനുവേണ്ടി അത്ര ആവശ്യമല്ലാത്തതിനെ ഉപേക്ഷിക്കുക എന്നത് മതവിരോധമല്ല. മതധർമ്മം എന്നാൽ ദൈവം വിരോധിച്ച സംഗതികളിൽ നിന്നെല്ലാം ഒഴിഞ്ഞുനിൽക്കുകയും അവന്റെ സകല സൃഷ്ടികൾക്കും നന്മയും ഉപകാരവും ചെയ്യുകയും എല്ലാവരോടും അനുകമ്പ കാണിക്കുകയും ലോകത്ത് വന്ന സർവ്വപ്രവാചകന്മാരും അതത് കാലത്ത് മനുഷ്യരെ നന്നാക്കിത്തീർക്കുന്നതിന് എഴുന്നേൽപ്പിക്കപ്പെട്ട ദിവ്യദൂതന്മാരും പരിഷ്ക്കർത്താക്കളുമാണെന്ന് വിശ്വസിക്കുകയും അവരുടെ ഇടയിൽ വ്യത്യാസം കൽപ്പിക്കാതിരിക്കുകയും എല്ലാ മനുഷ്യരോടും ദയാപൂർവ്വം പെരുമാറുകയും ചെയ്യുക എന്നതാകുന്നു. *(പൈഗാമെ സുൽഹ്)*

മുഖക്കുറിപ്പ്

# ഇസ്‌ലാം, സമാധാനം ആശംസിക്കുന്ന മതം

സമാധാനം എന്നത് ഏതൊരു ജീവിത തത്വശാസ്ത്രത്തിന്റേയും ലക്ഷ്യമാണ്. ക്രമസമാധാനത്തിലധിഷ്ഠിതമായ, ബഹിർഭാഗസ്ഥവും യാന്ത്രികവുമായ സാമൂഹിക സമാധാനം കൊണ്ട് ഭൗതികരാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ തൃപ്തിപ്പെടുന്നു. എന്നാൽ യഥാർത്ഥ സമാധാനം എന്നത് ഓരോ മനുഷ്യന്റേയും ആത്മാവിൽ വേരുകളുള്ള ഒരു അനുഭവവും സാമൂഹികാവസ്ഥയുമാണ്. സമാധാനം എന്ന അർത്ഥം വരുന്ന 'ഇസ്‌ലാം' എന്ന പദം സംജ്ഞാനാമമായി സ്വീകരിച്ച ഇസ്‌ലാംമതത്തിൽ ഓരോ അണുവിലും ത്രസിച്ചു നില്ക്കുന്നത് ഈ സമാധാനവാഞ്ഛയാണ്. ഇസ്‌ലാം മതത്തിന്റെ സമസ്തസാരവും സംഗ്രഹിച്ച പ്രാർത്ഥനാനിർഭരവും സാർവ്വലൗകികവുമായ ശാന്തിമന്ത്രമാണ് ഇസ്‌ലാം അതിന്റെ അഭിവാദനവചനമായി സ്വീകരിച്ചിരിക്കുന്നത്.

മനുഷ്യൻ പരസ്പരം കണ്ടുമുട്ടുമ്പോൾ സന്തോഷവും സ്നേഹവും പ്രകടിപ്പിക്കാൻ വാഗ്‌രൂപേണയോ അംഗവിക്ഷേപങ്ങളിലൂടെയോ അഭിവാദനങ്ങൾ കൈമാറുന്ന രീതി എല്ലാ മാനവസംസ്കാരങ്ങളിലും ദൃശ്യമാണ്. യൂറോപ്യന്മാർ ഗുഡ്മോർണിങ്ങ്, ഗുഡ് ഈവനിംങ്ങ് എന്നീ അഭിവാദനങ്ങൾ ആശംസിച്ചു ഹസ്തദാനം ചെയ്യുന്നു. ഭാരതീയ ശൈലി നമസ്കാരം, നമസ്തേ എന്നു പറഞ്ഞ് കൂപ്പുകൈ ഉയർത്തലാണ്. റോമക്കാർ കണ്ടുമുട്ടുമ്പോൾ Salve (ആരോഗ്യവാന്മാരായിരിക്കട്ടെ) എന്നും പിരിയുമ്പോൾ Vale (നല്ലതു വരട്ടെ) എന്നും പറയുന്നു.

ഇസ്‌ലാം സ്വീകരിച്ച അഭിവാദനരീതി അതിന്റെ ആശയപ്രകാശനം കൂടിയാണ്. കണ്ടുമുട്ടുമ്പോൾ **'അസ്സലാമു അലൈക്കും'** (താങ്കളിൽ സമാധാനമുണ്ടാവട്ടെ) എന്ന പ്രാർത്ഥനയോടുകൂടിയ ആശംസയാണ് അഭിവാദനവചനമായി പറയാറ്. പ്രത്യഭിവാദ്യം **'വ അലൈക്കുമുസ്സലാം വ റഹ്മത്തുല്ലാഹി'** (താങ്കൾക്കും സമാധാനവും ദൈവത്തിന്റെ അനുഗ്രഹവും ഉണ്ടാവട്ടെ) എന്നുമാണ്. അതോടൊപ്പം ഹസ്തദാനം ചെയ്ത് വലവും ഇടവും ആലിംഗനം ചെയ്യുകയും ചെയ്യുന്നു. സർവ്വരോടുമുള്ള ഈ അഭിവാദനരീതി മുസ്‌ലിം രാജ്യങ്ങളിൽ വ്യാപകമായി കാണാം. റസൂൽ തിരുമേനി(സ) മുസ്‌ലിംകളും, ബിംബാരാധകരും ജൂതന്മാരും അടങ്ങിയ ഒരു സദസ്സിന്നരികിലൂടെ കടന്നുപോകുമ്പോൾ സലാം ചൊല്ലിയതായി പ്രബലമായ ഹദീസ് ഗ്രന്ഥങ്ങളിൽ പറയുന്നു. പക്ഷേ, എല്ലാ കാര്യത്തിലുമെന്നപോലെ സങ്കുചിതമനസ്കരായ ചില മുസ്‌ലിം പണ്ഡിതന്മാർ, മനുഷ്യസമൂഹത്തിന് സാർവ്വജനീനമായി ഇസ്‌ലാം സമ്മാനിച്ച ഈ ആശംസാവചനം തങ്ങളുടെ ഇഷ്ടക്കാർക്കും സ്വന്തക്കാർക്കും സ്വന്തം കക്ഷിയിൽപ്പെട്ടവർക്കു മാത്രമായി ചുരുക്കിയിരിക്കുകയാണ്. ഖലീഫത്തുൽ മസീഹ് (അയ്യദഹു) ഈയ്യിടെ നടത്തിയ ഖുത്ബയിൽ ഇസ്‌ലാമിക അഭിവാദനരീതിയുടെ ഈ സാർവ്വലൗകിക തത്വം ഊന്നിപ്പറയുകയുണ്ടായി. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആന്റെ ഒരു വചനം ഇങ്ങനെയാണ്:

**ഒരു അഭിവാദനം കൊണ്ട് നിങ്ങൾ ആശംസിക്കപ്പെട്ടാൽ അതിനേക്കാൾ ഉത്തമമായ ഒന്നുകൊണ്ട് നിങ്ങൾ (തിരിച്ചു അങ്ങോട്ടും) ആശംസിക്കുക. അഥവാ (അതുതന്നെ) അങ്ങോട്ടും മടക്കുക. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളെക്കുറിച്ചും കണക്കെടുക്കുന്നവനാകുന്നു. (4:87) ഇസ്‌ലാമിന്റെ സമാധാനപൂർണ്ണമായ അഭിവാദനവചനം ലോകം മുഴുവൻ വ്യാപിപ്പിക്കാൻ മുസ്‌ലിംകൾ ശ്രമിക്കേണ്ടതാണ്.**



ഹദ്റത്ത് അഹ്മദ് (അ)

# പരിശുദ്ധന്മാരെ പിശാച് സ്പർശിക്കുന്നില്ല

ചിലയാളുകളെ പിശാചിന്റെ അധികാരത്തിന് വിധേയപ്പെടുത്തിക്കൊണ്ട് നിർബന്ധപൂർവ്വം നരകത്തിന് അർഹരാക്കിത്തീർക്കുന്ന വിധം വിശുദ്ധ ഖുർആൻ വിധിക്കുന്നുവെന്ന് ധരിക്കുന്നത് ഗുരുതരമായ തെറ്റാണ്. മറിച്ച് സർവ്വശക്തനായ ദൈവം ഖുർആനിൽ പറയുന്നത്,

***തീർച്ചയായും എന്റെ ദാസരുടെമേൽ നിനക്ക് (പിശാചിന്) ഒരു സ്വാധീനവും ഉണ്ടായിരിക്കുന്നതല്ല*** (15:43) എന്നാണ്.

ഓർക്കുക, ഏറ്റവും സുവ്യക്തമായിട്ടാണ് ഖുർആൻ മനുഷ്യന്റെ സ്വാതന്ത്ര്യത്തെപ്പറ്റി ഘോഷിക്കുന്നത്. നീതിമാനായ ഒരാളുടെ മനസ്സിനെ തൃപ്തിപ്പെടുത്താൻ ഈയൊരൊറ്റ വചനം മാത്രം മതി. എന്നാൽ മത്തായിയുടെ സുവിശേഷം നമ്മോട് മറ്റൊരു കഥയാണ് പറയുന്നത്. യേശുവിനെ പിശാച് പ്രലോഭിപ്പിച്ചുവെന്നാണ് മത്തായി പറയുന്നത്. ഇതിനർത്ഥം പിശാചിന് ഒരു പരിശുദ്ധനായ പ്രവാചകനെ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് നിർബന്ധപൂർവ്വം പ്രയാണം ചെയ്യിക്കാനും തനിക്ക് മുന്നിൽ പ്രണമിപ്പിക്കാനുമുള്ള അധികാരം ലഭിച്ചുവെന്നാണ്. മാത്രമല്ല, പിശാച് യേശുവിനെ ഒരു മലമുകളിൽ കൊണ്ടുപോയി ഭൂമിയിലെ എല്ലാ സാമ്രാജ്യങ്ങളും അതിന്റെ പ്രൗഢിയും കാണിച്ചുകൊടുത്തുവെന്നും പറയുന്നു. (മത്തായി 4:1-8 കാണുക).

ഇത് നൽകുന്ന സൂചന പിശാചിന് ദിവ്യശക്തികൾ ഉണ്ടെന്നാണ്. യേശുവിനെ തന്റെ ഇച്ഛക്ക് വിരുദ്ധമായി പിശാച് തന്റെ അധീശാധികാരത്വത്തിൽ ഉന്നതമായ മലമുകളിലേക്ക് കൊണ്ടുപോയി ദൈവത്തിനു മാത്രമുള്ള ശക്തികൾ പ്രയോഗിച്ചുകൊണ്ട് യേശുവിന് ഭൂമിയിലെ സാമ്രാജ്യങ്ങളെല്ലാം കാട്ടിക്കൊടുത്തുവെന്ന് ഈ വചനം പറയുന്നു:

ഒരു വിഭാഗം ജനങ്ങളെ നിർബന്ധപൂർവ്വം നരകത്തിനു വേണ്ടി പടച്ചുവെന്നോ അവരുടെ ഹൃദയം മുദ്രവെക്കപ്പെട്ടുവെന്നോ ഖുർആൻ പഠിപ്പിക്കുന്നുവെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ അവർ ശരിയായരീതിയിൽ ഖുർആൻ പഠിച്ചിട്ടില്ല. മഹത്വവാനായ ദൈവം ഖുർആനിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് ശ്രദ്ധിക്കുക:

പിശാചിനെ അഭിസംബോധന ചെയ്ത് അല്ലാഹു പറയുന്നു: ***'തീർച്ചയായും നിന്നെക്കൊണ്ടും മനുഷ്യരിൽനിന്ന് നിന്നെ പിൻപറ്റിയ മറ്റെല്ലാവരെക്കൊണ്ടും ഞാൻ നരകം നിറക്കുന്നതാണ്'*** (2:86).

ഇത് വ്യക്തമാക്കുന്നത്, യാതൊരു കാരണവുമില്ലാതെയല്ല അല്ലാഹു ആളുകളെ ശപിക്കുന്നതെന്നാണ്. അത്തരക്കാരുടെ ദുഷ്പ്രവൃത്തി മൂലം സമ്പാദിക്കുന്നതാണ് അത്തരം ശാപങ്ങൾ. ഖുർആൻ പറയുന്നു:

***'ഇതുവഴി അല്ലാഹു പലരേയും വഴിതെറ്റിയവരായി വിധിക്കുന്നു. പലരേയും സത്യത്തിലേക്ക് വഴി നടത്തുകയും ചെയ്യുന്നു.'*** (2:27)

*(ജംഗെ മുഖദ്ദസ്)*

ഖുത്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് V

# 'സലാം' വ്യാപിപ്പിക്കുക

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) ഖലീഫത്തുൽ മസീഹ് V ലണ്ടനിലെ ബൈത്തുൽ ഫുത്തൂഹിൽ 19-2-2010ൽ നടത്തിയ ഖുത്ബയുടെ പ്രസക്തഭാഗം

'ഹസീബ്' എന്ന പദത്തിന്റെ നിഘണ്ടുവിലുള്ള അർത്ഥം കണക്കെടുക്കുന്നവൻ, കണക്കനുസരിച്ച് പ്രതികരിക്കുന്നവൻ എന്നൊക്കെയാണ്. ഈ ഗുണങ്ങൾ ലോകത്ത് ഒരു മനുഷ്യനിലും പൂർണ്ണമായി കാണാൻ സാധ്യമല്ല. ഇതിൽ പരിപൂർണ്ണത അല്ലാഹുവിന് മാത്രമേയുള്ളൂ. അതുകൊണ്ട് തന്നെ അവന്റെ സവിശേഷ ഗുണനാമങ്ങളിൽ ഒന്ന് അൽഹസീബ് എന്നതാണ്. അല്ലാഹുവിൽ മാത്രമേ ഈ പറയപ്പെട്ട സവിശേഷതകൾ കാണാൻ സാധിക്കുകയുള്ളൂ. നമ്മുടെ വിവിധ അവസ്ഥകൾക്കനുസൃതമായി തന്റെ സവിശേഷഗുണങ്ങൾ ആവശ്യാനുസരണം പ്രകടമാക്കുന്നവനാണ് അല്ലാഹു. വിശുദ്ധ ഖുർആനിൽ പല വചനങ്ങളിലായി ഈ സിഫത്തിനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. അതിൽ ചില വചനങ്ങൾ മാത്രം നിങ്ങളുടെ മുമ്പിൽ വെക്കുന്നതാണ്. വിവിധ കൽപനകളുമായി ബന്ധപ്പെട്ടുകൊണ്ടും ജാഗ്രതപ്പെടുത്തുന്ന രീതിയിലുമാണ് അല്ലാഹു ഈ സവിശേഷഗുണം വിവിധ സന്ദർഭങ്ങളിലായി ഉപയോഗിച്ചിരിക്കുന്നത്. ഖുർആൻ വചനത്തിൽ അല്ലാഹു പറയുന്നു.

ഒരു അഭിവാദനം കൊണ്ട് നിങ്ങൾ ആശംസിക്കപ്പെട്ടാൽ അതിനെക്കാൾ ഉത്തമമായ ഒന്നുകൊണ്ട് നിങ്ങൾ (തിരിച്ച് അങ്ങോട്ടും) ആശംസിക്കുക.അഥവാ (അതു തന്നെ) അങ്ങോട്ടും മടക്കുക. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളെക്കുറിച്ചും കണക്കെടുക്കുന്നവനാകുന്നു. (4:87)

ഇസ്ലാമിക കൽപനകളിൽ അടിസ്ഥാനപരമായ ഒരു കൽപനയെക്കുറിച്ചാണ് ഈ ആയത്തിൽ പറഞ്ഞിരിക്കുന്നത്. ഇതിൽ സ്വന്തം ആളുകളോട് നല്ല രീതിയിൽ പെരുമാറുകയെന്ന് മാത്രമല്ല അന്യരോടും വളരെ വിശാലഹൃദയത്തോടുകൂടി പെരുമാറുകയെന്ന സമാനതകളില്ലാത്ത അദ്ധ്യാപനമാണ് നൽകിയിട്ടുള്ളത്. ഈ ആയത്തിൽ മുസ്ലിംകൾ പരസ്പരം നല്ല കാര്യങ്ങൾ ചെയ്യുകയെന്ന് മാത്രമല്ല പറഞ്ഞത്, ഒരാൾ നല്ല രീതിയിൽ നിങ്ങളോട് പെരുമാറുകയോ നിങ്ങളോട് സലാം പറയുകയോ നിങ്ങളുടെ ആത്മീയവും ഭൗതികവുമായ അവസ്ഥ നന്നാക്കിതീർക്കുന്ന പ്രാർത്ഥന നൽകുകയോ ചെയ്താൽ അതിനെക്കാളുപരിയായി അവർക്ക് വേണ്ടി ദുആ ചെയ്യുക എന്നതാണ് നിങ്ങളുടെ കർത്തവ്യം. ഇത് നിങ്ങളുടെ സ്വഭാവപരവും സാമൂഹികവുമായ കടമയാണെന്ന് മനസ്സിലാക്കുക. ഇപ്രകാരം പ്രവർത്തിച്ചില്ലെങ്കിൽ അല്ലാഹുവിന് മുമ്പിൽ നാം മറുപടി പറയേണ്ടതായി വരും. ഈ സവിശേഷത ഇസ്ലാമിൽ മാത്രമാണുള്ളത്. പരസ്പരം കൂടിക്കാഴ്ചകൾ നടത്തുമ്പോൾ പ്രത്യേക ഉദ്ദേശ്യത്തിലധിഷ്ഠിതമായ വാക്കുകൾ കൈമാറുകയെന്ന വികാരമാണ് ഇത് കൊണ്ടുദ്ദേശിക്കുന്നത് പരസ്പരം കണ്ടുമുട്ടുമ്പോൾ അസ്സലാമു അലൈക്കും എന്ന് പറയാനായി കൽപിച്ചിരിക്കുന്നു. അതായത്, നിങ്ങൾക്ക് സമാധാനമുണ്ടാകട്ടെ, നിങ്ങൾ എല്ലാവിധ വിഷമങ്ങളിൽ നിന്നും സുരക്ഷിതരാകട്ടെ. ഈ പ്രാർത്ഥന ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നാണ് വരുന്നതെങ്കിൽ അതിലൂടെ സ്നേഹവും സാഹോദര്യവും ഉണ്ടാവുകയും എല്ലാവിധ വെറുപ്പുകളും ഇല്ലാതാവുകയും ചെയ്യുന്നു. അതുപോലെ ആരോടാണോ സലാം പറയുന്നത് അവർ ഈ വികാരം മാനിച്ചുകൊണ്ട് ഉത്തമമായ രീതിയിൽ മറുപടി നൽകുക. അതിന്റെ ഏറ്റവും ഉത്തമമായ രീതി

വഅലൈക്കുമു സലാം എന്നതാണ്. കൂടെ വ റഹ് മത്തുല്ലാഹി വ ബറക്കാത്തുഹു എന്ന് കൂടിയുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും നിങ്ങളോടൊപ്പമുണ്ടാകട്ടെ. അല്ലെങ്കിൽ കുറഞ്ഞത് നിങ്ങൾക്ക് ലഭിച്ചതുപോലെതന്നെ തിരിച്ച് അവരോടും പറയുക. ഈ വസ്തുത സമൂഹത്തിൽ ശാന്തി പരത്തുന്ന ഒന്നാണെന്ന് മാത്രമല്ല, നബി (സ) വളരെ ഗൗരവമായി മുസ്‌ലിംകളെ ഉപദേശിച്ച ഒരു കാര്യം കൂടിയാണിത്. അതായത് നിങ്ങൾ സലാം പറയൽ ശീലമാക്കുക. സഹാബാക്കൾ ഇക്കാര്യത്തിൽ പരസ്പരം മത്സരിച്ചു മുന്നേറുമായിരുന്നു. ഇക്കാര്യത്തെ പ്രാബല്യത്തിൽ വരുത്താനായി റസൂൽ (സ) എപ്രകാരമാണ് ശ്രദ്ധിക്കുമായിരുന്നത്, എങ്ങനെയാണ് സഹാബാക്കളിൽ സലാം പറയുന്ന ശീലം ഉണ്ടാക്കാനായി ശിക്ഷണം നൽകിയത് തുടങ്ങിയ കാര്യങ്ങൾ ചില ഹദീസുകളിൽ കാണാവുന്നതാണ്.

ഹദ്റത്ത് ഖൽദ ബിൻ ഹംബൽ നിവേദനം ചെയ്യുന്നു : സഫ്‌യാൻ ബിൻ ഉമയ്യാ, റസൂൽ(സ) ന്റെ സന്നിധിയിലേക്ക് എന്നെ പാലും, മാനിറച്ചിയും വെള്ളരിയുമായി അയച്ചു. ഞാൻ നബി (സ)ന്റെ അടുത്തേക്ക് അനുവാദം വാങ്ങാതെയും സലാം പറയാതെയുമാണ് കയറിച്ചെന്നത്. എന്നോട് റസൂൽ(സ) പറഞ്ഞു: 'ആദ്യം നീ പുറത്ത് പോയി വീണ്ടും സലാം പറഞ്ഞ് അനുവാദം ചോദിച്ച് അകത്ത് പ്രവേശിക്കുക. ഒരു കുട്ടിയാണ് വന്നിരിക്കുന്നത്, അവൻ അനുവാദമൊന്നും ചോദിക്കാതെ വന്നാലും പ്രശ്നമില്ല എന്ന് വിചാരിക്കാതെ നബി(സ) ഉടനെത്തന്നെ ആവശ്യമായ രീതിയിൽ ശിക്ഷണം നൽകുകയായിരുന്നു. ഉന്നത സ്വഭാവഗുണങ്ങൾ ചെറുപ്രായത്തിൽ തന്നെ കുട്ടികളെ പഠിപ്പിക്കേണ്ടതാണ്. മറ്റൊരു കാര്യം അനുവാദമില്ലാതെ ഒരു വീട്ടിലും പ്രവേശിക്കരുതെന്നതാണ്. എപ്പോഴും അനുവാദം വാങ്ങണം. അനുവാദം വാങ്ങുന്നതിന് ഏറ്റവും ഉത്തമമായ രീതി സലാം പറയുക എന്നതാണ്. സ്നേഹാന്തരീക്ഷമുണ്ടാകുന്ന വിധത്തിലാണ് അനുവാദം വാങ്ങേണ്ടത്. പരസ്പരം നിങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് പ്രാർത്ഥനകൾ ഉണ്ടാകണം. സലാം പറയുന്നയാൾ മറ്റൊരാൾക്ക് സലാം പറയുമ്പോൾ മറുഭാഗത്ത് നിന്ന് സലാം തിരിച്ച് ലഭിക്കുന്നു. ഇത് ദുആകളുടെ ഒരു ശൃംഖല തന്നെയാണ്. റസൂൽ(സ)സഹാബാക്കൾക്ക് നിർബന്ധിത സാഹചര്യത്തിൽ ബാസാറിൽ ഇരിക്കാനുള്ള അനുവാദം നൽകിയപ്പോൾ വഴിയുടെ കടമകളെക്കുറിച്ച് ഉപദേശിച്ചുകൊണ്ട് പറഞ്ഞു ; നിങ്ങൾ വഴിയോരങ്ങളിലൂടെ വരുന്നവരോടും പോകുന്നവരോടും സലാം പറയുക. ഇക്കാര്യം വളരെ ഗൗരവമായി എടുക്കുന്നതിന്റെ കാരണം ഒരു മുഅ്മിൻ മറ്റൊരു മുഅ്മിനിന്റെ സമാധാനകാംക്ഷിയാണ് എന്നുള്ളത്കൊണ്ടാണ്. മുസ്‌ലിംകൾ ചിന്തിക്കുകയാണെങ്കിൽ ഇസ്‌ലാമിന്റെ സമാധാന സ്ഥാപനത്തിനായുള്ള അദ്ധ്യാപനങ്ങളിൽ ഈ ഒരു കൽപന തന്നെയാണ് സമാധാനത്തിനും സ്നേഹത്തിനും കാരണമാകുന്നതെന്ന് മനസ്സിലാകുന്നതാണ്. എന്നാൽ നിർഭാഗ്യവശാൽ അല്ലാഹുവിന്റെ കൽപനകളെ തിരസ്ക്കരിക്കുന്ന മുസ്‌ലിംകൾതന്നെ മറ്റ് മുസ്‌ലിംകളുടെ കഴുത്തറുക്കുകയാണ് ചെയ്യുന്നത്. സഹാബാക്കൾ സലാം പറയുന്ന കാര്യത്തിൽ വളരെ ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ ഒരു സഹാബി മറ്റൊരു സഹാബിയുടെ അടുത്ത് വന്നു പറഞ്ഞു. നമുക്ക് ബാസാറിൽ പോയിവരാം. അവർ ബാസാറിൽ പല ഭാഗത്തും പോയി വന്നു.പക്ഷേ, ഒന്നും വാങ്ങാതെയാണ് തിരിച്ചുവന്നത്. കുറച്ച് ദിവസങ്ങൾക്ക് ശേഷം വീണ്ടും ആ സഹാബി മറ്റേ സഹാബിയുടെ അടുത്ത് വന്നു പറഞ്ഞു; ഇന്ന് ബസാറിൽ പോയിട്ടു വരാം.മറ്റേ സഹാബി പറഞ്ഞു: എന്തെങ്കിലും വാങ്ങാനുണ്ടെങ്കിലേ ഞാൻ വരുന്നുള്ളൂ. അല്ലാതെ കഴിഞ്ഞ പ്രാവശ്യം പോയതുപോലെ ഒന്നും വാങ്ങാതെ തിരിച്ച് വരുന്നതിന്റെ പ്രയോജനമെന്താണ്? സഹാബി പറഞ്ഞു: 'ഞാൻ ബാസാറിൽ പോകുന്നതുതന്നെ മറ്റുള്ളവർക്ക് സലാം പറയാനും അവർക്ക്‌വേണ്ടി ദുആ ചെയ്യാനും അവരുടെ മറുപടി സ്വീകരിക്കാനും സലാം വ്യാപിക്കുന്നതിന്റേയും ശീലമാക്കുന്നതിന്റേയും കൽപന പാലിക്കാനും വേണ്ടിയാണ്.' ഇതാണ് സഹാബാക്കളുടെ അവസ്ഥ. നിസ്സാരമെന്ന് തോന്നുന്ന കൽപനകൾ പോലും അവർ വളരെ ഗൗരവത്തോടെ ചെയ്തുപോന്നു. അഹ്മദികൾ പ്രത്യേകമായി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നല്ല രീതിയിൽ മറുപടി പറയാനും ശ്രദ്ധിക്കേണ്ടതാണ്. ഇത് തന്നെയാണ് നമ്മിലും നമ്മുടെ സമൂഹത്തിലും ചുറ്റുപാടുകളിലും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുന്നത്. അതാണ് മനുഷ്യന്റെ പരസ്പര വികാരങ്ങളെ മാനിക്കുന്ന സ്വഭാവം നമ്മിലുണ്ടാക്കുന്നത്. അല്ലാഹു പറയുന്നു: നിങ്ങൾ മറ്റുള്ളവർക്ക് അഭിവാദനങ്ങൾ അർപ്പിച്ചാൽ തീർച്ചയായും അതിന്റെ പ്രതിഫലം നിങ്ങൾക്ക് ലഭിക്കുന്നതാണ്. സ്നേഹത്തിന്റെ കരങ്ങൾ പിടിക്കുകയും പ്രാർത്ഥനക്ക് പ്രാർത്ഥന മുഖേന മറുപടി നൽകുകയും ചെയ്യുമ്പോൾ തീർച്ചയായും പ്രതിഫലം ലഭിക്കുന്നതാണ്. എന്നാൽ അത് തിരസ്കരിക്കുകയാണെങ്കിൽ അല്ലാഹു പറയുന്നു: ഞാൻ അയാളുടെ കണക്കെടുക്കുന്നതാണ്.

ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്

(അ) സമാധാന ദൂതനായി വന്നുവെന്നതും സമാധാന സ്ഥാപനത്തിനുള്ള ഒരു മാർഗ്ഗമാണ്. ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനും യഥാർത്ഥമായ സഹവർത്തിത്വത്തിനുംവേണ്ടി അദ്ദേഹം വളരെ വേദനയോടെ തന്റെ ഗ്രന്ഥങ്ങളിൽ എഴുതിപ്പോന്നു. എന്നാൽ പൊതുവായി ഭൂരിപക്ഷ മുസ്‌ലിംകൾ ഉൾപ്പെട്ട സമൂഹം അത് സ്വീകരിച്ചില്ലെന്ന് മാത്രമല്ല, ദൈവകൽപനയ്ക്ക് വിരുദ്ധമായി അദ്ദേഹത്തെ അപകീർത്തിപ്പെടുത്തുകയും ശകാരവാക്കുകൾ ചൊരിഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു. താൻ ദൈവനിയുക്തനാണെന്നും നിങ്ങളുടെ നന്മയ്ക്ക് വേണ്ടിയും നിങ്ങളെ ദൈവവുമായി ബന്ധിപ്പിക്കുന്നതിനും വേണ്ടിയുമാണ് അല്ലാഹു തന്നെ അയച്ചിരിക്കുന്നതെന്ന് മുസ്‌ലിംകളെ അറിയിച്ചതിന് ശേഷവും നിർമ്മതവാദികളോട് ചേർന്ന് കൊണ്ട് അവർ അദ്ദേഹത്തെ എതിർത്തു. എന്നാൽ, റസൂൽ(സ) കൊണ്ടുവന്ന സന്ദേശത്തെ അദ്ദേഹത്തിന്റെ പിൻഗാമികൾ സ്വീകരിക്കുകയും ആ പ്രവചനങ്ങളെ സാക്ഷാത്കരിക്കുന്നവരായിത്തീരുകയും ചെയ്യണമായിരുന്നു. കാലത്തിന്റെ ഇമാമിന് സലാം എത്തിക്കുകയും നബി (സ) സ്ഥാപിച്ച ആ നന്മകളിൽ കാലത്തിന്റെ ഇമാമിനെ സഹായിക്കുകയും ഇസ്‌ലാമിന്റെ വിജയദിനങ്ങൾ സമീപസ്ഥമാക്കാൻ സഹായിക്കുകയും ചെയ്യാമായിരുന്നു. എന്നാൽ അതിന് വിരുദ്ധമായി നാമമാത്ര പണ്ഢിതന്മാരുടെ പിന്നിൽ അണിനിരന്ന ഭൂരിപക്ഷ മുസ്‌ലിംകൾ വിശുദ്ധ ഖുർആന്റേയും നബി (സ)ന്റെ കൽപനകളേയും മറന്നുകളയുക മാത്രമല്ല, സമാധാന കാംക്ഷികളാവേണ്ട സ്ഥലത്ത് കഠിന ഹൃദയരായി മാറുകയാണ് ചെയ്തത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സന്ദേശങ്ങളിൽനിന്ന് അദ്ദേഹം എത്ര കണ്ട് ജനങ്ങളോട് സഹതാപമുള്ളയാളെന്നും സഹവർത്തിത്ത്വം ഉള്ളയാളെന്നും മനസ്സിലാക്കാവുന്നതാണ്. ഒരു ഉദാഹരണം നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്:

"ഇന്ന് ഞാൻ തർക്കവിതർക്കങ്ങളെ ഇല്ലായ്മ ചെയ്യാനായി എതിരാളികളുടെ മുമ്പാകെ 40 ഓളം പരസ്യപ്രചാരണങ്ങൾ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. പുനരുത്ഥാനനാളിൽ ഏകനായ അല്ലാഹുവിന്റെ സന്നിധിയിൽ ഞാൻ അയക്കപ്പെട്ട ഉദ്ദേശ്യം പൂർത്തിയാവാൻ വേണ്ടിയാണിത്. അതുകൊണ്ട് ഞാൻ പരിപൂർണ്ണമര്യാദയോടും വിനയത്തോടുംകൂടി മുസ്‌ലിം പണ്ഢിതന്മാർക്കും ക്രിസ്തീയ പണ്ഢിതന്മാർക്കും പണ്ഢിറ്റുമാർക്കും ആര്യസമാജക്കാർക്കും ഹിന്ദുക്കൾക്കും പരസ്യപ്രചാരണം നടത്തിക്കൊണ്ട് അറിയിക്കുകയാണ്. ഞാൻ സ്വഭാവപരവും വിശ്വാസപരവുമായ ബലഹീനതകൾ സംസ്കരിക്കാനാണ് ഈ ലോകത്ത് വന്നിരിക്കുന്നത്. എന്റെ കാലടികൾ ഈസാനബിയുടെ കാലടികൾക്ക് തുല്യമാണ്. ആ അർത്ഥത്തിൽ ഞാൻ വാഗ്ദത്ത മസീഹ് ആകുന്നു. അടയാളങ്ങൾ മുഖേനയും പവിത്രമായ അദ്ധ്യാപനങ്ങളിലൂടെയും നിന്റെ സത്യത ലോകത്ത് പരത്തുന്നതാണെന്ന് അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. ദീനിന് വേണ്ടി വാൾ എടുക്കുന്ന കാര്യത്തേയും മതത്തിന്റെ പേരിൽ അല്ലാഹുവിന്റെ ദാസന്മാരുടെ രക്തം ചിന്തുന്നതിനേയും ഞാൻ എതിർക്കുന്നു. എന്നാൽ കഴിയുന്ന വിധം മുസ്‌ലിംകളിൽ കാണപ്പെടുന്ന എല്ലാ അബദ്ധജടിലമായ വിശ്വാസങ്ങളേയും തെറ്റുകളേയും നീക്കുന്നതിനായിട്ടാണ് ഞാൻ നിയുക്തനായിരിക്കുന്നത്. പവിത്രമായ സ്വഭാവഗുണങ്ങളും വിനയവും ലാളിത്യവും നീതിയും സത്യതയും അടങ്ങുന്ന വഴിയിലേക്ക് അവരെ ക്ഷണിക്കാനാണ് ഞാൻ ആഗതനായിരിക്കുന്നത്.ഞാൻ എല്ലാ മുസ്‌ലിംകളേയും ക്രിസ്ത്യാനികളേയും ഹിന്ദുക്കളേയും ആര്യസമാജക്കാരേയും അറിയിക്കുകയാണ്, ഈ ലോകത്ത് എനിക്ക് ആരോടുംശത്രുതയില്ല. ഞാൻ സമസൃഷ്ടികളെ, മാതാവ് തന്റെ മക്കളെ സ്നേഹിക്കുന്നത്പോലെ, അതിനേക്കാൾ ഉപരിയായി സ്നേഹിക്കുന്നു. ഞാൻ സത്യം മറച്ചുവയ്ക്കുന്ന അബദ്ധജടിലമായ വിശ്വാസങ്ങളെയാണ് എതിർക്കുന്നത്. മനുഷ്യനോടുള്ള സഹതാപം ഞാനെന്റെ കടമയായി കാണുന്നു. കളവ്,സൃഷ്ടിപൂജ, അനീതി മറ്റ് ദുഷ്പ്രവർത്തനങ്ങൾ, അതിക്രമങ്ങൾ, ദുസ്സ്വഭാവങ്ങൾ എന്നിവയിൽനിന്ന് വിട്ടുനിൽക്കുക എന്നതാണ് എന്റെ യഥാർത്ഥ നിലപാട്. ഇതാണ് മനുഷ്യനോടുള്ള എന്റെ സഹതാപത്തിന്റെ രൂപം. സ്വർണ്ണഖനിയാണ് എനിക്ക് ലഭിച്ചതെങ്കിൽ മരതകവൈഢൂര്യങ്ങളുടെ സ്ഥാനം ഞാൻ അറിഞ്ഞിട്ടുണ്ടെങ്കിൽ ഞാനത് പങ്ക് വെക്കുന്നതായിരിക്കും. എനിക്ക് ഏറ്റവും അധികം തിളങ്ങുന്ന വിലപിടിപ്പുള്ള രത്നം ഈ ഖനിയിൽ നിന്നാണ് ലഭിച്ചത്. ഞാനതിനെ വളരെ വിലമതിക്കുന്നു. ഞാനെന്റെ എല്ലാ സഹോദരന്മാർക്കും അത് വിതരണം ചെയ്യുകയാണെങ്കിൽ ഏറ്റവും കൂടുതൽ സ്വർണ്ണങ്ങൾ സമ്പാദ്യമായുള്ള ആളെക്കാളും ഇവരെല്ലാവരും സമ്പന്നരായിരിക്കും. ആ രത്നം എന്നത് സത്യവാനായ അല്ലാഹുവാണ്. അത് കരഗതമാക്കുക എന്നത് അവനെ തിരിച്ചറിയുക എന്നതാണ്. അവനെ പരിപൂർണ്ണമായി വിശ്വസിക്കുക, സത്യസന്ധമായ സ്നേഹത്തോടെ അവനുമായി ബന്ധം പുലർത്തുക. യഥാർത്ഥമായ അനുഗ്രഹങ്ങൾ അവനിൽ നിന്ന് നേടുക."

ലേഖനം

ഹദ്റത്ത് അഹ്മദ് (അ)
സ്വന്തം തൂലികയിലൂടെ

# നന്മയിലും സ്ഥൈര്യത്തിലും മാതൃകയാവണം

## നിഷ്ക്കളങ്കമായ ഭക്തഹൃദയത്തോടും അഹങ്കാരലേശമില്ലാതെ എളിമത്ത്വത്തിലും ജീവിക്കുക

നബി(സ) തിരുമേനിയുടെ ഭാര്യമാരേക്കാൾ ഉന്നതരാകാൻ ആർക്കും സാധ്യമല്ല. എന്നിട്ടും ആ ദിവ്യാത്മാവിന്റെ ഭാര്യമാർ അടിച്ചുവാരൽ ഉൾപ്പെടെയുള്ള എല്ലാ വീട്ടുജോലികളും ചെയ്യാറുണ്ടായിരുന്നു. അതിനോടൊപ്പം ആരാധനാകർമ്മങ്ങളും നിർവഹിച്ചിരുന്നു. ആരാധനയിൽ മുഴുകുമ്പോൾ ഉറക്കം വന്ന് വീഴാതിരിക്കാൻ ഒരു ഭാര്യ ഒരുകയർ മുകളിൽ കെട്ടി താഴേക്ക് തൂക്കിയിരുന്നു. സ്ത്രീകൾക്ക് ആരാധനയുടെ ഒരു ഭാഗം ഭർത്താക്കന്മാരോടുള്ള കടമ നിറവേറ്റലാണ്; ഒരു ഭാഗം അല്ലാഹുവിനോട് നന്ദി കാണിക്കുക എന്നതും. അല്ലാഹുവിനോട് നന്ദി കാണിക്കുകയും അവനെ സ്തുതിക്കുകയും ചെയ്യുക ആരാധനയാണ്. ആരാധനയുടെ രണ്ടാമത്തെ ഭാഗം നിസ്കാരമനുഷ്ഠിക്കുക എന്നതാണ്.

ഏതോ ഒരു നവാബുണ്ടായിരുന്നു. അയാൾ സുബ്ഹി നമസ്കാരത്തിന് ഉണരുമായിരുന്നില്ല. ഒരു മൗലവി അദ്ദേഹത്തെ ഉപദേശിച്ചു. അപ്പോൾ അദ്ദേഹം തന്റെ പരിചാരകനോട്, സുബ്ഹിക്ക് തന്നെ ഉണർത്തണമെന്ന് പറഞ്ഞു. പരിചാരകൻ രണ്ടുമൂന്ന് പ്രാവശ്യം അയാളെ ഉണർത്തി. ആദ്യം ഉണർത്തിയപ്പോൾ ഒരു ഭാഗത്തേക്ക് ചരിഞ്ഞു കിടന്നു. രണ്ടാമതുണർത്തിയപ്പോൾ മറുഭാഗത്തേക്ക് ചരിഞ്ഞുകിടന്നു. മൂന്നാമതും ഉണർത്തിയപ്പോൾ അയാൾ എഴുന്നേറ്റ് അവനെ അടിക്കുകയും, ദുഷ്ടാ! ഒരു പ്രാവശ്യം ഉണർത്തിയപ്പോൾ ഞാൻ ഉണർന്നില്ല. അതു കണ്ടപ്പോൾ ഉണരുകയില്ലെന്ന് നിനക്കറിയില്ലേ? പിന്നെന്തിനാണ് നീ വീണ്ടും ഉണർത്തിയത് എന്ന് ചോദിക്കുകയും മർദ്ദിക്കുകയും ചെയ്തു. അവന് ബോധം കെടുവോളം അയാൾ മർദ്ദിച്ചു.

അയാൾ തന്നെയാണ് മൗലവിയുടെ ഉപദേശം കേട്ടുകൊണ്ട് തന്നെ ഉണർത്തണമെന്ന് അവനോട് പറഞ്ഞത്. അങ്ങനെ ഉണർത്തിയപ്പോൾ ആ പാവത്തിന് അത് നാശമായി. ഇതിനു കാരണം സമ്പത്ത് കൈയിലുള്ളവൻ അല്ലാഹുവിനോടുള്ള കടമയെക്കുറിച്ച് വിചാരം ഇല്ലാത്തവിധം അശ്രദ്ധനായിത്തീരുന്നുവെന്നതാണ്. അധികവും അഹങ്കാരത്തിന്റെ അംശമാണ് സമ്പന്നരിലുള്ളത്. അക്കാരണത്താൽ അല്ലാഹുവിനെ ആരാധിക്കാൻ അവർക്ക് സാധിക്കുന്നില്ല. സൃഷ്ടികളെ സേവിക്കുക എന്ന രണ്ടാമത്തെ ഭാഗവും അവരിൽ നിന്നുണ്ടാകുന്നില്ല. സൃഷ്ടികളെ സേവിക്കുക എന്നതിന്റെ അവരുടെ അവസ്ഥ എന്താണെന്നുവച്ചാൽ, ഏതെങ്കിലും ഒരു സാധുമനുഷ്യൻ സലാം പറഞ്ഞാൽ അതും അവർക്ക് കുറച്ചിലാണ്. അപ്രകാരം തന്നെയാണ് സ്ത്രീകളുടേയും അവസ്ഥ. ഏതെങ്കിലും പ്രായംകുറഞ്ഞ സ്ത്രീ വന്നാൽ, പ്രായംകൂടിയവർക്ക് സലാം പറയേണ്ടതാണ്. അല്ലാഹുവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും ശരീഅത്തിന്റെ രണ്ടുഭാഗങ്ങളാണ്. നബി(സ) തിരുമേനി എത്രമാത്രം തന്റെ പ്രായം സേവനത്തിൽ കഴിച്ചുകൂട്ടിയിരുന്നുവെന്ന് നോക്കുക. ഹദ്റത്ത് അലി(റ)യുടെ അവസ്ഥ നോക്കൂ. കണ്ടംവച്ച് കണ്ടം വച്ച് തന്റെ വസ്ത്രത്തിൽ അതിന് സ്ഥലമില്ലാതായിത്തീർന്നിരുന്നു. ഹദ്റത്ത്

അബൂബക്കർ (റ) വൃദ്ധയായ ഒരു സ്ത്രീക്ക് സ്ഥിരമായി ഹൽവാ കൊടുക്കുമായിരുന്നു. അതെത്രമാത്രം കൃത്യനിഷ്ഠയോടെയായിരുന്നുവെന്ന് നോക്കുക. അദ്ദേഹം മരണപ്പെട്ടപ്പോൾ ആ വൃദ്ധ, അബൂബക്കർ മരിച്ചിരിക്കുന്നുവെന്ന് പറഞ്ഞു. നിങ്ങൾക്കെന്താ ഇൽഹാമോ വഹ്യോ ഉണ്ടായോ എന്ന് അയൽവാസികൾ അവരോടു ചോദിച്ചു. അവർ പറഞ്ഞു, ഇല്ല. ഇന്ന് ഹൽവായും കൊണ്ടുവന്നില്ല. അതുകൊണ്ട് മരിച്ചുപോയെന്ന് മനസ്സിലായി. അതായത്, അബൂബക്കർ ജീവിച്ചിരിപ്പുണ്ടെങ്കിൽ ഹൽവ കൊടുത്തയക്കാതിരിക്കുന്ന പ്രശ്നമേയില്ല. നോക്കുക, എങ്ങനെയുള്ള സേവനമായിരുന്നു അത്. ഇങ്ങനെ എല്ലാവരും സൃഷ്ടിസേവനം ചെയ്യേണ്ടതാണ്. ഒരു രാജാവ് വിശുദ്ധ ഖുർആൻ പകർത്തിയെഴുതി തന്റെ ജീവിതം കഴിച്ചിരുന്നു.

ഒരാളുടെ വസ്ത്രം ധരിച്ചതിലെ മോശം അവസ്ഥ കൊണ്ടോ മറ്റെന്തെങ്കിലും കാര്യത്തിലോ ആർക്കെങ്കിലും ആരോടെങ്കിലും വെറുപ്പുണ്ടെങ്കിൽ – അവരിൽനിന്ന് അകന്നുമാറാവുന്നതാണ്. മുഖത്തുനോക്കി പറയരുത്. അത് മനസ്സിനെ മുറിവേല്പിക്കലാണ്. മനസ്സിനെ മുറിപ്പെടുത്തൽ പാപമാണ്. ആരോടെങ്കിലുമൊപ്പമിരുന്ന് ഭക്ഷ ണം കഴിക്കാൻ മനസ്സുവരുന്നില്ലെങ്കിൽ മറ്റെന്തെങ്കിലും ഒഴികഴിവ് പറഞ്ഞ് മാറിപ്പോവുക. അല്ലാഹു പറയുന്നു:

*ലയ്സ അലയ്ക്കും ജുനാഹുൻ അൻ തഅ്കുലു ജമീഅൻ ഔ അശ്താത്താ (നിങ്ങൾ ഒരുമിച്ചോ വെവ്വേറെയോ ഭക്ഷണം കഴിക്കുന്നതിന് നിങ്ങൾക്ക് കുറ്റമില്ല* – 24:62)

എന്നാൽ അത് പ്രകടിപ്പിക്കുന്നത് നന്നല്ല. അല്ലാഹുവിനെ അന്വേഷിക്കുന്നുവെങ്കിൽ അനാഥരുടെ ഹൃദയത്തിന്റെ അടുത്തന്വേഷിക്കുക. ഇതുകൊണ്ടുതന്നെയാണ് നബിമാർ അനാഥരുടെ വസ്ത്രം അണിഞ്ഞിരുന്നത്. ഇപ്രകാരം തന്നെ വലിയ തറവാട്ടുകാർ ചെറിയ തറവാട്ടുകാരെ പരിഹസിക്കാതിരിക്കട്ടെ. തന്റെ കുടുംബം വലുതാണെന്നും ആരും പറയരുത്. തന്റെയടുക്കൽ നിങ്ങൾ വരുമ്പോൾ നിങ്ങളുടെ തറവാട് ഏതാണെന്ന് ചോദിക്കയില്ലെന്ന് അല്ലാഹു പറയുന്നു. ചോദിക്കുന്നത് നിങ്ങളുടെ കർമ്മം എന്തായിരുന്നുവെന്നാണ്. ഇപ്രകാരംതന്നെ നബി(സ) തിരുമേനി തന്റെ മകൾ ഫാത്വിമയോടു പറഞ്ഞു, 'ഫാത്വിമാ! അല്ലാഹു വ്യക്തിത്വത്തെക്കുറിച്ച് ചോദിക്കുകയില്ല. നീ ഏതെങ്കിലും ചീത്തക്കാര്യം ചെയ്താൽ റസൂലിന്റെ മകളാ,ണെന്ന് കരുതി അല്ലാഹു നിന്നോട് വിട്ടുവീഴ്ച ചെയ്യുകയില്ല. അതുകൊണ്ട് എപ്പോഴും നിന്റെ പ്രവൃത്തി വളരെ ശ്രദ്ധിച്ചുചെയ്യുക' ഏതെങ്കിലും ഒരു തോട്ടി നല്ല കാര്യം ചെയ്താൽ അവന് പൊറുക്കപ്പെടും. എന്നാൽ, സയ്യിദായിക്കൊണ്ട് ആരെങ്കിലും ചീത്തക്കാര്യം ചെയ്താൽ അവനെ നരകത്തിലിടുന്നതായിരിക്കും.

ഹദ്റത്ത് ഇബ്റാഹിം (അ) തന്റെ പിതാവിനുവേണ്ടി പ്രാർത്ഥിച്ചു. അത് സ്വീകരിക്കപ്പെട്ടില്ല. ഹദീഥിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഇബ്റാഹിം (അ) പുനരുത്ഥാനനാളിൽ പറയും, അല്ലാഹുവേ, എന്റെ പിതാവിനെ ഈ അവസ്ഥയിൽ കാണാൻ എനിക്ക് കഴിയുകയില്ല. എന്നിട്ടും അല്ലാഹു കയറുകൊണ്ട് കെട്ടി നിന്ദ്യതയോടുകൂടി നരകത്തിലേക്ക് വലിച്ചുകൊണ്ടുപോകും. (ഇത് കർമ്മം ചെയ്യാത്ത കാരണത്താലാണ്. അതിനാൽ നബിയുടെ ശിപാർശയും ഫലം ചെയ്തില്ല). കാരണം അയാൾ അഹങ്കരിച്ചു. നബിമാർ ദാരിദ്ര്യത്തെ സ്വീകരിച്ചു. ദാരിദ്ര്യത്തെ സ്വീകരിക്കുന്നവൻ എല്ലാവരേക്കാളും നല്ലവനായി നിലകൊള്ളും. നമ്മുടെ നബി(സ) ദാരിദ്ര്യത്തെ സ്വീകരിച്ചു.

ഏതോ ഒരു ക്രിസ്ത്യാനി നമ്മുടെ നബി(സ)യുടെയടുക്കൽ വന്നു. ആ പുണ്യാത്മാവ് അയാൾക്ക് നല്ലവണ്ണം ആതിഥ്യം നല്കി. അയാൾക്ക് നല്ലവണ്ണം വിശന്നിരുന്നു. അയാളെ നല്ലവണ്ണം തീറ്റി. അയാളുടെ വയർ വല്ലാതെ നിറഞ്ഞു. രാത്രിയിൽ തന്റെ പുതപ്പ് പുതക്കാൻ കൊടുത്തു. ഉറക്കത്തിൽ വളരെ ശക്തമായ വയറിളക്കം അയാൾക്കുണ്ടായി. അയാൾക്കത് തടുത്തു നിറുത്താൻ കഴിഞ്ഞില്ല. പുതപ്പിൽ ത്തന്നെ സാധിച്ചുപോയി. 'രാവിലെ തന്റെ അവസ്ഥ കാണുമ്പോൾ തന്നോട് വെറുപ്പുണ്ടാകുമെന്ന്' അയാൾ കരുതി. നാണക്കേടോർത്ത് അയാൾ എഴുന്നേറ്റുപോയി. ഇതുകണ്ടവർ നബിയോട് പറഞ്ഞു. കഴുകി വൃത്തിയാക്കാൻ അത് തനിക്ക് വിട്ടുതരാൻ ആ പുണ്യാത്മാവ് പറഞ്ഞു. അങ്ങ് എന്തിനാണ് ബുദ്ധിമുട്ടുന്നതെന്ന് അവർ ചോദിച്ചു. തങ്ങളത് കഴുകിക്കൊള്ളാമെന്നും അറിയിച്ചു. നബി (സ) പറഞ്ഞു: 'അയാൾ എന്റെ അതിഥിയായിരുന്നു. അതുകൊണ്ട് ഞാൻ തന്നെ വൃത്തിയാക്കണം.' അങ്ങനെ വെള്ളം വാങ്ങി സ്വയം കഴുകാൻ തുടങ്ങി. ഒരു മൈൽ അപ്പുറം ചെന്നപ്പോഴാണ് തന്റെ സ്വർണ്ണകുരിശ് കട്ടിലിൽ മറന്നുവച്ചത് അയാൾ ഓർത്തത്. അതുകൊണ്ട് അയാൾക്ക് മടങ്ങിവരേണ്ടിവന്നു. താൻ വൃത്തികേടാക്കിയ പുതപ്പ് സ്വന്തം കൈകൊണ്ട് നബി തിരുമേനി വൃത്തിയാക്കുന്നതാണ്

അയാൾ കണ്ടത്. അയാൾ ലജ്ജിച്ചു. താനായിരുന്നെങ്കിൽ ഒരിക്കലും അത് കഴുകുമായിരുന്നില്ലെന്ന് അയാൾ പറഞ്ഞു. ഇത്രമാത്രം നിസ്വാർത്ഥനായ ആൾ അല്ലാഹുവിൽ നിന്നുള്ള ആളുതന്നെയായിരിക്കുമെന്ന് അയാൾക്ക് ബോധ്യമായി. അയാൾ മുസ്‌ലിമാകുകയും ചെയ്തു.

നബി(സ) തിരുമേനി വഴിയിൽ ആൺകുട്ടികളെ കാണുമ്പോൾ താൻ അവരുടെ പിതാവാണെന്ന് അവർക്ക് തോന്നുംവിധം വാത്സല്യത്തോടെ അവരോട് പെരുമാറിയിരുന്നു.

മറ്റു സ്ത്രീകളെ നിന്ദാദൃഷ്ടിയോടെ നോക്കരുതെന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു. പുരുഷന്മാരും അങ്ങനെ ചെയ്യാൻ പാടില്ല. കാരണം അത് മനസ്സ് വേദനിപ്പിക്കുന്ന കാര്യമാണ്. ചെയ്താൽ അവരോട് അല്ലാഹു കാരണം ചോദിക്കുന്നതാണ്. ഇത് വളരെ മോശപ്പെട്ട സ്വഭാവമാണ്. ഇങ്ങനെ പരിഹസിക്കൽ അല്ലാഹു വളരെ മോശമായി കാണുന്നു. എന്നാൽ, മനസ്സിനെ വേദനിപ്പിക്കാത്ത കാര്യങ്ങൾ അനുവദിക്കുകയും ചെയ്തു. കഴിയുന്നിടത്തോ ളം ഇത്തരം കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയാണ് വേണ്ടത്. അങ്ങനെ പ്രവർത്തിക്കുന്നവർക്ക് എങ്ങനെയുള്ള ശിക്ഷയാണ് നല്കുന്നതെന്ന് അല്ലാഹു പറയുന്നു:

"എന്റെ കല്പനകളെ അംഗീകരിക്കാത്തവനെ ഏറ്റവും മോശപ്പെട്ട രീതിയിൽ ഞാൻ നരകത്തിൽ ഇടുകയും അവസാനം നരകം നിങ്ങളുടെ സങ്കേതമായിരിക്കുകയും ചെയ്യും." (79:38-40)

"ആരാണോ എന്റെ കോടതിയുടെ ന്യായപീഠത്തിനു മുന്നിൽ നില്ക്കുന്നതിനെ ഭയപ്പെടുകയും ഗൗനിക്കുകയും ചെയ്യുന്നത് ഞാൻ അവന്റെ സങ്കേതം സ്വർഗ്ഗമാക്കുന്നതാണ്" (79:41, 42). വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

ഈ അദ്ധ്യായം (80:2-5) ഇറങ്ങാൻ കാരണം ഇതാണ്. നബി(സ) തിരുമേനിയുടെ അടുത്ത് ഖുറൈശികളിലെ ചില പ്രമുഖ വ്യക്തികൾ ഇരുന്നിരുന്നു. അവിടന്ന് അവരെ ഉപദേശിക്കുകയായിരുന്നു. അപ്പോൾ ഒരു അന്ധൻ വന്നു. തനിക്ക് ദീനിന്റെ കാര്യങ്ങൾ പറഞ്ഞുതരാൻ ആവശ്യപ്പെട്ടു. നബി(സ)തിരുമേനി അയാളോട് ക്ഷമിക്കാൻ പറഞ്ഞു. അപ്പോൾ അല്ലാഹു വളരെ ദ്വേഷപ്പെട്ടു. അവസാനം നബി(സ) അയാളുടെ വീട്ടിൽ പോകുകയും അയാളെ വിളിച്ചുകൊണ്ടുവന്ന് ചാദുർ വിരിച്ച് അതിലിരിക്കാൻ പറയുകയും ചെയ്തു. ഞാനെങ്ങനെയാണ് അങ്ങയുടെ ചാദുറിൽ ഇരിക്കുക? എന്ന് അയാൾ ചോദിച്ചു. എന്തിനാണ് നബി ആ ചാദുർ വിരിച്ചത്? അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതിനു വേണ്ടിമാത്രം! അഹങ്കാരവും ഉപദ്രവവും മോശമായ കാര്യമാണ്. എഴുപത് വർഷം ചെയ്ത കർമ്മങ്ങൾ നിസ്സാരകാരണത്താൽ നിഷ്ഫലമായിപ്പോകുന്നു. ഒരു ഭക്തനുണ്ടായിരുന്നു. അയാൾ മലയിലാണ് വസിച്ചിരുന്നത്. ദീർഘകാലമായി അവിടെ മഴ ഉണ്ടായിരുന്നില്ല. ഒരു ദിവസം മഴ പെയ്തു. അത് കല്ലുകളിലും കട്ടകളിലുമാണ് പെയ്തത്. അപ്പോൾ അയാൾ മനസ്സിൽ ആക്ഷേപിച്ചു. ജലത്തിന്റെ അത്യാവശ്യം വയലുകളിലും തോട്ടങ്ങളിലുമായിരുന്നു. ഇതെന്താണ് കല്ലുകളിൽ പെയ്തത്? ഇത് വയലുകളിൽ പെയ്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. അതോടുകൂടി അല്ലാഹു അയാളുടെ വലിയ്യ് എന്ന സ്ഥാനം പിൻവലിച്ചു. അയാൾ അതീവദുഃഖിതനായി. മറ്റൊരു മഹാത്മാവിന്റെ സഹായം തേടി. നീയെന്തിനാണ് ആക്ഷേപിച്ചത്? നിന്റെ ഈ തെറ്റു കാരണത്താലാണ് കോപമുണ്ടായതെന്ന് അയാൾക്ക് സന്ദേശം ലഭിച്ചു. തന്റെ കാലിൽ കയറുകെട്ടി കല്ലുകളിലൂടെ വലിച്ചുകൊണ്ടുപോകാൻ അയാൾ ആരോടോ പറഞ്ഞു. എന്തിനാണ് അങ്ങനെ ചെയ്യുന്നതെന്ന് അയാൾ ചോദിച്ചു. ആ ഭക്തൻ പറഞ്ഞു: 'ഞാൻ പറയുന്നത് നീ കേൾക്കുക'. അവസാനം അയാൾ അങ്ങനെതന്നെ ചെയ്തു. കല്ലുകളിലൂടെ വലിച്ചുകൊണ്ടുപോയ കാരണത്താൽ അയാളുടെ രണ്ട് കാലുകളിലേയും തൊലി ഊർന്നുപോയി. അപ്പോൾ മതിയാക്കുക. ഞാൻ മാപ്പാക്കിയിരിക്കുന്നു' എന്ന് അല്ലാ ഹു പറഞ്ഞു. നോക്കൂ. ആളുകൾ എത്രയെത്ര ആക്ഷേപമാണ് ഉന്നയിക്കുന്നത്. മഴ അല്പം കൂടിയാൽ പറയുന്നു. ഞങ്ങളെ മുക്കിക്കൊല്ലാൻ പോകുന്നെന്ന്, അല്പം വൈകിയാൽ പറയുന്നു. ഞങ്ങളെ കൊല്ലാൻ പോകുന്നതെന്ന് ഈ ആ ക്ഷേപം എത്രമാത്രം മോശമാണ്.

തഖ്‌വ അഥവാ ഈശ്വരഭക്തി എങ്ങനെയാണ് കളഞ്ഞുപോയതെന്ന് നോക്കുക. ഒന്നോ രണ്ടോ അണ വഴിയിൽ കിടക്കുന്നത് കണ്ടാൽ അത് ചാടി എടുക്കുന്നു. അതാരോടും പറയുകയില്ല. വാസ്തവത്തിൽ എല്ലാവരോടും പറയുകയും ആളെ കണ്ടുകിട്ടിയാൽ അയാൾക്കത് കൊടുക്കുകയും ചെയ്യുക എന്നതായിരുന്നു തഖ്‌വ. പിന്നീട് പറയുന്നു മഴ ഉണ്ടാകുന്നില്ലെന്ന്. മഴ എങ്ങനെ ഉണ്ടാകാനാണ്? ഒരുപാട് പാപങ്ങൾ അല്ലാഹു മാപ്പാക്കുന്നു. കൂടുതൽ മഴയുണ്ടായാൽ ബഹളം വയ്ക്കുന്നു. വെയില് കൂടുതലായാൽ അപ്പോഴും ബഹളം ഉണ്ടാക്കുന്നു. ●

**വിവ: മൗലവി മുഹമ്മദ് ഇസ്മായിൽ**

ചോദ്യോത്തരം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
ഖലീഫത്തുൽ മസീഹ് IV

# സംഗീതം ഇസ്‌ലാമിൽ അനുവദനീയമാണോ?

## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദി(റഹ്)ന്റെ ചോദ്യോത്തരപരിപാടിയിൽ നിന്ന്

***ചോദ്യം: ഞാനറിയുന്ന ഒരാൾക്ക് സംഗീതം ശ്രവിക്കുന്ന ഒരു ദുസ്വഭാവമുണ്ട്. എന്റെ ചോദ്യമിതാണ്: സംഗീതത്തിന് ഇസ്‌ലാമിലുള്ള സ്ഥാനമെന്താണ്?***

***ഉത്തരം : ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്):*** താങ്കൾ ദുസ്വഭാവമെന്ന് വിളിക്കുന്നത് ഏത് അളവിലുള്ള സ്വഭാവമെന്നതിനേയും സം ഗീതത്തിന്റേയും പ്രകൃതിയേയും ആശ്രയിച്ചിരിക്കുന്നു. സംഗീതം മുഴുവനും മോശമാണെന്ന് പറഞ്ഞുകൂടാ. വീഞ്ഞു പോലും മൊത്തത്തിൽ മോശമാണെന്ന് വിശുദ്ധ ഖുർആൻ പറഞ്ഞിട്ടില്ല. തത്ത്വത്തിൽ മോശമായി വിവരിക്കപ്പെട്ടിരിക്കുന്നത്, അത്യധികമായോ 50%ത്തിൽ കൂടുതലോ ദോഷകരമാണെങ്കിൽ അത് ഉപേക്ഷിക്കണമെന്നും 50% ത്തിൽ താഴെ മോശമായ വസ്തുക്കളുടെ നല്ല വശം ഉപയോഗപ്പെടുത്തണമെന്നും മോശവശം തിരസ്കരിക്കണമെന്നുമാണ്. സംഗീതം പറ്റേ നിരോധിക്കപ്പെടുകയോ ഉപാധികളില്ലാതെ അനുവദിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനി മദീനയിലേക്ക് നടന്നുവരുമ്പോൾ മദീനയിലെ സ്ത്രീകൾ അദ്ദേഹത്തെ സ്വീകരിക്കാൻ സ്വാഗതഗാനം ആലപിക്കുകയും കൂടാതെ 'ദഫ്ഫ്' മുട്ടുകയും ചെയ്തിരുന്നുവെന്ന കാര്യം നമുക്കറിയാവുന്നതാണല്ലോ. അറബികളുടെ ഇടയിൽ ഒരു തരം സംഗീതമായിരുന്നു അത്. അത് സംഗീതമായിരുന്നില്ലെന്ന് ആർക്കും പറയാൻ സാധ്യമല്ല. പക്ഷേ, പാട്ടുപാടി തിമർത്തുല്ലസിക്കാനും ഗാനമേള നടത്താനും സംഗീതത്തിൽ മുഴുകിയിരിക്കാനും നമ്മുടെ മക്കളെ അനുവദിക്കുക എന്നതായിരുന്നില്ല നബി തിരുമേനി (സ)യുടെ സുന്നത്ത്. അതവരുടെ സ്വഭാവവുമായിരുന്നില്ല. പകരം അവർ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതും വലിയ വലിയ കവികളുടെ നല്ലതും അർത്ഥപൂർണ്ണവുമായ കവിതകൾ ചൊല്ലുന്നതും ആസ്വദിച്ചിരുന്നു. ക്രമേണ അവരുടെ അഭിരുചി വികസിക്കുകയും പദ്യങ്ങളിൽ നിന്ന് വിശുദ്ധ ഖുർആനിലേക്ക് മാറുകയും ചെയ്തു. നിങ്ങളുടെ അഭിരുചിയുടെ ഗുണം നന്നായിത്തീരാൻ കുറച്ചു ക്ഷമിക്കേണ്ടതാവശ്യമായിരുന്നു. ഇതല്ലാതെ ചില കാര്യങ്ങൾ ഉപേക്ഷിക്കുകയെന്നത് ക്രൂരതയായിരിക്കും.

ഇത്തരം കാര്യങ്ങൾ അഭിരുചിയുടെ പ്രശ്നമാണ്. എന്നാൽ മറ്റു ചില കാര്യങ്ങളിൽ നിരോധനത്തിന് യാതൊരു വിട്ടുവീഴ്ചയുമില്ല. വീഞ്ഞ് കുടിക്കുന്നത് നിർത്തുന്നതിന് മുമ്പേ എനിക്ക് വെള്ളത്തോടുള്ള അഭിരുചി നന്നാക്കിയെടുക്കേണമെന്ന് നിങ്ങൾക്ക് പറയാൻ സാദ്ധ്യമല്ല. വീഞ്ഞ് നിരോധിക്കപ്പെട്ടതായതിനാൽ അത് നിങ്ങൾക്കനുവദനീയമല്ല. നിരോധിക്കപ്പെട്ടത് നിരോധിക്കപ്പെട്ടതുതന്നെയാണ്. പക്ഷേ, സംഗീതം ഈ വകുപ്പിൽ വരുന്നില്ല. ആ സ്വഭാവത്തിൽ നിന്ന് ക്രമേണ മുക്തരാവാൻ നിങ്ങൾക്ക് ബുദ്ധിപൂർവ്വകമായ സമീപനം

*(ശേഷം 16- ൽ)*

ലേഖനം

ശീറാസ് അഹ്മദ്

# ഖലീഫത്തുൽ മസീഹ് അഹ്മദി വിദ്യാർത്ഥികളോട്

**ഖലീഫത്തുൽ മസീഹ് വിദ്യാർത്ഥികളോട് ചെയ്ത ഉപദേശങ്ങൾ ക്രോഡീകരിച്ചതാണ് ഈ ലേഖനം. ലേഖകൻ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വിദ്യാഭ്യാസവകുപ്പിന്റെ ദേശീയ മേലദ്ധ്യക്ഷനാണ്.**

1. വിദ്യാഭ്യാസം തങ്ങളുടെ ഇസ്‌ലാമിക ബാദ്ധ്യതയാണെന്ന ബോധത്തോടെ ഏറ്റവും ഉന്നതമായ സ്ഥാനം ലക്ഷ്യം വെച്ചുകൊണ്ടായിരിക്കണം ഏതൊരു അഹ്മദി വിദ്യാർത്ഥിനീ വിദ്യാർത്ഥിയും വിദ്യാഭ്യാസം ചെയ്യേണ്ടത്. വിദ്യാഭ്യാസം മുഖേന ലഭിക്കുന്ന അറിവ് മാനവരാശിയുടെ സേവനത്തിന് വേണ്ടി വിനിയോഗിക്കുകയും വേണം.

2. ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഭാവിയിൽ നല്ല വിദ്യാഭ്യാസമില്ലാതെ ഒരാൾക്ക് നിലനിൽപ്പ് സാധ്യമല്ല.

3. ഇസ്‌ലാം പ്രചരിക്കാൻ ഉന്നത വിദ്യാഭ്യാസം വളരെ സഹായകമാണ്. കാരണം, അഭ്യസ്തവിദ്യരായ ആളുകൾ പറയുന്നത് ജനങ്ങൾ ശ്രദ്ധിക്കുന്നു. അഹ്മദികൾ മതബോധമുള്ളവരും, സാത്വികരും വിദ്യാസമ്പന്നരുമാണെങ്കിൽ ജനങ്ങൾ അവരിലേക്ക് ആകൃഷ്ടരാകും. മതത്തിന്റെ നന്മക്ക് വേണ്ടി ഭൗതികവിദ്യാഭ്യാസം നേടുകയാണെങ്കിൽ ഭൗതികവിദ്യാഭ്യാസവും മതവിദ്യാഭ്യാസമായിത്തീരുമെന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു.

4. വിദ്യാഭ്യാസം എന്നത് കുട്ടികളുടെ അവകാശമാണ്. വിദ്യാഭ്യാസമുള്ളവരോ ഇല്ലാത്തവരോ ആയ രക്ഷിതാക്കൾ കുട്ടികളുടെ വിദ്യാഭ്യാസത്തിന് വളരെയേറെ പ്രാധാന്യം നൽകേണ്ടതാണ്. അഹ്മദികൾ രാജ്യത്തെ ഏറ്റവും ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവരും വൈജ്ഞാനിക നായകന്മാരുമായിത്തീരണം.

5. രക്ഷിതാക്കന്മാർ മതപരമായ വിദ്യാഭ്യാസത്തിന്നും ഭൗതികവിദ്യാഭ്യാസത്തിനും ഒരുപോലെ പ്രാധാന്യം നൽകണം. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ എല്ലാ അഹ്മദി വിദ്യാർത്ഥിനീ വിദ്യാർത്ഥികളും മത്സരബുദ്ധിയോടെയായിരിക്കണം മുന്നേറേണ്ടത്.

6. അഹ്മദി വിദ്യാർത്ഥിനി വിദ്യാർത്ഥികൾ കഠിനാദ്ധ്വാനം ചെയ്തു പഠിച്ചാൽ ഭാവിയിലെ രാജ്യത്തിന്റെ ഭരണഭാരം അവരുടെ കൈകളിലായിത്തീരും. അതുകൊണ്ട് അഹ്മദി വിദ്യാർത്ഥികൾ അവരുടെ സമയം ഒരിക്കലും പാഴാക്കിക്കളയരുത്. വിദ്യാഭ്യാസത്തിൽ പൂർണ്ണശ്രദ്ധ ചെലുത്തണം. അനാവശ്യകാര്യങ്ങളിൽ സമയം ചെലവഴിക്കുന്നത് ഒഴിവാക്കണം. ഇതിൽ രക്ഷിതാക്കന്മാരുടെ ശ്രദ്ധയുണ്ടായിരിക്കണം.

7. അഹ്മദി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസലക്ഷ്യം അത്യുന്നതമായിരിക്കണം. ചിന്തയും ഉന്നതമായിരിക്കണം. അവർ പ്രാർത്ഥിക്കുകയും കഠിനമായി പ്രയത്നിക്കുകയും വേണം. സമയം ഒരിക്കലും കളയരുത്. പരീക്ഷകളിൽ 80 ശതമാനമോ അതിലധികമോ മാർക്ക് നേടുന്നവരായിരിക്കണം. ബോർഡ് പരീക്ഷകളിലും യൂണിവേഴ്സിറ്റി പരീക്ഷകളിലും ആദ്യത്തെ പത്ത് സ്ഥാനങ്ങളിലേതെങ്കിലും അവർ കരസ്ഥമാക്കിയിരിക്കണം.

8. അഹ്മദി പെൺകുട്ടികൾ ഭൗതികവിദ്യാഭ്യാസം നേടുമ്പോൾ പർദയെക്കുറിച്ചും വസ്ത്രധാരണത്തെക്കുറിച്ചുമുള്ള ഖുർആന്റേയും റസൂൽ തിരുമേനി(സ)യുടേയും കല്പനകൾ കർശനമായി പാലിക്കണം. അഹ്മദി പെൺകുട്ടികൾ ജിയോളജി (ഭൗമശാസ്ത്രം) മുതലായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. കാരണം, ആ കോഴ്സുകൾ എടുത്താൽ ടൂറിന് പോകേണ്ടിവരും. അഹ്മദി പെൺകുട്ടികൾ വിവാഹപ്രായമായാൽ

വിവാഹിതരാവേണ്ടതാണ്. അതിനുശേഷം അവർക്ക് തുടർന്ന് പഠിക്കാവുന്ന താണ്.

9. വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ അതാത് ദിവസത്തെ അവരുടെ വിഷയങ്ങൾ ദിവസവും വീട്ടിൽ നിന്ന് വീണ്ടും ആവർത്തിച്ച് പഠിക്കുകയും ഗൃഹപാഠം ചെയ്യേണ്ടതുമാണ്. 10-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾ ചുരുങ്ങിയത് 4 മണിക്കൂർ ദിവസവും വീട്ടിൽ നിന്ന് പഠിക്കണം. ഹയർ സെക്കണ്ടറിയിലും അതിനു പുറമെയുമുള്ള വിദ്യാർത്ഥികൾ 6 മണിക്കൂർ വീട്ടിൽ നിന്ന് പഠിക്കണം. വിദ്യാർത്ഥികൾ ക്ലാസ് റൂമിലും വീട്ടിലുമടക്കമുള്ള പഠനസമയം യഥാക്രമം അമേരിക്കയിൽ 14 മണിക്കൂറും യൂറോപ്പിൽ 13 മണിക്കൂറും റഷ്യയിൽ 12 മണിക്കൂറുമാണ്.

10. അഹ്മദി വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ സ്കൂളിലും കോളേജിലും അഹ്മദി എന്ന നിലക്കുള്ള യഥാർത്ഥ ഇസ്‌ലാമിന്റെ വ്യക്തിത്വമുള്ളവരായിരിക്കണം. ഇന്ന് വിദ്യാർത്ഥികൾ മതബോധം രണ്ടാംതരമായി കാണുന്നു. എന്നാൽ അഹ്മദി വിദ്യാർത്ഥികൾ യഥാർത്ഥ ഇസ്‌ലാം മതത്തിന്റെ സന്ദേശവാഹകരായിരിക്കണം. ജീവിതത്തിന്റെ എല്ലാ രംഗത്തും അവർ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ പാലിക്കണം. അഹ്മദി വിദ്യാർത്ഥികൾ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഇസ്‌ലാമിക മാതൃകകളായിരിക്കണം.

11. ദൈവത്തിന്റെ അനുഗ്രഹത്തെ സംബന്ധിച്ച് അഹ്മദി വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ എപ്പോഴും നന്ദിയുള്ളവരായിരിക്കണം. അവർ ഖുർആനിൽ നിന്നും ഫലമെടുക്കുന്നവരുമായിരിക്കണം. അവർ അഞ്ച് നേരം നിസ്കരിക്കണം. അല്ലാഹു പറയുന്നു: നിസ്കാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ആരാണോ അഞ്ച് നേരവും നിസ്കരിക്കുന്നത് അവരെ അല്ലാഹു സംരക്ഷിക്കും. അല്ലാഹുവിന്റെ ഈ സംരക്ഷണ വാഗ്ദാനത്തിൽ നിന്ന് അഹ്മദി വിദ്യാർത്ഥികൾ ഫലമെടുക്കണം.

12. മതവിജ്ഞാനവും അഹ്മദി വിദ്യാർത്ഥികൾ മികവുറ്റ രീതിയിൽ അഭ്യസിക്കണം. അല്ലാഹുവുമായും ജമാഅത്തുമായും ബന്ധപ്പെടണം. അഹ്മദി വിദ്യാർത്ഥികളെ കാണുമ്പോൾ വളരെ ചെറുപ്രായത്തിൽത്തന്നെ സൽസ്വഭാവവും ദൈവഭക്തിയും ആർജിച്ചവരാണെന്ന്. അവരെ കാണുന്ന മറ്റുള്ളവർ പറയുമാറാകണം. രാജ്യത്തിനും സമൂഹത്തിനും വേണ്ടി അവർ സേവന സന്നദ്ധരാണെന്നും ഇത്തരം വിദ്യാർത്ഥികളെക്കൊ ണ്ടാണ് രാജ്യം പുരോഗമിക്കുന്നതെന്നും മറ്റുള്ളവർ പറയണം.

13. മറ്റുള്ളവർക്ക് നന്മ ചെയ്യുമെന്ന (രാജ്യത്തേയും സമൂഹത്തേയും സേവിക്കുമെന്ന്) ഉദ്ദേശ്യത്തോടെ പഠിക്കുകയും അതോടൊപ്പം അല്ലാഹുവിനെ ആരാധിക്കുകയും ചെയ്താൽ അല്ലാഹു നിങ്ങളുടെ വിഷയങ്ങൾ വളരെ എളുപ്പമാക്കിത്തരും.

14. അഹ്മദി വിദ്യാർത്ഥിനീ വി ദ്യാർത്ഥികൾ ദിവസവും വാഗ്ദത്ത മസീഹി(അ)ന്റെ പുസ്തകങ്ങളും, പൊതുവിജ്ഞാനവും, പത്രങ്ങളും, മാഗസിനുകളും വായിക്കണം. മനഃശാസ്ത്രപുസ്തകങ്ങൾ, സയന്റിഫിക് അമേരിക്ക, ന്യൂസയിന്റിസ്റ്റ്, നാഷനൽ ജിയോഗ്രഫി മുതലായ ശാസ്ത്ര മാസികകളും വായിക്കണം.

15. സിലബസിലില്ലാത്ത പുറമെയുള്ള പുസ്തകങ്ങളും അഹ്മദി വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ വായിക്കണം.

16. അഹ്മദി വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ യാതൊരു കോംപ്ലക്സുമില്ലാതെ അഹ്മദിയ്യത്തിനെക്കുറിച്ച് സഹപാഠികളോട് സംസാരിക്കണം. അവർ തങ്ങളുടെ സഹപാഠികളോട് ഇസ്‌ലാമിന്റെ സൗന്ദര്യത്തെക്കുറിച്ച് പറയണം. അഹ്മദി വിദ്യാർത്ഥികളുടെ പെരുമാറ്റം മറ്റു കുട്ടികളിൽ നിന്ന് വിഭിന്നമായിരിക്കണം. അവരുടെ സ്വഭാവഗുണം മറ്റുള്ളവരിൽ ആകർഷണവും ആദരവുമുണ്ടാക്കണം. ആൺകുട്ടികൾ ആൺകുട്ടികളോടും പെൺകുട്ടികൾ പെൺകുട്ടികളോടും ഇസ്‌ലാമിന്റെ ഉന്നതമൂല്യത്തെക്കുറിച്ചും അദ്ധ്യാപനങ്ങളെക്കുറിച്ചും സംസാരിക്കണം.

17. വിദ്യാർത്ഥികൾ തങ്ങളുടെ ബാഗിൽ അഹ്മദിയ്യാ സാഹിത്യങ്ങൾ സൂക്ഷിക്കണം. ഒഴിവുസമയങ്ങളിൽ അത് വായിക്കുകയും സഹപാഠികൾക്കിടയിൽ ഉചിതജ്ഞതയോടെ വിതരണം ചെയ്യുകയും വേണം.

18. അഹ്മദി വിദ്യാർത്ഥികൾ അവരുടെ അദ്ധ്യാപകർക്കും പ്രൊഫസർമാർക്കും ഇസ്‌ലാം മതതത്ത്വജ്ഞാനം, വെളിപാട് യുക്തി ജ്ഞാനം സത്യം എന്നീ പുസ്തകങ്ങൾ നൽകണം.

19. അഹ്മദി വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റികളിൽ വിവിധ ഇസ്‌ലാമിക വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകൾ സംഘടിപ്പിക്കണം. സ്റ്റുഡൻസ് അസോസിയേഷനുകളുണ്ടാക്കി മറ്റു വിദ്യാർത്ഥികളെയും സെമിനാറുകളിൽ പങ്കെടുപ്പിക്കണം.

20. കോളേജുകളിലും യൂണിവേഴ്സിറ്റികളിലും മതാന്തര സൗഹൃദസംവാദങ്ങൾ സംഘടിപ്പിക്കണം. അത് വഴി അമുസ്‌ലിംകളുമായും അനഹ്മദി മുസ്‌ലിംകളുമായും സൗഹൃദം സ്ഥാപിക്കാൻ കഴിയും. അഹ്മദി

വിദ്യാർത്ഥി സമാജങ്ങൾ വിവിധ വിഷയങ്ങളെപറ്റി ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ചുകൊണ്ടും ചോദ്യോത്തര വേദികൾ സംഘടിപ്പിച്ചും വിജ്ഞാന വർദ്ധനവിന് വിവിധ വിഷയങ്ങളെ അധികരിച്ചുകൊണ്ടുള്ള പ്രഭാഷണങ്ങൾ സംഘടിപ്പിച്ചും ഖുർആനും ശാസ്ത്രവുമായുള്ള ബന്ധത്തെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധമുണ്ടാക്കണം.

21. പരീക്ഷാഹാളിൽ പരീക്ഷ എഴുതാൻ ആരംഭിക്കുന്നതിന് മുമ്പ് അഹ്മദി വിദ്യാർത്ഥികൾ കൈയുയർത്തി അല്ലാഹുവിനോട് പ്രാർത്ഥിക്കണം.

22. വിശുദ്ധ ഖുർആനെക്കുറിച്ച് അഗാധമായി ചിന്തിക്കാൻ അഹ്മദി വിദ്യാർത്ഥികൾ സ്വയം സജ്ജമാവണം. ഖുർആനിൽ നിന്നും ഗവേഷണ സമ്പ്രദായം അവർ പഠിക്കണം. അവരുടെ ശാസ്ത്രജ്ഞാനം അവരെ സഹായിക്കുന്നു. പ്രൊഫ. അബ്ദുസ്സലാം സാഹിബ് (നോബൽ സമ്മാനജേതാവായ അഹ്മദി) അഗാധമായി ഖുർആനെ സംബന്ധിച്ച് ചിന്തിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഖുർആനിക ജ്ഞാനം വലിയ തോതിൽ വർദ്ധിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ശാസ്ത്രജ്ഞാനത്തിന് ഇത് ഉപകാരപ്രദമായി ഭവിക്കുകയും ചെയ്തു. അഹ്മദി വിദ്യാർത്ഥികൾ പ്രൊഫ: അബ്ദുസ്സലാമിനെ മാതൃകയാക്കി ലക്ഷ്യബോധത്തോടെ പ്രവർത്തിക്കണം. ഈ മേഖലയിൽ ഇന്ത്യ മുഴുവനും സെക്രട്ടറി, തഅ്ലീം വളരെ ഊർജ്ജസ്വലമായി പ്രവർത്തിക്കണം. അപ്രകാരം ഖുദ്ദാമുൽ അഹ്മദിയ്യായും (യുവജനസംഘടന) ലജ്നാ ഇമായില്ലായും (മഹിളാസംഘടന) ഇക്കാര്യത്തിൽ പ്രവർത്തനനിരതരായിക്കണം. ●

---

*(13-ൽ നിന്ന് തുടർച്ച)*

കൈക്കൊള്ളാവുന്നതാണ്.

പോപ്പ് സംഗീതത്തെ സംബന്ധിച്ചിടത്തോളം ജനങ്ങൾ അതെങ്ങനെയാണ് വെച്ചു പൊറുപ്പിക്കുന്നതെന്ന് എനിക്കറിയില്ല; അത് വെറും തികഞ്ഞ അസംബന്ധമാണ്. ഞാൻ സംഗീതത്തെ പറ്റേ അവഗണിക്കുന്നില്ല. എന്തെന്നാൽ ക്ലാസിക്കൽ സംഗീതത്തിന് മാഹാത്മ്യമുണ്ടായിരുന്നു. മനുഷ്യന് മനസ്സിലാവാത്ത രീതിയിൽ മനുഷ്യനിലെ ഏറ്റവും നല്ലത് അത് പുറത്തു കൊണ്ടുവന്നു. ഗാനരചയിതാക്കൾ കുലീനമനസ്കരായിരുന്നു. പ്രതിപാദ്യം ശോചനീയമാണെങ്കിൽ പോലും മറ്റുള്ളവർ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ചുള്ള വിവരം ശ്രോതാക്കളിൽ എത്തിക്കാൻ അവർ ആഗ്രഹിച്ചു. ജനതയുടെ പേരു പറയാതെയും കഥ വാക്കുകളിൽ പറയപ്പെടാതെയും അവർ ദുഃഖിതരായിത്തീർന്നു. സംഗീതം എല്ലാ കാര്യങ്ങളേയും മോചിപ്പിച്ചു. എന്തിനുവേണ്ടിയാണെന്നറിയാതെ അവർ ദുഃഖിതരായിത്തീരുകയും കരയാൻ തുടങ്ങുകയും ചെയ്തു. സംഗീതഹാളിൽ നിന്ന് പുറത്തുവന്നപ്പോൾ അവർ കൂടുതൽ കുലീന മനസ്കരായിത്തീർന്നു. അതിനാൽ, സംഗീതത്തിന് ഒരു ലക്ഷ്യമുണ്ട്, ഉദാത്തമായ ഒരു ലക്ഷ്യം.

എന്നാൽ പോപ്പ് സംഗീതം കേട്ട് ആളുകൾ ഹാൾ വിട്ടു പോകുന്നത് ഒരു തരം ഭ്രാന്തോടുകൂടിയാണ്. അവർക്ക് സ്വന്തമാക്കാൻ സാധിക്കാത്ത എന്തോ ഒന്നിനോട് അവർ അത്യാർത്തി കാണിക്കുന്നു. അതിനുവേണ്ടി അവർ ആളുകളെ കൊല്ലുന്നു; മയക്കുമരുന്നിന് വേണ്ടി മറ്റുള്ളവരെ കഷ്ടപ്പെടുത്തുന്നു. ആ കൃത്രിമമായ ചിത്തോല്ലാസത്തിന് കൂടുതൽ മയക്കുമരുന്നുകൾ ആവശ്യമായിവരുന്നു. അതിനാൽ ആധുനികമായ ഈ 'സംഗീതം' വിട്ടുവെച്ചേക്കുന്ന അഭിരുചി വളരെ ജുഗുപ്സാവഹവും തിന്മ നിറഞ്ഞതുമാണ്. ഇതിന്റെ സ്വാധീനത്തിന് വിധേയമാവുന്ന സമൂഹം കൂടുതൽ ജുഗുപ്സാവഹവും കൂടുതൽ കടിഞ്ഞാണില്ലാത്തതും പരമ്പരാഗതമായ മൂല്യങ്ങളിൽ കൂടുതൽ അശ്രദ്ധ കാണിക്കുന്നതുമായ അവസ്ഥയിലെത്തുന്നു. ഈ സംഗീതം വ്യക്തമായ തിന്മയും പാപം നിറഞ്ഞതുമാണ്.

എല്ലാ സംഗീതത്തേയും ഒരുപോലെ കരുതാൻ എനിക്ക് സാദ്ധ്യമല്ല. അതുകൊണ്ടാണ് നിങ്ങളുടെ കാര്യത്തിൽ കൂടുതൽ ബുദ്ധി ഉപയോഗിക്കണമെന്നും നല്ലതുമാത്രം തിരഞ്ഞെടുക്കണമെന്നും ഞാൻ പറഞ്ഞത്. വല്ലപ്പോഴും സംഗീതം കൊണ്ട് ഒന്ന് തുടച്ചു വൃത്തിയാക്കുന്നത് നരകാവകാശിയാകുന്ന ഒരേർപ്പാടല്ല, ഞാൻ നിങ്ങൾക്കുറപ്പുതരുന്നു. എന്നാൽ, വല്ലപ്പോഴും ഇങ്ങനെ ചെയ്യുന്നതുകാരണം നിങ്ങൾ അതിൽ തന്നെ ആകൃഷ്ടരായി, ഉന്നതമൂല്യങ്ങൾ ത്യജിക്കുകയും നിസ്കാരത്തിന് ഭംഗം വരുത്തുകയും ദൈവസ്മരണയിൽ നിന്ന് അകലുകയും ചെയ്യുകയാണെങ്കിൽ പിന്നെ, വ്യക്തമായും നിങ്ങൾ നഷ്ടകാരികളായിരിക്കും.

(The Review of Religions, Jan. 2010)

**വിവർത്തകൻ :**

**കെ.വി. ഹസ്സൻകോയ**

**കോഴിക്കോട്**

●

ഫൗസിയ ബാജ്‌വ, കനഡ

ലേഖനം

# ഇസ്‌ലാമിനുമേൽ കുത്തകാവകാശമോ?

**പാകിസ്താനിലെ ജമാഅത്തെ ഇസ്‌ലാമി നേതാവും വക്താവുമായ അമീറുൽ അസീം സാഹിബ്, ഉല്പന്നങ്ങൾക്ക് മേലുള്ള പാറ്റന്റ് പോലെ മതത്തിനും മതചിഹ്നങ്ങൾക്കും മേൽ കുത്തകാവകാശം തങ്ങൾക്കുണ്ടെന്നു വാദിക്കുകയുണ്ടായി. പ്രസ്തുത വാദത്തോടുള്ള പ്രതികരണമാണ് ഈ ലേഖനം.**

ഈയിടെ പാകിസ്താൻ ടെലിവിഷൻ സംപ്രേഷണം ചെയ്ത 'പോയിന്റ് ബ്ളാങ്ക്' എന്ന ന്യൂസ് ഷോയിൽ ജമാഅത്തെ ഇസ്‌ലാമി നേതാവ് അമീറുൽ അസീമിന്റെ അവകാശവാദം ശ്രദ്ധേയമായിരുന്നു. അഹ്മദികൾ മുസ്‌ലിമാണെന്ന് അവകാശപ്പെടുകയാണെങ്കിൽ അത് മറ്റു മുസ്‌ലിംകളുടെ ബൗദ്ധിക സ്വത്തവകാശ (ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റ്) നിയമത്തിന്റെ ലംഘനമായിരിക്കുമെന്നായിരുന്നു ടിയാന്റെ വാദം. കൊക്കക്കോള കമ്പനി അവരുടെ ഉത്പന്നങ്ങൾക്ക് ട്രേയ്ഡ് മാർക്ക് പാറ്റെൻറ് എടുത്തത് പോലെ മുഖ്യധാരാ മുസ്‌ലിംകൾക്ക് എല്ലാ ഇസ്‌ലാമിക ചിഹ്നങ്ങൾക്കും പേറ്റന്റ് ഉണ്ട് എന്നും ജമാഅത്തെ ഇസ്‌ലാമി നേതാവ് പറഞ്ഞു.(1)

ഈ ബൗദ്ധികസ്വത്തവകാശം മനുഷ്യബുദ്ധിയുടെ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ടതാണ്. അത്തരം മനുഷ്യസൃഷ്ടികളുടെ മേൽ അതിന്റെ കണ്ടുപിടിത്തക്കാരനോ രചയിതാവിനോ ബൗദ്ധിക സ്വത്ത് എന്ന നിലയിൽ അത് ഉപയോഗിക്കാൻ ഈ നിയമം അവകാശം നൽകുന്നു. ഇതിൽ നിന്ന് ബൗദ്ധിക സ്വത്തവകാശനിയമം മതചിഹ്നങ്ങൾക്കോ പ്രതീകങ്ങൾക്കോ മതഗ്രന്ഥങ്ങൾക്കോ ബാധകമാക്കാൻ സാധ്യമല്ലെന്ന് വ്യക്തമാണ്. ഇതെല്ലാം തന്നെ ദൈവത്തിന്റെ സൃഷ്ടികളാണ്, മനുഷ്യരുടേതല്ല. മിസ്റ്റർ അസീം അവകാശപ്പെടുന്നത് കലിമ (മുസ്‌ലിംകളുടെ വിശ്വാസപ്രഖ്യാപന വചനം), ഖുർആൻ, അപ്രകാരം മറ്റു ഇസ്‌ലാമിക ചിഹ്നങ്ങൾ എന്നിവക്കുമേൽ മുസ്‌ലിംകൾക്ക് കോപ്പി റൈറ്റ് ഉണ്ടെന്നാണ്. ഇതെല്ലാം തന്നെ ദൈവം സൃഷ്ടിച്ചതാണെന്ന് അസീം സാഹിബ് കരുതുന്നില്ലേ?

അഹ്മദികൾ മനുഷ്യനിർമ്മിതമായ ഒരു മതത്തിൽ വിശ്വസിക്കുകയോ ആ മതം ആചരിക്കുകയോ ചെയ്യുന്നില്ല. അവർ ദൈവത്തിന്റെ മതമാണ് വിശ്വസിക്കുന്നതും ആചരിക്കുന്നതും. അതുകൊണ്ട് അഹ്മദികൾ ബൗദ്ധിക സ്വത്തവകാശ നിയമം ലംഘിക്കുന്നുവെന്ന് അസീം സാഹിബ് ഭയപ്പെടേണ്ടതില്ല. അഹ്മദികൾ അവരുടെ മതത്തിന്റെ ബൗദ്ധിക ഉടമസ്ഥനായി മിസ്റ്റർ അസീമിനെ കാണുന്നില്ല. അദ്ദേഹത്തിന്റെ ഈ പമ്പര വിഡ്ഢിത്തപ്രഖ്യാപനം ഈ നിയമത്തിന്റെ കബളിപ്പിക്കലാണ്.

ലോക ബൗദ്ധിക സ്വത്തവകാശ സംഘടനയുടെ നിബന്ധനപ്രകാരം ഈ നിയമം താഴെ പറയുന്നവക്ക് വേണ്ടിയാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്.

1. ഉല്പാദകർക്കും സർഗ്ഗാത്മകരചനകളുടെ ഉപജ്ഞാതാക്കൾക്കും തങ്ങളുടെ ഉല്പന്നങ്ങളിൽ അല്ലെങ്കിൽ രചനകളിൽ നിന്നുമുള്ള സാമ്പത്തിക നേട്ടം നിയമപരമായി ഉറപ്പ് വരുത്താൻ.

2. സർഗ്ഗാത്മകതയും, ന്യായമായ വ്യാപരവും പ്രോത്സാഹിപ്പിക്കാനും അതിന്റെ പ്രചാരണത്തിനും.

മിസ്റ്റർ അസീം, ഇസ്‌ലാമിനെ സാമ്പത്തിക നേട്ടമുണ്ടാക്കുന്ന ഒരു ഉല്പന്നമായി കരുതുന്നുണ്ടോ?

അദ്ദേഹവും അദ്ദേഹത്തിന്റെ പരിവാരങ്ങളും വിശ്വസിക്കുന്നത് ഇസ്‌ലാം എന്നത് കൊക്കോകോള പോലെ തങ്ങൾക്ക് കുത്തകാവകാശമുള്ള ഒരു മനുഷ്യോൽപ്പന്നമാണെന്നാണ്. അത് ദൈവപ്രോക്തമല്ല എന്നും അവർ അർത്ഥമാക്കുന്നു. ആത്മീയമായ നേട്ടങ്ങളെക്കാൾ സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങളാണ് അവർ ഇത് മുഖേന ലക്ഷ്യം വെക്കുന്നത്. മതചിഹ്നങ്ങൾക്ക് ബൗദ്ധിക നിയമസംരക്ഷണം വേണമെന്ന് അവർ ആവശ്യപ്പെടുന്നത് വഴി വാണിജ്യത്തിന്നും കച്ചവടത്തിനും വിധേയമായ ഒരു ചരക്കിനെപ്പോലെ ഇസ് ലാം മതത്തെ അവർ കാണുകയാണ് ചെയ്യുന്നത്.

ബൗദ്ധിക സ്വത്തവകാശം രണ്ട് തരത്തിലുണ്ട്.

**1. ആശയങ്ങൾക്കും കണ്ടുപിടിത്തത്തിനും.**

ഇതിൽ പാറ്റൻറ് (കുത്തകാവകാശം) നിയമങ്ങളും ട്രേഡ് മാർക്ക് നിയമങ്ങളും ഉൾപ്പെടുന്നു. കണ്ടുപിടിച്ച ഔഷധങ്ങളും അതുപോലെ കൊക്കക്കോള ലോഗോയും ഇതിൽ ഉൾപ്പെടും.

**2. പ്രകടനരീതികൾ**

ഒരു ആശയം പ്രകടിപ്പിക്കുന്ന പ്രത്യേക രീതിയെയും പാറ്റൻറ് ചെയ്യാം. കോപ്പിറൈറ്റ് അവകാശങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നു. സാഹിത്യരചനകൾ, ഉപന്യാസങ്ങൾ, സംഗീത രചനകൾ മുതലായവ ഇതിലുൾപ്പെടുന്നു.

ജമാഅത്തെ ഇസ്‌ലാമി നേതാവ് അസീമിനോടുള്ള ചോദ്യമിതാണ്. മുസ്‌ലിം വിശ്വാസവും ഖുർആനും ഇസ്‌ലാമിക ചിഹ്നങ്ങളും മേൽപറഞ്ഞവയിൽ ഏത് വകുപ്പിലാണ് വരിക? അഹ്മദികളുടെ വിശ്വാസം ഇസ്‌ലാമും, ഖുർആനും, മുസ്‌ലിം ഉമ്മത്തും ഏതെങ്കിലും മനുഷ്യപ്രയത്നത്തിന്റെ ഫലമല്ല. അത് കൊണ്ട് അവ ബൗദ്ധിക സ്വത്തവകാശനിയമത്തിന്റെ പരിധിയിൽ വരുന്നില്ല. ഖുർആൻ ഒരു മനുഷ്യന്റെ തൂലികാരചനയാണോ (ദൈവം പൊറുക്കട്ടെ)? ഇസ്‌ലാം എന്നത് മനുഷ്യകൃതമായ ഉല്പന്നമോ കണ്ടുപിടിത്തമോ ട്രേഡ് മാർക്കോ ആണോ? അസീം സാഹിബ് ഇസ്‌ലാം മതത്തിന് ബൗദ്ധിക കുത്തകാവകാശ സംരക്ഷണമുണ്ടെന്ന് വാദിക്കുമ്പോൾ അതൊരു മനുഷ്യനിർമ്മിത വസ്തുവാണെന്ന് കൂടി വാദിക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാം മതവും അതിന്റെ ചിഹ്നങ്ങളും ഉപയോഗിക്കാനുള്ള കുത്തകാവകാശം തനിക്കും തന്റെ പാർട്ടി പരിവാരത്തിനും ദൈവം നൽകിയിരിക്കുന്നുവെന്ന് വാദിക്കാം. അതായത് ഉല്പന്നത്തിന്റെയോ ഒരു സൃഷ്ടിയുടെ രചനയുടെയോ ഉടസ്ഥർ ആ ഉടമസ്ഥാവകാശത്തിന്റെ ഉപയോഗത്തിനുള്ള ലൈസൻസ് വാണിജ്യ സ്ഥാപനങ്ങൾക്കോ പ്രസാധകർക്കോ നൽകാറുണ്ട്. അത് വഴി പ്രസ്തുത ബൗദ്ധിക സ്വത്ത് സംരക്ഷിക്കപ്പെടുകയോ പ്രചരിപ്പിക്കപ്പെടുകയോ ചെയ്യാം. ഇങ്ങനെ വല്ല കുത്തകാവകാശവും ജമാഅത്തെ ഇസ്‌ലാമിക്കോ മിസ്റ്റർ അസീമിനോ ഇസ്‌ലാം മതത്തിന്റെ ഉടമസ്ഥനിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ അത് തെളിയിക്കേണ്ട ബാദ്ധ്യത അദ്ദേഹത്തിനുണ്ട്. എപ്പോൾ എവിടെ വെച്ചാണ് അദ്ദേഹത്തിനും പരിവാരത്തിനും ഇസ്‌ലാം മതത്തിന്റെ പേറ്റന്റും കലിമയുടെ കോപ്പിറൈറ്റ് അവകാശവും നൽകപ്പെട്ടത്?

ഒരു ഉല്പന്നത്തിനോ ആശയത്തിനോ കോപ്പിറൈറ്റ് അവകാശമോ പേറ്റന്റ് അവകാശമോ കാലാകാലത്തേക്കും അതിന്റെ കണ്ടുപിടിത്തക്കാരനോ രചയിതാവിനോ അനുവദിക്കപ്പെടുന്നില്ല. പാറ്റന്റിനും കോപ്പിറൈറ്റിനും ഒരു നിശ്ചിത സമയപരിധിയുണ്ട്. ജനിതക പരിവർത്തനത്തിലൂടെയോ മറ്റോ പുതുതായുണ്ടാക്കിയ ഒരു സസ്യത്തിന് അതിന്റെ ബൗദ്ധികാവകാശം 20 വർഷമാണ് ഈ നിയമം അനുവദിക്കുന്നത്. ഒരു രൂപകല്പനയുടെ പാറ്റന്റ് കാലാവധി പൊതുജനത്തിന് അത് ലഭിച്ചതിന് ശേഷം 14 വർഷത്തേക്കുമാണ്. കോപ്പിറൈറ്റ് അവകാശം അതിന്റെ രചയിതാവിന്റെ ജീവിതകാലം മുഴുവും കൂടാതെ മരിച്ച് 70 വർഷവും നിലനില്ക്കുന്നു. ഒരു രജിസ്ട്രേഡ് ട്രേഡ് മാർക്കിന്റെ കാലാവധി 10 വർഷമാണ്, പക്ഷേ അത് പുതുക്കാവുന്നതാണ്. ഞങ്ങൾക്ക് അറിയുവാനുള്ളത് ഇസ്‌ലാമിനും ഖുർആനും മേൽ മിസ്റ്റർ അസീമിനുണ്ടെന്ന് വാദിക്കുന്ന ഈ കുത്തകാവകാശം എത്രകാലത്തേക്കാണ് നിലനില്ക്കുക?

ഇസ്‌ലാം മതത്തിനുമേൽ കുത്തക അവകാശപ്പെടുന്നതുവഴി രണ്ട് വൻ അനീതികളാണ് ടിയാൻ ചെയ്യുന്നത്. ഒന്നാമതായി ഇസ്‌ലാം മതം ദൈവത്തിന്റേതല്ല, മറിച്ച് മനുഷ്യനിർമ്മിതമാണെന്ന് അദ്ദേഹം കരുതുന്നു. മറ്റൊരുവിധത്തിൽ പറയുകയാണെങ്കിൽ അദ്ദേഹം ഇസ്‌ലാംമതത്തിന്റെ ഉടമസ്ഥാവകാശം സ്വയം കൈയ്യേൽക്കുകയാണ് ചെയ്യുന്നത്. രണ്ടാമതായി ദൈവം തന്റെ സൃഷ്ടികൾക്ക് അനുവദിച്ചിട്ടുള്ള മൗലികമായ മനുഷ്യാവകാശങ്ങളും, മതസ്വാതന്ത്ര്യവും അഭിപ്രായ പ്രകടനസ്വാതന്ത്ര്യവും ബലാൽക്കാരേണ കൈയ്യേൽക്കുകയാണ് ചെയ്യുന്നത്.

*(ശേഷം 25-ൽ)*

ലേഖനം

എം.എസ്.

# ഖുർആൻ ഹൃദയത്തിന് ഔഷധം

**ഹൃദയത്തിന്റെ ആത്മീയവും ധാർമ്മികവുമായ രോഗങ്ങൾക്ക് ഖുർആൻ ദിവ്യൗഷധമാണ്. രോഗശമനം വരുത്തി ആരോഗ്യത്തിലേക്കും പുരോഗതിയിലേക്കും അത് മനുഷ്യനെ നയിക്കുന്നു.**

***ജനങ്ങളേ, തീർച്ചയായും നിങ്ങളുടെ നാഥങ്കൽ നിന്നുള്ള ഒരു തത്ത്വോപദേശവും ഹൃദയത്തിനുള്ള ശമനൗഷധവും നിങ്ങൾക്ക് വന്നുകിട്ടിയിരിക്കുന്നു. വിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു*** (അത്) (10:58)

ഖുർആൻ മനുഷ്യന് വിലമതിക്കാനാവാത്ത ഒരമൂല്യനിധിയാണ്. നമുക്ക് വായിച്ചുനോക്കി അർത്ഥം ഗ്രഹിക്കുമാറ് പ്രപഞ്ചസ്രഷ്ടാവും കരുണാവാരിധിയുമായ ദൈവം നമുക്ക് ആവശ്യമായ ഗ്രന്ഥം രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്നതിന് നമ്മുടെ നാഥനെ എത്ര നാം സ്തുതിക്കണം. ആത്മീയമായും ഭൗതികമായും ബുദ്ധിപരമായും നമ്മെ അങ്ങേയറ്റം ഉന്നതിയിലെത്തിക്കാനും നമ്മുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനുമുള്ള വഴികൾ ഖുർആനിലുണ്ട്.

മേൽവചനം റസൂൽ തിരുമേനി(സ)ന്റെ ജീവിത വിജയങ്ങളുടെ രഹസ്യങ്ങളിലേക്ക് വെളിച്ചം വീശുന്നു. ആ വിജയം സാധ്യമായത് സൈന്യമോ, സമ്പത്തോ, വമ്പിച്ച അനുയായികളോ മുഖേനയായിരുന്നില്ല. എന്നാൽ ഖുർആൻ എന്ന അതുല്യവും അത്ഭുതകരവുമായ ഒരേയൊരു ഗ്രന്ഥം മുഖേനയാണ്. ഒരു മനുഷ്യന് അതിന്റെ സാരഗർഭമായ ഉപദേശങ്ങൾക്കും അധ്യാപനങ്ങൾക്കും മുമ്പിൽ എതിർത്തുനിൽക്കാൻ സാധ്യമല്ല. അധികം കഴിയാതെ തന്നെ ഖുർആന്റെ അനുവാചകർ ഖുർആനിൽ നിന്ന് മാർഗ്ഗദർശനത്തിന്നായി തിരയുന്നു. കാരണം, ഖുർആൻ സ്വയം വിശേഷിപ്പിക്കുന്നത് പോലെ '*നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു തത്ത്വോപദേശവും ഹൃദയത്തിനു ശമനൗഷധവുമാണ്. സന്മാർഗ്ഗദർശകവും കാരുണ്യവുമാണ്.*' അതായത്, മനുഷ്യഹൃദയത്തെ സ്വാധീനിക്കുന്ന സൂക്ഷ്മഘടകങ്ങളെല്ലാം വിശുദ്ധ ഖുർആന്റെ ഓരോവചനത്തിലും കൃത്യമായ അളവിൽ അല്ലാഹു സന്നിവേശിപ്പിച്ചിരിക്കുന്നു. ഖുർആനെ **'മൗഇളത്'** (തത്ത്വോപദേശം) എന്നാണ് ഈ വചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. ഖുർആൻ, മനുഷ്യന് കലവറയില്ലാതെ സദുപദേശം നൽകുന്നു. റസൂൽ തിരുമേനി(സ) യാതൊരുവിധ സ്വകാര്യനേട്ടവും ആഗ്രഹിക്കാതെ പരജനകാംക്ഷ മാത്രം ലക്ഷ്യമാക്കിക്കൊണ്ടാണ് ഉപദേശങ്ങൾ നൽകിയത്. ജനങ്ങളുടെ നന്മ മാത്രമായിരുന്നു ആ ധന്യാത്മാവിന്റെ ലക്ഷ്യം. അത് കൊണ്ട് ജനങ്ങൾ റസൂൽ തിരുമേനി (സ)യിൽ ആകൃഷ്ടരാകാതെയിരുന്നില്ല. ഖുർആനിക വചനം മനുഷ്യഹൃദയത്തെ അഗാധമായി സ്വാധീനിക്കാനുള്ള മറ്റൊരു കാരണം, അത് സ്നേഹത്തിനും ദൈവഭയത്തിനും അനിതരസാധാരണമായ പ്രാധാന്യം നൽകുന്നുഎന്നതാണ്. ഒരു കഠിനഹൃദയന് പോലും ഖുർആന്റെ ഈ സ്വാധീനത്തെ അതിവർത്തിക്കാൻ സാധ്യമല്ല. മനുഷ്യന്റെ ഹൃദയസംസ്കരണത്തിന് പ്രേരിപ്പിക്കുന്നവിധത്തിൽ അതിമനോഹരവും ഹൃദയാവർജകവുമായ രീതിയിലാണ് ഖുർആൻ കാര്യങ്ങൾ പ്രതിപാദിച്ചിരിക്കുന്നത്.

'ശിഫാഅ്' (ശമനൗഷധം) എന്ന പദമാണ് ഖുർആൻ വചനങ്ങളെ വിശേഷിപ്പിക്കാൻ ഇവിടെ ഉപയോഗിച്ചത്. എല്ലാവിധത്തിലുള്ള ആത്മീയവും മാനസിക

വുമായ വ്യാധികൾക്കും ഒരു ദിവ്യൗഷധമായി ഖുർആനിക വചനങ്ങൾ ഉപയോഗിക്കാമെന്നാണ് ഇതിനർത്ഥം. മനുഷ്യൻ എത്ര വലിയ നിരാശയിൽ പതിച്ചാലും സത്യത്തിനോട് അഭിമുഖമായിക്കൊണ്ട് വീണ്ടും ഉയരാനുള്ള പ്രവണത അവൻ കാണിക്കുന്നു. ജീവിതത്തിന്റെ പൊരുൾ എന്തെന്നറിയാൻ അവൻ ആഗ്രഹിക്കുന്നു. ഹതാശയരായി നിരാശയിൽപ്പെട്ട ആളുകളുടെ ഹൃദയങ്ങൾക്ക് ഖുർആൻ നൽകുന്ന ശാന്തിയും ശമനവും അളവറ്റതാണ്. അവരെ ഖുർആൻ സംശയങ്ങളിൽ നിന്നും അവ്യക്തതകളിൽ നിന്നും രക്ഷിച്ച് വ്യക്തമായ മാർഗ്ഗവും ധൈര്യവും ആശ്വാസവും പകർന്നു നൽകുന്നു.

ആത്മീയ ഉന്നതി പ്രാപിച്ച മഹാത്മാക്കളുടെ ജീവിതത്തെപ്പറ്റി വായിക്കുമ്പോഴും അറിയുമ്പോഴും മനുഷ്യഹൃദയം വലിയതോതിൽ ചലനം കൊള്ളാറുണ്ട്. വിശ്വാസകാര്യങ്ങൾ ദൈനംദിന ജീവിത യാഥാർത്ഥ്യങ്ങളായി മാറ്റുരച്ചുകൊണ്ട് വലിയ വലിയ കഷ്ടപാടുകൾക്കും ദുരിതങ്ങൾക്കും പരീക്ഷണങ്ങൾക്കും നടുവിൽ എല്ലാം സഹിച്ച്, മഹാത്മാക്കൾ കാട്ടിയ ജീവിതമാതൃക നമ്മിലും അങ്ങനെയനുകരിക്കാനുള്ള പ്രതിജ്ഞയും ആഗ്രഹവും ഹൃദയത്തിൽ അങ്കുരിപ്പിക്കുന്നു. അങ്ങനെ ദൈവത്തെ പ്രാപിക്കാനുള്ള ഒരു വഴി നമുക്ക് തുറന്നു കിട്ടുന്നു. അപ്രകാരം ഖുർആൻ വിവരിക്കുന്ന പ്രവാചകകഥകൾ നമ്മെയും പരിശുദ്ധജീവിതം നയിക്കാൻ പ്രേരിപ്പിക്കുന്നു.

ഖുർആൻ മാർഗ്ഗദർശകവും കാരുണ്യവുമാണ് എന്ന ഈ വചനത്തിലെ സന്ദേശം, ആത്മീയ പുരോഗതി മാത്രമല്ല ഈ ലോകത്തും വിജയം പ്രാപിക്കാൻ ഖുർആന്റെ ഉപദേശങ്ങൾ പര്യാപ്തമാണെന്നാണ് അർത്ഥമാക്കുന്നത്. ചിലയാളുകൾ ആത്മീയജ്ഞാനത്തെ സംബന്ധിച്ച് താല്പര്യമില്ലാത്തവരും അതിന്റെ അഗാധതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ കൂട്ടാക്കാത്തവരുമാണ്. മതനിയമങ്ങളുടെ തത്ത്വശാസ്ത്രം അവർ മനസ്സിലാക്കുന്നില്ല. ഭൗതിക പുരോഗതിയും അതിന്റെ സാമഗ്രികളുമാണ് അവരെ ആകർഷിക്കുക. അത്തരം ആളുകളെ തൃപ്തിപ്പെടുത്താൻ ഭൗതികലോകത്തെ ചില അത്ഭുതങ്ങൾ ദൈവം വിശുദ്ധ ഖുർആനിലൂടെ കാണിച്ചുകൊടുക്കുന്നു.

ഈ ആയത്തിൽ ഖുർആൻ ഹൃദയരോഗങ്ങൾക്ക് ശമനകാരിയാണെന്ന പരാമർശത്തെപ്പറ്റി ചിലർക്ക് സംശയമുണ്ടാകാം. മസ്തിഷ്ക്കമാണല്ലോ മനുഷ്യചിന്തയുടെ അധിഷ്ഠാനം. അപ്പോൾ മസ്തിഷ്കത്തെപറ്റി എന്തുകൊണ്ട് ഇവിടെ പറഞ്ഞില്ല എന്നാണ് അവരുടെ സംശയം. ഇവിടെ ഒരു കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. ആത്മീയ കാര്യങ്ങൾ ഹൃദയവുമായി ബന്ധപ്പെട്ടതാണ്. അതിന്റെ സൂക്ഷ്മമായ വശങ്ങളും ചലനങ്ങളും ഹൃദയമാണ് സംവേദിച്ചറിയുന്നത്. ആത്മീയാനുഭവമുള്ള മഹാത്മാക്കന്മാരെല്ലാം അവരുടെ ആത്മീയാനുഭവങ്ങൾ ഹൃദയവുമായി ബന്ധപ്പെട്ടതാണെന്ന് സാക്ഷ്യം നൽകുന്നു. മനുഷ്യഹൃദയവും ആത്മാവും തമ്മിലുള്ള ബന്ധം ഒരുപക്ഷേ മെഡിക്കൽ സയൻസിന് മനസ്സിലാക്കാൻ സാധ്യമല്ലെന്ന് വരും. പക്ഷേ, ഇത്തരം ജ്ഞാനികളുടെ അഭിപ്രായമാണ് ഇക്കാര്യത്തിൽ ഏറ്റവും സ്വീകാര്യം. രക്തത്തിൽ വരുന്ന മാറ്റങ്ങൾ മനുഷ്യന്റെ ചിന്തകളെ സ്വാധീനിക്കുന്നുവെന്ന വസ്തുതയും നാം പരിഗണിക്കേണ്ടതുണ്ട്. മസ്തിഷ്ക്കത്തിൽ ചിന്തയുടെ പ്രക്രിയകൾ നടക്കണമെങ്കിൽ ഹൃദയം രക്തം പമ്പ് ചെയ്ത് മസ്തിഷ്ക്കത്തിലെത്തിക്കേണ്ടതുണ്ട്. നല്ല ആരോഗ്യമുള്ള ഹൃദയങ്ങളിൽനിന്ന് നല്ല രക്തം പമ്പ് ചെയ്യുമ്പോൾ മാത്രമേ മസ്തിഷ്ക്കം നല്ല ചിന്തകൾ ഉല്പാദിപ്പിക്കുകയുള്ളൂ. ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഹൃദയത്തിന് ശമനം നൽകുന്ന ഖുർആൻ മനുഷ്യന്റെ ചിന്തയെ വിമലീക രിക്കുകയും നിർമ്മലമാക്കുകയും ചെയ്യുന്നു. അങ്ങനെ മനുഷ്യസമൂഹത്തിൽ സ്നേഹവും ശാന്തിയും വിളയിക്കാൻ ഖുർആനിന്റെ അനുയായികൾക്കും അനുവാചകർക്കും സാധ്യമാവുന്നു.

***(അവലംബം: ഖുർആൻ തഫ്സീർ ഖലീഫത്തുൽ മസീഹ് III ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റഹ്))***

## ജ്ഞാനം നശിക്കുന്നതെപ്പോൾ?

ഇബ്നു ഉമർ (റ)ൽ നിന്ന് നിവേദനം : തിരുമേനി (സ) ഇങ്ങനെയരുളുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'മനുഷ്യർക്ക് ജ്ഞാനം നൽകിയശേഷം ഒറ്റയടിക്ക് അവരിൽ നിന്ന് ആ ജ്ഞാനം അവൻ പിടിച്ചെടുക്കുകയില്ല. പണ്ഡിതന്മാരെ മരണപ്പെടുത്തുക വഴിക്കാണ് വിദ്യയെ മനുഷ്യരിൽനിന്ന് അവൻ പിടിച്ചെടുക്കുക. അവസാനം കുറെ മൂഢന്മാർ അവശേഷിക്കും. അവരോട് മനുഷ്യർ മതവിധികൾ ആവശ്യപ്പെടുകയും ചെയ്യും. അപ്പോൾ സ്വന്തം അഭിപ്രായമനുസരിച്ച് അവർ വിധി കല്പിക്കും. അങ്ങനെ അവർ സ്വയം വഴിപിഴക്കുകയും മറ്റുള്ളവരെ വഴിപിഴപ്പിക്കുകയും ചെയ്യും' *(ബുഖാരി)*

ലേഖനം

സർ സഫറുല്ലാഹ് ഖാൻ (റ)

# പ്രവാചകസമൂഹവും വെളിപാടുകളും

## എല്ലാ പ്രവാചകന്മാരും ദൈവിക വെളിപാടുകൾ കൊണ്ടനുഗൃഹിതരും, അവരുടെ ജീവിതദർശനം വെളിപാടുകളിലധിഷ്ഠിതവുമാണ്.

'സമാധാനം' എന്നും 'കീഴ്‌വണക്കം' എന്നും അർത്ഥങ്ങളുള്ള ഒരു ധാതുവിൽനിന്നുണ്ടായ അറബി പദമാണ് 'ഇസ്‌ലാം' എന്നത്. അല്ലാഹുവിന് വഴിപ്പെട്ടുകൊണ്ട്, എന്നുവെച്ചാൽ ദൈവത്തിന്റെ ഹിതത്തിനു അനുരോധമായ ജീവിതത്തിലൂടെ, ഇഹത്തിലും പരത്തിലും ശാന്തി കൈവരിക്കുന്നതിനെയാണ് ആ പദം കുറിക്കുന്നത്. ഇങ്ങനെ കീഴ്‌വണങ്ങുന്ന ഒരുവനാണ് മുസ്‌ലിം. ഇസ്‌ലാമിന്റെ പ്രമാണഗ്രന്ഥമായ ഖുർആനിൽ സാത്വികരായ എല്ലാവർക്കും 'മുസ്‌ലിം' എന്ന നാമം പ്രയോഗിച്ചിട്ടുണ്ട്.

ഉദാഹരണമായി, ഇബ്രാഹിം നബിയെക്കുറിച്ചു *"ദൈവത്തിന്റെ വഴിയിൽ സദാ ചരിച്ചവനും (ഹനീഫ്) അവന്ന് വഴിപ്പെട്ടവനും (മുസ്‌ലിം)" എന്നു പറഞ്ഞു കാണാം* (3:68). "വഴിപ്പെടുക എന്ന് അവനോട് തന്റെ നാഥൻ പറഞ്ഞപ്പോൾ അവൻ പ്രതിവചിച്ചു: 'ഞാൻ ലോകാലോകങ്ങളുടെ നാഥന്ന് കീഴ് വണങ്ങിയിരിക്കുന്നു'. ഇതു തന്നെ ഇബ്രാഹിം തന്റെ സന്താനങ്ങളോടും കല്പിച്ചു – അങ്ങനെതന്നെ യഅ്ക്കൂബും പറഞ്ഞു: *'എന്റെ മക്കളേ, അല്ലാഹു ഈ മതത്തെ നിങ്ങൾക്കായി ഇഷ്ടപ്പെട്ടിരിക്കുന്നു', ദൈവത്തിനു കീഴ്‌വഴങ്ങിയവർ (മുസ്‌ലിംകൾ) ആയിട്ടല്ലാതെ നിങ്ങളിൽ മരണം സംഭവിക്കാതിരിക്കട്ടെ"* (2:132–133)

*യഅ്ക്കുബ് (അ) ആസന്നമരണനായപ്പോൾ, 'തന്റെ സന്താനങ്ങളോട് ചോദിച്ചു: 'എനിയ്ക്ക് ശേഷം നിങ്ങൾ എന്തിനെയാണ് ആരാധിക്കുക?' അവർ പറഞ്ഞു: ഞങ്ങൾ അങ്ങയുടെയും അങ്ങയുടെ പിതാക്കളായ ഇബ്രാഹീമിന്റെയും ഇസ്മായിലീന്റെയും ഇസ്ഹാക്കിന്റെയും ദൈവമായ ആ ഏകദൈവത്തെ മാത്രം ആരാധിക്കും. അവന്നുമാത്രം ഞങ്ങൾ പൂർണ്ണമായും കീഴ് വണങ്ങുന്നവർ (മുസ്‌ലിംകൾ) ആകുന്നു'* (2:134).

യൂസഫ് (അ) ഇപ്രകാരം പ്രാർത്ഥിച്ചതായി കാണാം: *"നാഥാ, നീ എനിയ്ക്ക് ശക്തി നൽകുകയും സ്വപ്നങ്ങളുടെ വ്യാഖ്യാനങ്ങൾ പഠിപ്പിച്ച് തരികയും ചെയ്തു. ആകാശഭൂമികളുടെ സ്രഷ്ടാവായുള്ളോവേ, ഈ ലോകത്തും പരലോകത്തും നീയല്ലോ എന്റെ രക്ഷകൻ! നിന്റെ ഹിതത്തിന് വഴിപ്പെട്ടവൻ (മുസ്‌ലിം) ആയ നിലയിൽമാത്രം. നീ എന്നെ മരിപ്പിച്ചാലും! നീ എന്നെ സാത്വികരുടെ കൂട്ടത്തിൽ ചേർക്കേണമേ!"* (12:102)

*യേശു(അ) വിന്റെ അനുചരന്മാരെപ്പറ്റി പറയുന്നു: "എന്നിലും എന്റെ ദൂതന്മാരിലും വിശ്വസിക്കുവിൻ എന്ന് (ഈസായുടെ) ശിഷ്യർക്ക് ഞാൻ വെളിപാടിറക്കി. അപ്പോൾ അവർ പറഞ്ഞു. ഞങ്ങൾ കീഴ്‌വണക്കമുള്ളവർ (മുസ്‌ലിംകൾ) ആണെന്ന് നീ സാക്ഷ്യം വഹിച്ചാലും"* (5:112)

*"ഈസാ ചോദിച്ചു: അല്ലാഹുവിലേയ്ക്ക് എന്റെ സഹായികൾ ആര്? ശിഷ്യർ മറുപടി നല്കി: ഞങ്ങൾ അല്ലാഹുവിന്റെ സഹായികൾ, ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചവരത്രെ. ഞങ്ങൾ കീഴ് വണക്കമുള്ളവർ (മുസ്‌ലിംകൾ) ആണെന്നതിന് നീ സാക്ഷ്യം വഹിച്ചാലും!"* (3:53)

എല്ലാ പ്രവാചകന്മാരുടെ കാര്യത്തിലും ഇപ്രകാരം തന്നെയാണുണ്ടായത്. ഒരു പ്രവാചകനെ കൈക്കൊള്ളുകയും ആ പ്രവാചകൻ മുഖേന വെളിപ്പെടുത്തട്ടെ ദൈവകല്പനയ്ക്ക് കീഴ്‌വണങ്ങുകയും ചെയ്തവരെല്ലാം മുസ്‌ലിംകളായിരുന്നു. എന്നാൽ, ഈ നാമ

ധേയം ഖുർആൻ മുഖേന പ്രചരിച്ചിട്ടുള്ളതാകയാൽ ഇസ്‌ലാം മതം വിശ്വസിച്ചാചരിക്കുന്നവർക്ക് മാത്രമായി ആ പേർ പരിമിതപ്പെട്ടുപോകുകയാണ് ചെയ്തത്.

ദൈവിക വെളിപാടുകളുടെ പരിപൂർത്തിയെയാണ് ഇസ്‌ലാം പ്രതിനിധാനം ചെയ്യുന്നത്. *"ഈ ദിനത്തിൽ നിങ്ങളുടെ മതം ഞാൻ നിങ്ങൾക്കായി പരിപൂർണ്ണമാക്കിത്തരികയും എന്റെ അനുഗ്രഹം നിങ്ങളിൽ ഞാൻ പൂർത്തിയാക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി ഇഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു."* (5:4)

എങ്കിലും, മുൻകഴിഞ്ഞ എല്ലാ പ്രവാചകന്മാരുടെയും സാത്വികതയെയും എല്ലാ പൂർവ്വിക വെളിപാടുകളുടെയും സത്യത്തെയും ഖുർആൻ സ്ഥിരീകരിക്കുന്നു.

ദൈവികമായ മാർഗ്ഗദർശം ലഭിച്ചിട്ടില്ലാത്ത ഒരൊറ്റ ജനതയും ഇല്ലെന്നുള്ള പ്രഖ്യാപനത്തിൽ നിന്നാണത് ആരംഭിക്കുന്നത്. സർവ്വാധിനാഥൻ എന്ന ദൈവിക ഗുണത്തിൽനിന്നുള്ളതാണീധാര. ദൈവം പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് മാത്രമല്ല, പ്രപഞ്ചത്തെ നിലനിർത്തുകയും പരിപാലിക്കുകയും പല പരിവർത്തന ദശകളിലൂടെയും അതിനെ പരിപൂർണ്ണതയിലേയ്ക്ക് നയിക്കുകയും ചെയ്യുന്നവനുമത്രെ. "സകല ലോകേശ്വരൻ" (റബ്ബുൽ ആലമീൻ) എന്ന നാമത്തിൽ ദൈവം അറിയപ്പെടുന്നതും ആ അടിസ്ഥാനത്തിലാണ് (1:2). *"നിശ്ചയമായും സുവാർത്താവാഹിയും മുന്നറിയിപ്പുകാരനുമായിട്ടാണ് സത്യസന്ദേശത്തോടുകൂടി നാം നിന്നെ അയച്ചിരിക്കുന്നത്. ഒരു താക്കീതുകാരൻ പ്രേഷണം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു സമുദായവും ഇല്ല"* (35:25).

മുൻകഴിഞ്ഞ എല്ലാ ദിവ്യഗ്രന്ഥങ്ങളുടേയും സത്യത്തിലും എല്ലാ പ്രവചാകന്മാരുടേയും സാത്വികതയിലും ഒരു മുസ്‌ലിം വിശ്വസിക്കേണ്ടതാവശ്യമത്രെ.

*"നീ പറയുക: 'ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്കിറക്കപ്പെട്ടതിലും ഇബ്രാഹീമിന്നും ഇസ്മായീലിന്നും ഇസ്ഹാക്കിന്നും യഅ്ക്കൂബിന്നും അദ്ദേഹത്തിന്റെ മക്കൾക്കും ഇറക്കപ്പെട്ടിരുന്നതിലും മൂസായ്ക്കും ഈസായ്ക്കും നൽകപ്പെട്ടിരുന്നതിലും മറ്റെല്ലാ പ്രവാചകന്മാർക്കും തങ്ങളുടെ നാഥങ്കൽ നിന്നു നൽകപ്പെട്ടിരുന്നവയിലും വിശ്വസിക്കുന്നു. അവർക്കിടയിൽ ഞങ്ങൾ യാതൊരു വ്യത്യാസവും കല്പിക്കുന്നില്ല. അല്ലാഹുവിന്നത്രെ ഞങ്ങൾ കീഴ്‌വണങ്ങിയിരിക്കുന്നത്"* (2:137).

"അവന്ന് (ഇബ്രാഹീമിന്നു) നാം ഇസ്ഹാക്കിനേയും യഅ്ക്കൂബിനേയും കനിഞ്ഞു നൽകി. ഓരോരുത്തർക്കും നാം നേരായ പാത കാണിച്ചുകൊടുത്തു. അതിനുമുമ്പ് നൂഹിന്നും ഉപദർശനം നൽകിയിരുന്നു. അവന്റെ സന്തതികളായ ദാവൂദിനും സുലൈമാന്നും അയ്യൂബിനും യൂസുഫിന്നും മൂസായ്ക്കും നാം മാർഗ്ഗദർശനം നൽകി, നാം സജ്ജനങ്ങൾക്ക് പ്രതിഫലം നൽകുന്നത് ഇപ്രകാരമത്രെ."

"സകരിയ്യാക്കും യഹ്‌യാക്കും ഇൽയാസിന്നും മാർഗ്ഗദർശനം നൽകി: അവരിൽ ഓരോരുത്തരും സുകൃതികളിൽപെട്ടവരത്രെ."

"ഇസ്മായീലിന്നും അൽയസഇന്നും (യശയ്യാ) യൂനുസിന്നും ലൂത്തിന്നും നാം മാർഗ്ഗദർശനം നൽകി. അവരിൽ ഓരോരുത്തരേയും നാം ജനതകളിൽ വെച്ചേറ്റവും ഉൽകൃഷ്ടരാക്കി ഉയർത്തി.

''അവരുടെ പിതാക്കളിലും സന്തതികളിലും സഹോദരങ്ങളിലും നിന്ന് ചിലരേയും – അവരെ നാം തെരഞ്ഞെടുക്കുകയും നേർവഴിയിൽ നടത്തുകയും ചെയ്തു.

"ഇതാണ് അല്ലാഹുവിൽനിന്നുള്ള മാർഗ്ഗദർശനം. അവന്റെ ദാസരിൽ അവനിച്ഛിക്കുന്നവരുടെ അവൻ അതുമൂലം നേർവഴിയിൽ നയിക്കുന്നു. അവർ അവന് പങ്കുകാരെ കല്പിച്ചിരുന്നുവെങ്കിൽ അവർ ചെയ്തതെല്ലാം അവർക്ക് നിഷ്ഫലമായിത്തീർന്നേനെ.

"നാം വെളിപാടും അധികാരവും പ്രവാചകത്വവും നൽകി അനുഗ്രഹിച്ചവർ ഇവരത്രെ.... അല്ലാഹു നേർവഴിയിലാക്കിയവർ ഇവർതന്നെ; ആകയാൽ, നീ അവരുടെ മാർഗ്ഗനിർദ്ദേശം പിൻതുടരുക" (6:85–91)

പൂർവ്വിക വെളിപാടുകളുടേയും ദിവ്യഗ്രന്ഥങ്ങളുടേയും നിലവിലുള്ള പരിഭാഷകളിൽ കാണപ്പെടുന്ന നിയമങ്ങളും കല്പനകളുമെല്ലാം അനുവർത്തിച്ചുകൊള്ളുന്നതിനു ഖുർആൻ മുസ്‌ലിംകളെ നിർബ്ബന്ധിക്കുന്നു എന്ന് ഇതിന്നർത്ഥമെടുക്കേണ്ടതില്ല. പൂർവ്വിക വെളിപാട് ഗ്രന്ഥങ്ങളുടെ പ്രസ്തുത തർജ്ജമകളിൽ പ്രക്ഷിപ്തങ്ങളുണ്ടെന്നും അനുയായികളുടെ കൈകളാൽ അവ അലങ്കോലപ്പെട്ടിരിക്കുകയാണെന്നും ഖുർആൻ ഊന്നിപ്പറയുന്നുണ്ടെന്നത് ഒരു പരമാർത്ഥമത്രെ (2:80). പൂർവ്വിക പ്രവാചകന്മാർക്ക് ലഭിച്ചിരുന്ന അസ്സൽ വെളിപാടുകളെപ്പറ്റിയാണ് ഖുർആൻ ശക്തിയുക്തം ഘോഷിച്ചിട്ടുള്ളത്. ഖുർആൻ ഇപ്രകാരം പറയുന്നു: ''*നിശ്ചയമായും വ്യക്തമായ ഉപദർശനവും പ്രകാശവും ഇയന്ന തൌറാത്തിനെ നാം ഇറക്കി. കീഴ്‌വണക്കമുള്ള*

***(ശേഷം 25-ൽ)***

ലേഖനം

നിലോഫർ സുൽത്താന
കോഴിക്കോട്

# സൃഷ്ടി മാഹാത്മ്യം: പ്രപഞ്ച നിർമ്മിതിയിലും മനുഷ്യ സൃഷ്ടിപ്പിലും

**പ്രപഞ്ചത്തിൽ സമഗ്രമായി കാണപ്പെടുന്ന സന്തുലനത്വവും പാരസ്പര്യവും അത്യുന്നതനായ ഒരു സ്രഷ്ടാവിലേക്ക് വെളിച്ചം വീശുന്നു. 'സെന്റർ ഫോർ സൈൻസ് ആന്റ് സയിൻസ്" നടത്തിയ പ്രബന്ധ മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടാം സമ്മാനം ലഭിച്ച ലേഖനം**

നമ്മുടെ തലയ്ക്കു മുകളിൽ വിവൃതമായി നിൽക്കുന്ന ആകാശത്തിലേക്ക് ദൃഷ്ടി പതിപ്പിക്കുമ്പോൾ കാണുന്ന ആകാശക്കാഴ്ചകൾ നമ്മെ വിസ്മയിപ്പിക്കുകയും ചിന്താധീനരാക്കുകയും ചെയ്യുന്നു. നിരവധി നക്ഷത്രങ്ങളും, ഗോളസംവിധാനങ്ങളും ഉൾക്കൊള്ളുന്ന ആകാശം, അദൃശ്യനായ ഒരു സ്രഷ്ടാവിന്റെ മാഹാത്മ്യം വിളിച്ചോതുന്ന ഒരു അത്ഭുതസംവിധാനമാണ്.

നമ്മുടെ ബൃഹത്തായ ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പിൽ കാണുന്ന ധിഷണാവിലാസങ്ങളും രൂപസംവിധാനങ്ങളും, ആസൂത്രണവും അത് യാദൃശ്ചികമായി സംഭവിച്ച ഒരു പ്രതിഭാസമല്ല എന്ന് വിളിച്ചോതുന്നു. ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിക്കു പിന്നിൽ ഒരു ബുദ്ധിമാനായ സജീവ ചേതന നിലകൊള്ളുന്നുവെന്ന് ഏകമാത്ര ദർശനത്തിൽ തന്നെ നമുക്ക് ബോധ്യമാകും. ശാസ്ത്രം, വിശിഷ്യ പ്രപഞ്ചവിജ്ഞാനീയമാണ് (cosmology) ഈ അദൃശ്യനായ സ്രഷ്ടാവിനെപ്പറ്റി നമുക്ക് സൂചന നൽകുന്നത്. നമ്മുടെ നിരീക്ഷണത്തിന്റെ സൂക്ഷ്മതയും തീക്ഷ്ണതയും വർദ്ധിക്കുന്നതിനനുസരിച്ച് പ്രപഞ്ച സൃഷ്ടിപ്പിന്റെ പിന്നിലുള്ള മഹത്വവും വൈഭവവും നമ്മെ വിസ്മയഭരിതരാക്കുന്നു. പ്രപഞ്ചത്തെ സംബന്ധിച്ചുള്ള ഈ അത്ഭുതങ്ങളുടെ സൂചനകൾ ശാസ്ത്രത്തിൽ പ്രത്യക്ഷമായി നാം അനുഭവിക്കുന്നു. അതുപോലെ പ്രപഞ്ചം സൃഷ്ടിച്ച ദൈവത്തിൽ നിന്നും ഉത്ഭൂതമായ മതഗ്രന്ഥങ്ങളിലും പ്രപഞ്ചത്തിന്റെ ഭൗതികസത്യങ്ങളെ സംബന്ധിച്ചുള്ള സൂചനകൾ വ്യംഗ്യഭാഷയിൽ പ്രതിപാദിച്ചിരിക്കുന്നത് കാണാം. ഈ സൃഷ്ടി മാഹാത്മ്യത്തെ നമ്മുടെ വികാരങ്ങളും കൃതജ്ഞതാഭാവവുമായി ബന്ധിപ്പിക്കുന്നത് മതഗ്രന്ഥങ്ങളിലെ ഇത്തരം പ്രതിപാദനങ്ങളാണ്. അതു വഴി ഈ ശാസ്ത്രസത്യങ്ങളെ മനുഷ്യന്റെ ആത്മീയവും ധാർമ്മികവുമായ വളർച്ചയ്ക്ക് സഹായകമാക്കിത്തീർക്കുകയാണ് മതഗ്രന്ഥങ്ങൾ ചെയ്യുന്നത്. പ്രപഞ്ച വിസ്മയം പോലെത്തന്നെ പ്രപഞ്ചത്തിന്റെ സാരസംഗ്രഹമായ മനുഷ്യന്റെ സൃഷ്ടിപ്പ് അതിനേക്കാൾ വിസ്മയജനകമാണ്. ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത് മനുഷ്യന് വേണ്ടിയാണ് എന്ന ഒരു ശാസ്ത്രസിദ്ധാന്തം നിലവിലുണ്ട്. മനുഷ്യകേന്ദ്രിത പ്രപഞ്ചസിദ്ധാന്തം എന്നാണ് ഈ സിദ്ധാന്തത്തിന്റെ നാമം. മനുഷ്യൻ എന്ന അത്ഭുതസൃഷ്ടി പ്രപഞ്ചത്തിന്റെ ഒരു ഹ്രസ്വരൂപമാണെന്ന് ഈ സിദ്ധാന്തം ഉത്ഘോഷിക്കുന്നു.

പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത് മഹാവിസ്ഫോടനത്തോടെയാണെന്ന് ശാസ്ത്രം പറയുന്നു. ഇത് സംബന്ധിച്ച് മതഗ്രന്ഥങ്ങളിൽ ഒന്നായ വിശുദ്ധ ഖുർആൻ പറയുന്നു:

*"അവിശ്വാസികൾ കാണുന്നില്ലേ, ആകാശങ്ങളും. ഭൂമിയും സംഘടിതമായ ഒരു പിണ്ഡമായിരുന്നു. പിന്നീട് നാം അതിനെ പിളർത്തുകയും ജീവനുള്ള എല്ലാറ്റിനേയും നാം ജലത്തിൽ നിന്ന് ഉണ്ടാ*

*ക്കുകയും ചെയ്തു." (21:31)*

ഈ വചനം അഭിസംബോധന ചെയ്യുന്നത് അവിശ്വാസികളെയാണ് എന്ന കാര്യം ശ്രദ്ധേയമാണ്. ദൈവ ചിന്തയില്ലാത്ത ശാസ്ത്രലോകമാണ് പ്രപഞ്ചത്തിന്റെ ഉൽഭവത്തെ സംബ ന്ധിച്ചുള്ള രഹസ്യങ്ങൾ പുറത്തു കൊണ്ടുവരിക എന്ന് ഈ വചനം വ്യക്തമാക്കുന്നു. ഈ വചനത്തി ലുള്ള "സംഘനിതമായ പിണ്ഡം" എന്നത് ബ്രഹ്മാണ്ഡത്തിലെ മഹാവി സ്ഫോടനത്തിനു മുമ്പുള്ള ആദ്യ കണത്തെ സൂചിപ്പിക്കുന്നു. "പി ന്നീട് നാം അതിനെ പിളർത്തി" എന്നത് പ്രപഞ്ചം നിലവിൽ വരാൻ കാരണമായ മഹാവിസ്ഫോടന ത്തെ സംബന്ധിച്ചും സൂചന നൽ കുന്നു. ഇങ്ങനെ നിലവിൽ വന്ന പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കു ന്നതായും ഖുർആൻ പറയുന്നു:

*"ആകാശത്തെ നമ്മുടെ ശക്തി കൊണ്ട് നാം സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വിക സിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്." (21:31)*

ഇങ്ങനെ പ്രപഞ്ചത്തിന്റെ സൃഷ്ടിസന്ദർഭത്തിലും തുടർന്നും ഉണ്ടായ സൂക്ഷ്മമായ പ്രാപഞ്ചിക പ്രതിഭാസങ്ങളെ സംബന്ധിച്ച് വേദ ഗ്രന്ഥങ്ങളിൽ സൂചന കാണാം.

രമ്യമനോഹരമായി സൃഷ്ടിക്ക പ്പെട്ട ഈ പ്രപഞ്ചത്തിന്റെ ഘടന യിൽ യാതൊരു വൈകല്യവും ദർശിക്കാൻ നമുക്ക് സാധ്യമല്ല. ഇത് പ്രപഞ്ചം യാദൃശ്ചികമായി നിലവിൽ വന്നതല്ല എന്ന വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നു. പ്രപഞ്ചസൃ ഷ്ടിക്കു പിന്നിൽ അപാരമായ ബുദ്ധിവൈഭവമുള്ള ഒരു സ്രഷ് ടാവും സംവിധായകനും ഉണ്ട് എന്ന യാഥാർത്ഥ്യമാണ് യുക്തി ബോധമുള്ള മനുഷ്യന് ഗ്രഹിക്കാൻ സാധിക്കുന്നത്.

സൗരയൂഥത്തെ സംബന്ധി ച്ചുള്ള വേദഗ്രന്ഥങ്ങളിലെ പ്രതിപാ ദനവും നമ്മെ അത്ഭുതപ്പെടുത്തു ന്നു. ഗോളങ്ങളുടെ ഭ്രമണത്തെ സംബന്ധിച്ച് ഖുർആൻ പറയുന്നു:

*"അവനത്രേ രാവിനേയും പക ലിനേയും സൂര്യനേയും ചന്ദ്ര നേയും സൃഷ്ടിച്ചത്. അവ ഓരോ ന്നും ഓരോ ഭ്രമണപഥത്തിൽ അനാ യാസം സഞ്ചരിച്ചുകൊണ്ടിരിക്കു ന്നു."* (21:34)

*"സൂര്യന് ചന്ദ്രനെ മറികട ക്കാൻ സാധ്യമല്ല. രാവ് പകലിനേ യും മറികടക്കുന്നില്ല. ഓരോന്നും ഓരോ സഞ്ചാരപഥത്തിൽ അനാ യാസം സഞ്ചരിക്കുന്നു."* (36:41)

സ്രഷ്ടാവായ ദൈവം സൃഷ്ടി യായ പ്രപഞ്ചത്തെ അസ്തിത്വ ത്തിൽ കൊണ്ടുവരിക മാത്രമല്ല; അതിന്റെ പ്രവർത്തനത്തിനുവേണ്ടി പ്രപഞ്ചനിയമങ്ങൾ സ്ഥാപിക്കു കയും ചെയ്തു. ഇത് വളരെ സന്തു ലനാത്മകമായ ഒരു സംവിധാനമാ ണെന്ന് ദൈവികഗ്രന്ഥമായ ഖുർ ആൻ പറയുന്നു.

*"ആകാശത്തെ അവൻ ഉയർ ത്തുകയും സന്തുലനം സ്ഥാപിക്കു കയും ചെയ്തിരിക്കുന്നു. നിങ്ങൾ ആ സന്തുലനത്തെ അതിലംഘിക്ക രുത്."* (55:8)

ഈ വചനം പ്രകൃതിയിൽ കാണുന്ന തുലനാത്മക വ്യവസ്ഥ യെ സംബന്ധിച്ച് സൂചിപ്പിക്കുന്നു. ആ പ്രകൃതിവ്യവസ്ഥയിൽ സംഹാ രാത്മകമായി ഇടപ്പെട്ടുകൊണ്ട് ഈ സന്തുലനവ്യവസ്ഥ യെ തകിടം മറി ക്കരുതെന്ന സന്ദേശമാണ് ഈ ദൈവികവചനം നൽകുന്നത്.

പ്രപഞ്ചത്തിന്റെ സാരസംഗ്ര ഹമായ മനുഷ്യസൃഷ്ടിപ്പ് മഹത്വ പൂർണ്ണമായ ഒരു പ്രതിഭാസമാണ് സചേതനലോകത്തിലെ സൃഷ്ടിശ്രേ ണിയിൽ മനുഷ്യന്റെ സ്ഥാനം അദ്വി തീയമാണ്. മനുഷ്യന്റെ ശാരീരിക ഘടന തന്നെ ഇതിന് തെളിവാണ്. മനുഷ്യസൃഷ്ടിയെ വിലയിരുത്തി ക്കൊണ്ട് ഖുർആൻ പറയുന്നു: "നാം മനുഷ്യനെ ഏറ്റവം നല്ല ഘട നയിൽ സൃഷ്ടിച്ചിരിക്കുന്നു" (96:5)

മനുഷ്യശരീരത്തിലെ വിവിധ അവയവ വ്യവസ്ഥയും അവയുടെ ഏകോപനവും അത്ഭുതകരമായ വിധം സമ്പൂർണ്ണമായ ഒരു രൂപക ല്പനയാണ്. മനുഷ്യന്റെ അവയവ ഘടന പരിപൂർണ്ണവും അവികലവു മാണെന്ന് ഈ വചനം വ്യക്തമാക്കു ന്നു. ധിഷണാശേഷിയും ധാർമ്മിക മനഃസാക്ഷിയുമുള്ള മനുഷ്യന്റെ അവയവധർമ്മങ്ങളിൽ എല്ലാം തന്നെ മാനുഷതയുടെ ഒരു സ്പർ ശം നമുക്ക് കാണാൻ സാധിക്കും. അത് മറ്റു ജന്തുക്കളേടതുപോലെ യുള്ള കേവലമായ ഒരു അവയവ പ്രവർത്തനമല്ല. ഉദാഹരണത്തിന് സാധാരണ മൃഗങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നതു പോ ലെയല്ല മനുഷ്യന്റെ കേൾവിയും കാഴ്ചയും. വി.ഖുർആൻ ഇതിന് ഉപയോഗിച്ച പദം സമീഅ് (കേൾ വി) ബസ്വീർ (കാഴ്ച) എന്നിവയാ ണ്. ഇതിനർത്ഥം മനുഷ്യന്റെ ധൈഷണികപരവും ധാർമ്മികബദ്ധ വുമായ കാഴ്ചയും കേൾവിയും എന്നതാണ്. ഇത് കേവലം യാന്ത്രി കവും ജൈവികവുമായ കാണലും കേൾക്കലുമല്ല. ഇത് ആത്മീയവും ധാർമ്മികവുമായ മനുഷ്യന്റെ സം വേദനവുമായി ബന്ധപ്പെട്ടതാണ്.

മനുഷ്യനിലെ അവയവവ്യവ സ്ഥയും അതിനെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളും അത്ഭുതകരമാണ്. മനുഷ്യശരീരം

നിരവധി അവയവവ്യവസ്ഥകളുടെ ഏകോപനത്തിലൂടെയാണ് അത്ഭുതകരമായ കണിശതയോടെ പ്രവർത്തിക്കുന്നത്. ശ്വസനവ്യവസ്ഥ, രക്തചക്രമണ വ്യവസ്ഥ, നാഡീവ്യവസ്ഥ, ദഹനവ്യവസ്ഥ മുതലായവ അനേകം വ്യവസ്ഥകളെ ഏകോപിപ്പിച്ചുകൊണ്ടാണ് മനുഷ്യശരീരം പ്രവർത്തിക്കുന്നത്. മനുഷ്യന്റെ സൂക്ഷ്മകോശങ്ങൾ മുതൽ അവയവ വ്യവസ്ഥകൾ വരെ വ്യാപിച്ചു കിടക്കുന്ന ഈ ഏകോപനവും പ്രവർത്തനവും മനുഷ്യസൃഷ്ടിയുടെ മാഹാത്മ്യം വെളിപ്പെടുത്തുന്നു.

പ്രപഞ്ചസൃഷ്ടിപ്പിലും മനുഷ്യ നിർമ്മിതിയിലും കാണുന്ന സൃഷ്ടിമാഹാത്മ്യം മനുഷ്യന്റെ ഒരിക്കലും നിലയ്ക്കാത്ത അന്വേഷണങ്ങളെ പ്രചോദിപ്പിക്കുന്നതാണ്. ഈ മാഹാത്മ്യത്തിനു പിന്നിൽ അദൃശ്യനായി നിൽക്കുന്ന ശക്തിയോട് സ്തുതിയും സ്തോത്രവും സ്വാഭാവികമായും മനുഷ്യമനസ്സിൽ നിന്ന് ഉയരുകയും ആ മഹാദൈവത്തിന് മുമ്പിൽ മനുഷ്യശിരസ്സ് കുനിയുകയും പ്രണമിക്കുകയും ചെയ്യും. ●

***(18-ൽ നിന്ന് തുടർച്ച)***

അപ്പോൾ ആരാണ് ഇസ്‌ലാം മതത്തെ അപമാനിക്കുകയും ഹീനമാക്കുകയും ചെയ്യുന്നത്? അഹ്‌മദികൾ പരിശുദ്ധ ഇസ്‌ലാം മതത്തിന്റെ ഉടമസ്ഥാവകാശം ദൈവത്തിന്നാണെന്ന് വിശ്വസിക്കുന്നു. എന്നാൽ ജമാഅത്തെ ഇസ്‌ലാമി നേതാവ് അസീം ഇസ്‌ലാം മതത്തെ ഒരു മനുഷ്യോൽപന്നമാണെന്നോ മനുഷ്യന്റെ കണ്ടുപിടിത്തമാണെന്നോ കരുതുന്നുണ്ടോ? ●

The Review of Religions
Nov. 2009

**– വിവ: എ.എം.**

1. http/www youtube.com/ watch?v=Dtv27 x PBKIE & feature related.

2. understanding copyright and Related Rights World Intellectual Property Org. http/www wipo/int free publications/en/ intproperty/909/wip pub 909htm.

***(22-ൽ നിന്ന് തുടർച്ച)***

*പ്രവാചകന്മാർ അതുമുഖേന യഹൂദന്മാർക്കിടയിൽ വിധി കല്പിച്ചുപോന്നു. അപ്പോലെതന്നെ അവരുടെ റബ്ബിമാരും നിയമപണ്ഡിതന്മാരും വിധി കൽപിച്ചിരുന്നു" (5:45). വീണ്ടും പറയുന്നു: "തൌറാത്തിൽ നാം മുമ്പ് വെളിപാടിറക്കിയിരുന്നതിനെ സത്യപ്പെടുത്തിക്കൊണ്ടു ഈസബ്നുമറിയമിനെ* (യേശുവെ) നാം അവരുടെ കാലടികളെ പിന്തുടരുമാറാക്കി; വ്യക്തമായ ഉപദർശനവും വെളിച്ചവും അടങ്ങിയ സുവിശേഷം നാം അവന്ന് പ്രദാനം ചെയ്തു. തൗറാത്തിൽ നാം മുമ്പ് വെളിപാടിറക്കിയിട്ടുള്ളതിനെ സത്യപ്പെടുത്തിക്കൊണ്ടും ഭക്തദാസർക്ക് ഒരു സാരോപദേശമെന്ന നിയലിലും തന്നെ" (5:47) ●

# വഖഫെ ജദീദംഗമായി തിരഞ്ഞെടുത്തു



അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത് കോഴിക്കോട് പ്രാദേശിക അമീറും മേഖലാ അമീറുമായ ജനാബ് കെ.എം. അഹ്‌മദ് കോയ സാഹിബിനെ വഖ്ഫെ ജദീദ് അഞ്ചുമൻ അഹ്‌മദിയ്യാ അംഗമായി ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് (അയ്യദഹു) തിരുമനസ്സ് നിയമിച്ചിരിക്കുന്നു. കേരളത്തിൽ നിന്നുള്ള ആദ്യത്തെ വഖ്ഫെ ജദീദ് അഞ്ചുമൻ അംഗവും സൗത്ത് ഇന്ത്യയിൽ നിന്നുള്ള ഏക വഖഫെ ജദീദ് അഞ്ചുമൻ അംഗവുമാണ് അദ്ദേഹം.

ഇതിനു മുമ്പേ കേരളത്തിൽ നിന്ന് മർഹും ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്.എ., മർഹും സിദ്ദീഖ് അമീറലി സാഹിബ്, എന്നിവരെ സദർ അഞ്ചുമൻ അഹ്‌മദിയ്യാ അംഗങ്ങളായും മർഹും ബി.എം. കോയാ സാഹിബിനെ അഞ്ചുമൻ തഹ്‌രീഖ് ജദീദ് അംഗമായും തിരഞ്ഞെടുത്തിട്ടുണ്ട്. അല്ലാഹു അഹ്‌മദ് കോയാ സാഹിബിന് കൂടുതൽ കൂടുതൽ ദീനിസേവനം ചെയ്യുവാനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. അഞ്ചുമൻ വഖഫെ ജദീദ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട കെ.എം. അഹ്‌മദ് കോയാസാഹിബിന് സത്യദൂതന്റെ അഭിനന്ദനങ്ങൾ.

ലേഖനം

മുഹമ്മദ് ഉമർ, എച്ച്.എ.
അഡീഷണൽ നാസിർ
ഇസ്‌ലാഹൊ ഇർശാദു, ഖാദിയാൻ

കഴിഞ്ഞ ദശകങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിനുണ്ടയ ആഗോളനേട്ടങ്ങൾ രണ്ടാം ഭാഗം

# പുരോഗതിയിലേക്ക് കുതിക്കുന്ന നിർഭയമായ ജമാഅത്ത്

**ദൈവിക സംരക്ഷണവും വിജയവാഗ്ദാനവുമുള്ള അഹ്മദിയ്യാ ജമാഅത്ത് പ്രതിബന്ധങ്ങൾക്കും എതിർപ്പുകൾക്കും നടുവിൽ പുരോഗതിയിലേക്ക് കുതിക്കുകയാണ്.**

സത്യവിശ്വാസം കൈക്കൊണ്ടതിന്നുശേഷം അവിശ്വസിക്കുകയും പിന്നെ അവിശ്വാസത്തിൽ മുന്നേറുകയും ചെയ്തവരുടെ പശ്ചാത്താപം ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. അവർ വഴിപിഴച്ചവർ തന്നെയാണ്. (3:91)

വീണ്ടും അരുൾ ചെയ്യുന്നു:

വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും പിന്നെയും വിശ്വസിക്കുകയും പിന്നെയും അവിശ്വസിക്കുകയും പിന്നീടു അവിശ്വാസം വർദ്ധിക്കുകയും ചെയ്തവരാരോ അല്ലാഹു അവർക്കൊരിക്കലും പൊറുത്തുകൊടുക്കുകയില്ല. അവർക്ക് അവൻ മോക്ഷമാർഗ്ഗം കാണിച്ചുകൊടുക്കുകയുമില്ല (4:138).

മറ്റൊരിടത്തു അരുൾ ചെയ്യുന്നു:

നിങ്ങളിൽ ആരെങ്കിലും തന്റെ മതത്തിൽ നിന്നു പിന്തിരിഞ്ഞുപോകുകയും അങ്ങനെ അയാൾ അവിശ്വാസിയായിക്കൊണ്ട് മരിക്കുകയും ചെയ്യുന്നതായാൽ അത്തരക്കാരുടെ കർമ്മങ്ങൾ ഇഹത്തിലും പരത്തിലും നിഷ്ഫലമായിത്തീരുന്നതാണ്. അവർ നരകവാസികളാകുന്നു. അവരതിൽ ദീർഘകാലം വസിക്കുന്നവരായിരിക്കും. (2:218)

പ്രസ്തുത ദൈവികവചനങ്ങളിൽ നിന്ന് മതത്യാഗികൾക്കു അല്ലാഹു സ്വയം ശിക്ഷ നൽകുന്നതാണെന്നു മനസ്സിലാവുന്നു. അതിന്നായി അല്ലാഹു ആരെയും ഏല്പിച്ചുകൊടുത്തിട്ടില്ല.

ഇന്നു ലോകത്ത് യഥാർത്ഥത്തിലുള്ള സത്യവിശ്വാസികളുടേയും സൽക്കർമ്മികളുടേയും ജമാഅത്ത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണെന്ന് അല്ലാഹു തെളിയിച്ചുകൊണ്ടിരിക്കുന്നു. അതായത് ഇന്നു മുഴുലോകത്തും മുസ്‌ലിംകളുടെ ജമാഅത്തുകളിൽ ദൈവിക വാഗ്ദാനമനുസരിച്ച് ഖിലാഫത്ത് സ്ഥാപിതമായത് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ്.

വിശുദ്ധ ഖുർആനിലെ സൂറത്തുന്നൂറിൽ ഇസ്തിഖിലാഫ് എന്ന ആയത്തിൽ ഖിലാഫത്തിന്റെ സുപ്രധാനമായ രണ്ടു ദിവ്യാനുഗ്രഹങ്ങളെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്.

(1) വലയുമക്കിനന്നലഹും ദീനഹുമുല്ലദിർതളാലഹും. അതായത് അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുന്നതാണ്.

(2) വലയുബദ്ദിലന്നഹും മിൻബഅദിഖൌഫിഹിം അംനാ. അതായത് അവരുടെ ഭയത്തിന്നുശേഷം പകരമായി അവർക്കും രക്ഷയും സമാധാനവും നൽകുന്നതാണ്. (24:56)

ഈ രണ്ടു ദിവ്യാനുഗ്രഹങ്ങളും, അഹ്മദിയ്യാ ജമാഅത്തിൽ പരിപൂർണ്ണമായും പൂർത്തിയായതായി അതിന്റെ ഇതഃപര്യന്തമുള്ള ചരിത്രം വിളിച്ചോതുന്നു.

ഇന്നുലോകത്ത് 1935 രാഷ്ട്രങ്ങളിൽ പതിനായിരക്കണക്കിൽ ശാഖാ ജമാഅത്തുകളിൽ സുശക്തമായ വ്യവസ്ഥിതിയും പ്രചാരണം, ശിക്ഷണം, വിദ്യാഭ്യാസം, സാമ്പത്തികം, ആഭ്യന്തരം എന്നിങ്ങനെ പലവകുപ്പു

കളും ഉപവകുപ്പുകളും ആഗോളാടിസ്ഥാനത്തിൽ അഹോരാത്രം പ്രവർത്തനനിരതമാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോളപ്രവർത്തനങ്ങളെക്കുറിച്ചു അവലോകനം ചെയ്ത സുപ്രസിദ്ധ മത പണ്ഡിതനായിരുന്നു നിയാസ് ഫത്ഫ്പുരി തന്റെ 'നിഗാർ' എന്ന മാസികയിൽ 1960ൽ ഇപ്രകാരമെഴുതി:

*ജീവിതത്തിൽ ആദ്യമായി അഹ്മദിയ്യാ ജമാഅത്തിന്റെ ജീവസ്സും തേജസ്സുമുള്ള പ്രവർത്തനസംവിധാനം കണ്ടു ഞാൻ ഇതികർത്തവ്യതാമൂഢനായി ഒരിടത്ത് നിന്നുപോയി. എന്റെ ജീവിതത്തിലെ ഈ അനുഭവവും അനുഭൂതിയും ഏത് വാക്കുകൾ കൊണ്ടാണ് പ്രകടിപ്പിക്കേണ്ടതെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഇന്നത്തെ മുസ്‌ലിംകളുടെ ശോചനീയാവസ്ഥയും മുസ്‌ലിം പണ്ഡിതന്മാരുടെ നിശ്ചലാവസ്ഥയും കണ്ടു ഞാൻ നിരാശനായിത്തീർന്നിരുന്നു. അവരിൽ ജീവന്റെ ചലനങ്ങൾ ഉത്ഭൂതമാകുമോ എന്ന് എനിക്കു സങ്കല്പിക്കാൻ കൂടി സാധിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ സജീവമായ സംഘടനാ പ്രവർത്തനങ്ങൾ കണ്ടു എന്റെ നിരാശക്കു ശമനം വന്നിരിക്കുകയാണ്. ഞാൻ അഹ്മദിയ്യാ ജമാഅത്തിനെ ഇഷ്ടപ്പെടുന്നത് അത് തന്റെ ഉദ്ദിഷ്ഠ സ്ഥാനം പ്രാപിച്ചിരിക്കുന്നുവെന്നു കണ്ടത് കൊണ്ടാണ്. ഈ ഉദ്ദിഷ്ഠ സ്ഥാനം ഇസ്‌ലാം മതസ്ഥാപകർ (സ.അ.) നിർദ്ദേശിക്കുന്നതാണ്. ഇതിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് എനിക്ക് മറ്റൊന്നും പറയുവാനോ ചിന്തിക്കുവാനോ ഇല്ല തന്നെ.* (നിഗാർ 1960).

ഇത് ഏകദേശം അരനൂറ്റാണ്ടു മുമ്പേയുള്ള അഹ്മദിയാ ജമാഅത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഒരവലോകനമാണ്. ഇന്നു അഹ്മദിയ്യാ ജമാഅത്ത് ആഗോളാടിസ്ഥാനത്തിൽ എത്രയോ മുന്നേറിയിരിക്കുകയാണ്. ആ പ്രവർത്തനങ്ങളെ ശരിക്കും വിലയിരുത്തുവാൻ സാധിക്കുന്നതല്ലെങ്കിലും ചെറിയൊരു വിവരണം നൽകുന്നതിവിടെ ഉചിതമെന്നു തോന്നുന്നു.

ജനറൽ സിയാവുൽഹഖ് അഹ്മദിയ്യാ ജമാഅത്തിന്റെ പ്രചാരണ പരിശ്രമങ്ങൾക്കു തടയിട്ടുകൊണ്ട് ജമാഅത്തിന്റെ കഴുത്തു ഞെരിച്ചു അതിനെ നിർജ്ജീവമാക്കാൻ പദ്ധതിയിട്ടു. എന്നാൽ 1994ൽ Muslim Television Ahmadiyya International മുഖേന 24 മണിക്കൂറും ലോകത്തെങ്ങും ഇസ്‌ലാം മതപ്രചാരണം നിർവഹിച്ചുവരികയാണ്. അങ്ങനെ 'ഞാൻ നിന്റെ പ്രചാരണത്തെ ഭൂമിയുടെ അറ്റങ്ങളോളമെത്തിക്കുന്നതാണെന്ന് അല്ലാഹു ഹദ്റത്ത് മഹ്ദീ മസീഹി(അ)ന്നു നല്കിയ സുവാർത്ത അന്വർത്ഥമായിരിക്കുകയാണ്.

1) അഹ്മദിയ്യാ ജമാഅത്തിന് ഇത് വരെ 69 ഭാഷകളിൽ വിശുദ്ധ ഖുർആൻ പരിഭാഷ പ്രസിദ്ധീകരിക്കുവാൻ സാധിച്ചു. കൂടാതെ 19 ഭാഷകളിൽ തർജ്ജമ പൂർത്തിയായി. 14 ഭാഷകളിൽ തർജ്ജമയുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

2) സിറാലിയോൻ, ബുർക്കിനോഫാസോ എന്നീ ആഫ്രിക്കൻ നാടുകളിൽ അഹ്മദിയ്യാ റേഡിയോ സ്റ്റേഷൻ സ്ഥാപിച്ചു. അതിന്റെ പ്രവർത്തനങ്ങൾ പുരോഗതി പ്രാപിച്ചുവരികയാണ്.

3) റബ്വയിൽ Fazl.e.Oman Research Institution

4) Thahir Heart Institution.

5) ശാഖാസംഘടനകളുടെ സ്ഥാപനം, ലോകത്തുള്ള ലക്ഷക്കണക്കിൽ അഹ്മദിയ്യാ വയോജന, യുവജന ബാല ബാലിക വനിതാസംഘടനകൾ ഓരേ ഒരു നേതാവിന്റെ കീഴിലുള്ള പ്രവർത്തനം, ഈ പ്രവർത്തനം ലോകത്തെവിടെയും കാണാൻ സാധിക്കാത്ത നിസ്തുല്യമായ ഒന്നാണ്.

6) ലോകത്തുള്ള 152 ഭാഷകളിൽ പത്രമാസികകൾ.

7) ലോകത്തെങ്ങും സംഭവിക്കുന്ന പ്രകൃതിക്ഷോഭങ്ങളിൽ അവശതയനുഭവിക്കുന്നവർക്കായി Humanity First എന്ന സംവിധാനത്തിന്റെ സ്ഥാപനം. യു.എൻ.ഒ.വിലും ലോകത്തുള്ള 28 രാഷ്ട്രങ്ങളിലും ഇതിന്റെ പേരു രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു.

8) ഇസ്‌ലാമിന്റെ സന്ദേശവും അതിന്റെ അദ്ധ്യാപനങ്ങളും ലോകത്തെങ്ങും എത്തിക്കുന്നതിന്നായി ഖാദിയാൻ, റബ്വ, യു.കെ. കനഡ, ഘാന, നൈജീരിയ, തെൻസാനിയ, ഇന്റോനേഷ്യ, ശ്രീലങ്ക എന്നീ 13 നാടുകളിൽ മിഷണറി കോളേജുകൾ പ്രവർത്തനനിരതമാണ്.

9) 1984ൽ സിയാവുൽഹഖ് പാകിസ്താനിലെ 10 അഹ്മദിയ്യാ മസ്ജിദുകൾ ബുൾഡോസർ വെച്ചു നശിപ്പിച്ചു. അതിന്നുള്ള മാധുര്യമേറിയ പ്രതികാരമെന്നോണം അല്ലാഹു അഹ്മദികൾക്കു ആഗോളാടിസ്ഥാനത്തിൽ 15877 പള്ളികൾ തന്നനുഗ്രഹിച്ചു. ഇവയിൽ നല്ലൊരു പങ്കു ജമാഅത്തിന്നു സൗജന്യമായി ലഭിച്ചതാണ് എന്ന കാര്യം ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ലോകത്ത് 41 മെഡിക്കൽ സെന്ററുകളും 510 സ്കൂളുകളും കോളേജുകളും വിജയകരമായി പ്രവർത്തിച്ചുവരുന്നു.

ചുരുക്കത്തിൽ അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്തിന്റെ കീഴിൽ തബ്ലീഗ്, തർബിയത്ത്, തഅ്ലീം

***(ശേഷം 30-ൽ)***

ലേഖനം

**അൽഖുർആൻ എക്സിബിഷൻ - 19**

ഏ.ക്യു മഹ്ദി

# ഭാവിയെ സംബന്ധിക്കുന്ന അത്ഭുതകരമായ ചില പ്രവചനങ്ങൾ

## ആധുനിക കാലത്തിന്റെ അടയാളങ്ങളെ വ്യക്തമായ പ്രവചനഭാഷയിൽ അവതരിപ്പിക്കുന്ന ഖുർആന്റെ വചനങ്ങൾ അതിന്റെ സത്യതക്കുള്ള ഉത്തമ സാക്ഷ്യങ്ങളാണ്.

സാങ്കേതികത്തികവിന്റെ ഈ കാലത്ത് ആധുനിക ശാസ്ത്രം ഏറ്റവും അത്ദുതകരമായി കാണുന്ന ഒരു ലോകമാണ് ബഹിരാകാശം. ആ ബഹിരാകാശത്തെപ്പറ്റി ഖുർആൻ പറയുന്ന രണ്ടുമൂന്നു സൂക്തങ്ങൾ നമുക്കിവിടെ വായിക്കാം .

ആകാശത്തിന്റെ തോലുരിക്കപ്പെടും.... ഒപ്പം നക്ഷത്രമാർഗ്ഗങ്ങളുള്ള ആകാശത്തെക്കൊണ്ടു സത്യം എന്നും ഖുർആൻ പറയുന്നു

മറ്റൊരിടത്ത് ജിന്നിന്റേയും ഇൻസിന്റേയും സമൂഹമേ , ആകാശങ്ങളുടേയും ഭൂമിയുടേയും പരിധി അതിവർത്തിച്ചു പോകുവാൻ കഴിയുമെങ്കിൽ നിങ്ങൾ കടന്നു പോവുക. പക്ഷേ, തെളിവോടുകൂടിയല്ലാതെ (ഭൗതിക ശാസ്ത്ര ജ്ഞാനം) നിങ്ങൾക്കു കടന്നു പോകാൻ സാധ്യമല്ലാ.

വീണ്ടും പറയുന്നു,

നിങ്ങൾക്കെതിരെ തീജ്വാലയും ധൂമവും അയക്കപ്പെടും. അപ്പോൾ നിങ്ങൾക്ക് സ്വയം സഹായിക്കാൻ സാധ്യമാകില്ല.

സ്ത്രീ സ്വാതന്ത്ര്യത്തെപ്പറ്റിയും ഖുർആൻ പറയുന്നുണ്ട്.

ജീവനോടെ കുഴിച്ചു മൂടപ്പെട്ട പെൺകുഞ്ഞിനെപ്പറ്റി, അവൾ എന്തു കുറ്റത്തിനാണ് വധിക്കപ്പെട്ടതെന്നുചോദിക്കപ്പെടുമ്പോൾ

പഴയ കാലത്തിൽ നിന്ന് വിഭിന്നമായി സ്ത്രീകൾക്കെതിരെയുള്ള ചൂഷണങ്ങളും കയ്യേറ്റങ്ങളും പീഡനങ്ങളും ചോദ്യം ചെയ്യപ്പെടുകയും അതിനെതിരെ വ്യാപകമായ അവബോധം ജനങ്ങളിലുണ്ടാവുകയും ചെയ്യുമെന്നാണു സൂചന. സ്ത്രീ സംരക്ഷണത്തിനു നിയമനിർമ്മാണം ഉണ്ടാകും എന്നത് ഇന്ന് നിറവേറ്റപ്പെട്ടിരിക്കുന്നു.

പ്രസിദ്ധികരണങ്ങളെപ്പറ്റിയും ഒരു വാക്യം ഖുർആനിലുണ്ട്

"ഏടുകൾ നിവർത്തപ്പെടുമ്പോൾ" എന്ന്. പുസ്തക പ്രസിദ്ധീകരണ രംഗത്ത് നൂതനപൂർവ്വമായ മുന്നേറ്റമുണ്ടാകുമെന്നതിന്റെ സൂചനയാണിത്. രാഷ്ട്രീയ ശക്തികളുടെ തകർച്ചയെപ്പറ്റിയും വേദഗ്രന്ഥത്തിൽ പറയുന്നുണ്ട് .






പർവ്വതങ്ങളെ നാം ചലിപ്പിക്കുകയും ഭൂമിയിൽ വസിക്കുന്നവരെ പുറപ്പെടുന്നവരായി നീ കാണുകയും നാം അവരെ ഒരുമിച്ചു കൂട്ടുകയും ചെയ്യുന്ന നാളിൽ....

കൂടാതെ

വിവിധ വംശജരായ മനുഷ്യർ ഒരുമിച്ചു കൂടുമ്പോൾ എന്നും പറയപ്പെട്ടിട്ടുണ്ട്.

ദേശീയ രാഷ്ട്രങ്ങൾ നശിക്കുകയും രാജ്യാന്തര സൗഹൃദങ്ങൾ ശക്തിപ്പെടുകയും ജനങ്ങളുടെ ദേശാന്തര ബന്ധങ്ങൾ വർദ്ധിക്കുകയും ചെയ്യും . ആധുനിക ഗതാഗത സൗകര്യങ്ങളും വാർത്താവിനിമയ മാധ്യമങ്ങളും ഇന്ന് ഇതിനെ ത്വരിതപ്പെടത്തുകയും ചെയ്യുന്നുണ്ടല്ലോ. പർവ്വതങ്ങൾ ചലിക്കുക എന്നത് രാഷ്ട്രങ്ങളുടെ ശക്തിക്ഷയത്തേയും വിപ്ലവങ്ങളേയും കുറിക്കുന്നു. സോവിയറ്റ് യൂണിയന്റെ തകർച്ചയും, ജർമ്മനിയുടെ ഏകീകരണവും ഉദാഹരണങ്ങളായിക്കാണാം.

'സമുദ്രങ്ങൾ കൂട്ടിയോജിപ്പിക്കപ്പെടും' എന്ന് ഖുർആനിലുണ്ട്. 'സമുദ്രങ്ങൾ പരസ്പരം ഒഴുക്കപ്പെടുമ്പോൾ' എന്നതാണത്. ആധുനിക കാലത്ത് അറ്റ് ലാന്റിക്, പസഫിക്ക് സമുദ്രങ്ങളെ യോജിപ്പിച്ചുകൊണ്ടുള്ള പനാമാ കനാലും ചെങ്കടലിനെയും മെഡിറ്ററേനിയൻ സമുദ്രത്തേയും ബന്ധിപ്പിക്കുന്ന സൂയസ് കനാലും ഇങ്ങ നെ സമുദ്രങ്ങളെ പരസ്പരം ഒഴുക്കിയ ജലപാതകളാണ്

"മൃഗശാലകൾ ഒരുക്കപ്പെടും" എന്നതിനും ചെറിയെരു സൂചന ഖുർആനിൽ കാണാം. "വന്യമൃഗങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ" എന്നതാണാ വാക്യം. ഇന്നത്തെ മൃഗശാലകളെയും വന്യമൃഗ സംരക്ഷണങ്ങളെയും ഇതു സൂചിപ്പിക്കുന്നു

"ഭൂമി ശക്തമായി പ്രകമ്പനം ചെയ്യപ്പെടുകയും അതിന്റെ ഭാരങ്ങൾ പുറന്തളുകയും ചെയ്യുമ്പോൾ" എന്നത്, പുതിയ ലോഹങ്ങളുടെയും മറ്റു ഖനിജങ്ങളുടെയും കണ്ടുപിടിത്തങ്ങളെ സൂചിപ്പിക്കുന്നു . പെട്രോൾ, കൽക്കരി, അലൂമിനിയം, യൂറേനിയം, പ്ലൂട്ടോണിയം, മുതലായ ഖനിജങ്ങളെ കൂടാതെ പുതിയ ലോകത്തിന്റെ നിർമ്മാണം

സാധ്യമല്ലായിരുന്നുവെന്ന പരമാർത്ഥത്തെ ഇത് വ്യക്തമാക്കിത്തരുന്നു

പുരാതന ഈജിപ്റ്റിലെ രാജാവായിരുന്ന ഫിർഔന്റെ ജഡം കണ്ടെടുക്കപ്പെട്ടതുമായി ബന്ധപ്പെട്ട ഒരു ഖുർആൻ സൂചനയുണ്ട് . ഫിർഔന്റെ പ്രാർത്ഥനയും അല്ലാഹുവിന്റെ മറുപടിയും എന്ന രൂപത്തിലാണ് ആ വാക്യം .

"ഒടുവിൽ മുങ്ങുന്ന വിപത്ത് അവനെ പിടികൂടിയപ്പോൾ അവൻ പറഞ്ഞു, ബനു ഇസ്രായീൽ വിശ്വസിച്ചിട്ടുള്ള ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ലെന്നു ഞാൻ വിശ്വസിക്കുന്നു ഞാൻ അനുസരണയുള്ളവനിൽ പെട്ടവനാകുന്നു.

നാം പറഞ്ഞു:

എന്ത് ഇപ്പോഴോ..... മുമ്പേ നീ ധിക്കരിച്ചിരുന്നു. നീ കുഴപ്പക്കാരനിൽ പെട്ടവനാകുന്നു. അതിനാൽ നിന്റെ ദേഹത്താൽ (മാത്രം) നാം ഇന്നു നിന്നെ രക്ഷപ്പെടുത്തുന്നു , നിന്റെ പിറകെയുള്ളവർക്ക് നീയൊരു ദൃഷ്ടാന്തമായിത്തീരുവാൻ വേണ്ടി . തീർച്ചയായും മനുഷ്യരിൽ അധികപേരും നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് അശ്രദ്ധരാണ്."

മൂവായിരം വർഷങ്ങൾക്കു ശേഷം 1881 -ൽ ഫിർഔന്റെ (റാംസീസ് രണ്ടാമൻ ) മമ്മി ഈജിപ്റ്റിൽ നിന്നും കണ്ടെടുക്കപ്പെട്ടു .

(ഈ ലേഖകന് ഫിർഔന്റെ (റാംസീസ് രണ്ടാമൻ) മമ്മി നേരിട്ട് കാണാനുള്ള അവസരമുണ്ടായിട്ടുണ്ട്. ഈജിപ്റ്റ് യാത്രയ്ക്കിടെ കെയ്റോയിൽ വച്ചായിരുന്നു അത്. കെയ്റോ മ്യൂസിയത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്. ലോകത്ത് ഇന്ന് ഏറ്റവും വിലമതിപ്പുള്ള പുരാവസ്തു ഈ മമ്മിയാണ്.)

ഫിർഔൻ മുങ്ങിമരിക്കുന്ന ഒരു കഥ ബൈബിൾ പറയുന്നുണ്ട്. 'ഗറക്ക്' എന്ന പദത്തിന് 'മുങ്ങുക'

എന്നു മാത്രമാണ് ഇവിടെ നൽകാവുന്ന അർത്ഥം. മുങ്ങിമരിക്കുക എന്നല്ല. ധിക്കാരിയായ ഫിർഔൻ ഒടുവിൽ ബനൂ ഇസ്രായീലിന്റെ ദൈവത്തെ വിശ്വസിച്ചതായി പ്രഖ്യാപിച്ചപ്പോൾ നിന്റെ ദേഹത്തെ രക്ഷിക്കും എന്നാണു പറയപ്പെട്ടത്. മൃതശരീരത്തെ രക്ഷിക്കും എന്നല്ല. മുങ്ങുന്ന അപകടത്തെ ഫിർഔൻ അതിജീവിച്ചിട്ടുണ്ടാവണം. ആത്മീയമായി മരിച്ച ആയാൾ ജീവച്ഛവം പോലെ ദീർഘകാലം ജീവിച്ചുവെന്നതാണ് സൂചന.

മൂന്നു സഹസ്രാബ്ദങ്ങൾക്കു മുമ്പേ അടക്കം ചെയ്ത ഫിർഔന്റെ അഥവാ റാംസിസ് രണ്ടാമന്റെ മമ്മി 1881 -ൽ ഈജിപ്റ്റിലെ പിരമിഡുകളിലൊന്നിൽ നിന്നു കണ്ടെടുക്കപ്പെട്ടപ്പോൾ അതിൽ നടത്തിയ ശാസ്ത്രീയ പരീക്ഷണത്തിൽ നിന്ന് ജലത്തിൽ മുങ്ങിയല്ലാ പടുവൃദ്ധനായാണ് അയാൾ മരിച്ചതെന്ന് വ്യക്തമായി തെളിഞ്ഞിട്ടുണ്ട്. നിന്റെ പിറകെയുള്ളവർക്ക് ഒരു ദൃഷ്ടാന്തമായിരിക്കാൻ വേണ്ടി എന്ന ഖുർആനിക വചനവും ഇതോടെ പൂർത്തിയായി. (തുടരും) ●

*(27-ൽ നിന്ന് തുടർച്ച)*

മുതലായ വിഭാഗങ്ങളിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ മൂലം “അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കും” എന്ന ദൈവിക വാഗ്ദാനം ആഗോളമെങ്ങും പൂർണ്ണമായിരിക്കുന്നത് വ്യക്തമായി കാണാവുന്നതാണ്.

ഖിലാഫത്തിന്റെ അതിമഹത്തായ ദിവ്യാനുഗ്രഹം എല്ലാവിധ ഭയാശങ്കകളേയും സമാധാനത്തിലേക്കും സുരക്ഷയിലേക്കും പരിവർത്തനം ചെയ്യിക്കുന്നുവെന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇതഃപര്യന്തമുള്ള ചരിത്രം ഈ ദൈവികവാഗ്ദാനത്തെ സാക്ഷാൽക്കരിക്കുന്നു. 1934ൽ ഇന്ത്യയിലങ്ങോളമിങ്ങോളം നടന്നു അഹ്റാരികളുടെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം, 1947ൽ ഇന്ത്യാവിഭജനത്തോടനുബന്ധിച്ചു നടന്ന വർഗ്ഗീയലഹളകൾ, 1954ൽ പാകിസ്താനിൽ നടന്ന അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം, ഈജിപ്തിലെ ഫാറൂഖ് രാജാവ്, സൗദിയയിലെ ശൈഖ് ഫൈസൽ പാക്കിസ്താനിലെ ദുൽഫിഖാർ അലി ഭൂട്ടോ, പാക്ക് മുൻ പ്രസിഡണ്ട് സിയാവുൽഹഖ് എന്നീ ഭരണത്തലവന്മാരുടെ അഹ്മദിയ്യാ ജമാഅത്തിനെ നശിപ്പിക്കുവാനുള്ള സുശക്തമായ പദ്ധതികൾ അവയെ പ്രാവർത്തികമാക്കാനുള്ള തീവ്രയത്നങ്ങൾ ഇവയുടെയൊക്കെ ദാരുണമായ പരാജയങ്ങളും പായയിൽ വീണ കുപ്പിച്ചില്ലുപോലെ ചിന്നിച്ചിതറി നാമാവശേഷമായ ചരിത്രയാഥാർത്ഥ്യങ്ങളും ഖിലാഫത്തുമായി ബന്ധപ്പെട്ട ദൈവികവാഗ്ദാനത്തിന്റെ പൂർത്തീകരണത്തിന്നുള്ള അടയാളങ്ങളാണ്.

ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് (അ) അരുൾ ചെയ്യുന്നു:

*ഇത് ഉപരിലോകത്ത് നിന്നു സ്ഥാപിതമായ ഒരാത്മീയ പ്രസ്ഥാനമാകുന്നു. നിങ്ങൾ അല്ലാഹുവിനോടു പോരിന്ന് വരേണ്ട. നിങ്ങളെക്കൊണ്ടൊരിക്കലും ഇതിനെ നശിപ്പിക്കുവാൻ സാധ്യമല്ല. അവൻ ഇതിനെ എപ്പോഴും വിജയിപ്പിച്ചുകൊണ്ടേ ഇരിക്കും. അതുകൊണ്ടു നിങ്ങളുടെ സംസ്കരണത്തിന്നായി അല്ലാഹുവിനാൽ സ്ഥാപിതമായ ഈ പ്രസ്ഥാനത്തെ നിസ്സാരമായി ഗണിക്കരുത്. ഇതിനെ ലാഘവദൃഷ്ടിയോടെ വീക്ഷിക്കയുമരുത്. ഒരു കാര്യം നിങ്ങൾ നന്നായി മനസ്സിലാക്കണം. ഈ പ്രസ്ഥാനം മനുഷ്യനിർമ്മിതമായതായിരുന്നുവെങ്കിൽ പരോക്ഷമായ സഹായഹസ്തങ്ങൾ ഈ പ്രസ്ഥാനത്തോടൊപ്പമുണ്ടായിരുന്നില്ലെങ്കിൽ ഇതെപ്പോഴേ നശിച്ചുപോകുമായിരുന്നു. അങ്ങനെയുള്ള വ്യാജവാദിയും കറ്റുകെട്ടുകാരനും അവന്റെ എല്ലുകൂടി അവശേഷിക്കാത്തനിലയിൽ നശിച്ചുനാമാവശേഷമായിത്തീരുന്നതാണ്. അതുകൊണ്ടു നിങ്ങൾ നിങ്ങളുടെ എതിർ പ്രവർത്തനങ്ങളെക്കുറിച്ച് ഒന്നു പുനർചിന്തനും ചെയ്യുക. ഒരുപക്ഷേ, നിങ്ങൾക്കു തെറ്റുപറ്റിയിരിക്കാം. നിങ്ങൾ അല്ലാഹുവിനോടാണോ പോരാടുന്നതെന്ന് ചിന്തിച്ചുനോക്കുക. അതോടൊപ്പം ഒരു വ്യക്തി കൂടി ഇല്ലാതിരിക്കുകയും എല്ലാരും തന്നെ ഉപേക്ഷിച്ചുപോരുകയും ചെയ്താലും എനിക്കൊരാശങ്കയും ഭീതിയും ഇല്ല തന്നെ. അല്ലാഹു എന്നോടൊപ്പമുണ്ട് എന്ന് ഞാനറിയുന്നു. എന്നെ ആരുമറിയുന്നില്ല. എന്നാൽ എന്നോടൊപ്പമുള്ള അല്ലാഹു എന്നെ ഒരിക്കലും പാഴാക്കുകയില്ല. ശത്രുക്കളുടെ എല്ലാ പ്രവർത്തനങ്ങളും അനാവശ്യവും പ്രയോജനരഹിതവുമാണ്. എന്റെ പ്രകൃതിയിൽ പരാജയമെന്നൊന്നില്ല തന്നെ. ഞാൻ തനിച്ചായിരുന്നു. എന്നാൽ തനിച്ചാകുന്നതിൽ ഞാൻ തൃപ്തനാണ്. അല്ലാഹു എന്നെ ഒരിക്കലും ഉപേക്ഷിച്ചുകളയുന്നതല്ല. എന്റെ ശത്രുക്കൾ അപമാനിതരും ലജ്ജിതരും ആയിത്തീരുന്നതാണ്. അല്ലാഹു തന്റെ ഈ ദാസന്ന് ഓരോ രംഗത്തും വിജയം തന്നനുഗ്രഹിക്കുന്നതാണ്. ഞാൻ അവനോടൊപ്പവും അവൻ എന്നോടൊപ്പവും ഉണ്ട്. അല്ലാഹുവുമായുള്ള ഈ ബന്ധത്തിന്ന് ക്ഷതമേല്പിക്കുവാൻ ആരാലും സാധ്യമല്ല.* (റൂഹാനി ഖസായിൻ) ●

ലേഖനം

റഫി അഹ്മദ്, അമേരിക്ക

# ദൈവത്തിന്റെ അസ്തിത്വം: അന്തിമതെളിവ് അനുഭവജ്ഞാനം

**മതത്തിൽ കൃത്രിമമായി ചേർക്കപ്പെട്ട വൈകല്യങ്ങളും വൈരുദ്ധ്യങ്ങളും ചൂണ്ടിക്കാട്ടിയാണ് ആളുകൾ നാസ്തികവാദത്തിലേക്ക് തിരിയുന്നത്. ദൈവാസ്തിത്വത്തെ സംബന്ധിച്ച ദൃഢബോദ്ധ്യം അനുഭവജ്ഞാനത്തിലൂടെ മാത്രമേ ലഭിക്കൂ.**

## വിടവുകളുടെ ദൈവം

മതവിശ്വാസികൾ 'വിടവുകളുടെ ദൈവം' എന്ന സങ്കല്പത്തിൽ അഭയം തേടുന്നുവെന്ന് നാസ്തികർ ആരോപിക്കുന്നു. ശാസ്ത്രവിജ്ഞാനത്തിന്റെ പഴുതുകളിലേക്ക് ദൈവത്തെ തിരുകിക്കയറ്റുന്നു എന്നവർ ആക്ഷേപിക്കുന്നു. സമകാലീന ശാസ്ത്രത്തിൽ എന്തെങ്കിലും വിടവുകൾ കണ്ടാൽ അത് ദൈവത്തിന്റെ പേരിൽ നികത്തുന്നു. ശാസ്ത്രം പുരോഗമിക്കുന്നതിനനുസരിച്ച് ഈ വിടവുകൾ ഇല്ലാതായി വരുന്നു. ദൈവത്തിന് ഒളിക്കാൻ ഇടമില്ലാതെ വരികയും ചെയ്യുന്നു.

എന്നാൽ, ഈ ആക്ഷേപം യഥാർത്ഥത്തിൽ സത്യസന്ധമാണോ? സമീപഭൂതകാലത്തുണ്ടായ ഒരു ഉദാഹരണമെടുക്കാം. ഏണസ്റ്റ് ഹയേക്കൻ പത്തൊമ്പതാം നൂറ്റാണ്ടിലെ പ്രഗത്ഭനായ ജീവശാസ്ത്രജ്ഞനായിരുന്നു. ഒരു കോശത്തിനകം ജീവദ്രവ്യങ്ങളുടെ (പ്ലോട്ടോപ്ലാസം) കൂമ്പാരമാണെന്ന് തന്റെ സമകാലീനരായ ശാസ്ത്രജ്ഞന്മാരെപ്പോലെ അദ്ദേഹവും കരുതി. ജീവൻ സ്വയംകൃത പ്രജനനം (Spontaneous generation) നടത്തുന്നു എന്ന് അദ്ദേഹം വാദിച്ചു. കഴിഞ്ഞ അൻപത് വർഷം തന്മാത്ര ജീവശാസ്ത്രം വമ്പിച്ച പുരോഗതി പ്രാപിക്കുകയുണ്ടായി. ഇന്ന് നമുക്ക് ഒരു കോശത്തിനകത്തെ അതിസങ്കീർണ്ണമായ ഘടനയെക്കുറിച്ചറിയാം. മനുഷ്യബുദ്ധിയുണ്ടാക്കിയ ഏതൊരു നിർമ്മിതിയെക്കാളും മികച്ച രീതിയിൽ പ്രവർത്തിക്കുന്നതാണ് അവയെന്നറിയാം. കോശങ്ങൾ സ്വയംഭുവാണെന്ന വാദം ഇപ്പോൾ അംഗീകരിക്കാൻ പറ്റില്ല.

കോശത്തെ സംബന്ധിച്ച് ശാസ്ത്രരംഗത്തുണ്ടായ ഈ കണ്ടെത്തലുകളൊന്നുംതന്നെ ദൈവത്തെ എവിടെനിന്നും മാറ്റി നിർത്തിയിട്ടില്ല. മറിച്ച്, ഇരുപതാം നൂറ്റാണ്ടിലെ മഹത്തായ ഈ കണ്ടുപിടിത്തമെല്ലാം ബുദ്ധിപരമായ സംവാദങ്ങളിൽ ദൈവത്തിന്റെ സ്ഥാനം കൂടുതൽ ഉറപ്പിക്കുകയാണ് ചെയ്യുന്നത്.

## ദൈവനിഷേധത്തിന്റെ കാരണങ്ങൾ?

നിരവധി നാസ്തികർ പ്രതിഭാശാലികളാണ്, ചിന്തകരും ശാസ്ത്രകാരന്മാരുമാണ്. ഈയൊരു വസ്തുത നിരന്തരമായി ഒരു ചോദ്യം ഉയർത്തുന്നു. അതായത് കാര്യങ്ങൾ നന്നായറിയുന്ന ഈ വിഭാഗങ്ങൾക്കിടയിൽ എന്തുകൊണ്ട് അവിശ്വാസവും ദൈവനിഷേധവും ഉണ്ടാവുന്നു?എന്റെ വീക്ഷണത്തിൽ ശാസ്ത്രജ്ഞന്മാരുടെ ദൈവനിഷേധവും അവരുടെ ശാസ്ത്രസംരംഭവും തമ്മിൽ യാതൊരു ബന്ധവുമില്ല. അതേസമയം ശാസ്ത്രസംരംഭങ്ങൾ അടിസ്ഥാനപരമായി ദൈവം ഉണ്ടായിരിക്കാം അല്ലെങ്കിൽ ഇല്ലാതെയുമിരിക്കാം എന്ന ആജ്ഞേയവാദത്തിലാണ് (Agnostic) നിലകൊള്ളുന്നത്.

ജനങ്ങൾ ദൈവത്തെ നിഷേധിക്കാനുള്ള കാരണങ്ങൾ താഴെ പറയുന്ന വിഷയങ്ങളിൽനിന്ന് ഉയർന്നുവരുന്നതാണ്. അവ മനുഷ്യാവസ്ഥയുമായി ബന്ധപ്പെട്ടതാണ്. സർവ്വജ്ഞാനിയായ ദൈവത്തിനു കീഴിൽ മനുഷ്യന് എങ്ങനെ സ്വതന്ത്ര ഇച്ഛാശക്തിയുണ്ടാവുന്നു? നന്മ സൃഷ്ടിക്കുന്ന ദൈവം എന്തിന് തിന്മ സൃഷ്ടി

ക്കുന്നു?

ശാശ്വതമായ നരകം എന്തുകൊണ്ട്? കരുണാവാരിധിയായ ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യൻ സഹിക്കുന്ന കഷ്ടപ്പാട് എന്ത്കൊണ്ട്? മുതലായവയാണ് നാസ്തികതയിലേക്ക് നയിക്കുന്ന മനുഷ്യാവസ്ഥകൾ. ഒരുപക്ഷേ, ദൈവത്തേയും മതത്തേയും നിഷേധിക്കാനുള്ള പ്രധാന കാരണം മതങ്ങൾ തന്നെയാണ്. നാസ്തികരായ ശാസ്ത്രജ്ഞന്മാർ മതപരമായ സിദ്ധാന്തങ്ങളേയും ഗ്രന്ഥങ്ങളേയും വളരെ അവജ്ഞയോടെയാണ് കാണുന്നത്. പ്രപഞ്ചത്തിൽനിന്ന് അവൻ പഠിച്ചറിഞ്ഞ മഹത്തായ സത്യങ്ങൾ മേൽപറഞ്ഞ മതങ്ങളും മതഗ്രന്ഥങ്ങളും പരിചയപ്പെടുത്തുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങളിൽ കാണുന്നില്ലെന്ന വസ്തുതയാണ് അവരുടെ ഈ അവജ്ഞാമനോഭാവത്തിന് ന്യായീകരണമായി പറയുന്നത്.

അന്ധവിശ്വാസജടിലമായ നാടോടിക്കഥകൾ, നിഗൂഢാത്മകമായ വേദശാസ്ത്രം, അന്തസ്സാരശൂന്യമായ ആചാരങ്ങൾ, പരിവർജനത്തിന്റെ തത്ത്വശാസ്ത്രം, സ്ത്രീകൾക്കെതിരെയുള്ള അവഗണന, അസഹിഷ്ണുതയുടെ മതസിദ്ധാന്തങ്ങൾ, അയുക്തികത മുതലായ പോരായ്മകൾ ബൃഹത്തും മഹത്തരവുമായ ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവിൽ ആരോപിക്കുമ്പോൾ നാസ്തികവാദം ശാസ്ത്രചിന്തയുടെ സ്വാഭാവിക പരിണതിയായി വരുന്നു.

മതത്തിന്റെ പേരിൽ ഭീകരമായ ക്രൂരകൃത്യങ്ങൾ ധാരാളമായി ഉണ്ടാവുക എന്ന വസ്തുതയെ ഉദാഹരിച്ചുകൊണ്ട് സ്റ്റീവൻ വെയ്ൻ ബർഗ്ഗ് ഈ പ്രശ്നം സംക്ഷിപ്തരൂപത്തിൽ ഇങ്ങനെ അവതരിപ്പിക്കുന്നു.

*'നല്ലയാളുകൾ നല്ല പ്രവൃത്തി ചെയ്യുന്നു. ചീത്തയാളുകൾ ചീത്ത പ്രവൃത്തി ചെയ്യുന്നു. എന്നാൽ നല്ലയാളുകൾ ചീത്ത പ്രവൃത്തി ചെയ്യുമ്പോൾ അത് മതം ഏറ്റെടുക്കുന്നു.'* (9)

## ദൈവാനുഭവം

ഒരുപക്ഷേ, ദൈവത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ച അന്തിമവും ആത്യന്തികവുമായ തെളിവ് ദൈവത്തെ സംബന്ധിച്ച ദിവ്യദൃഷ്ടാന്തങ്ങളുടെ വ്യക്തിപരമായ അനുഭവങ്ങളാണ്. വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു:

*'ദൈവികാന്വേഷണം കഠിനമായ ഒരു പ്രയത്നമാകുന്നു. ആകാശഭൂമികളെ നിരീക്ഷിക്കുകയും പ്രപഞ്ചത്തിന്റെ അവികലമായ ക്രമവിന്യാസത്തെ സംബന്ധിച്ച് ഗാഢമായി മനനം ചെയ്യുകയും ചെയ്താലും പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവ് ഉണ്ടായിരിക്കണം എന്ന നിഗമനത്തിലേക്ക് മാത്രമേ അത് നമ്മെ നയിക്കൂ. എങ്കിലും അത് അത്തരം ഒരു സ്രഷ്ടാവ് നിലനില്ക്കുന്നു എന്നതിന്റെ തെളിവാകുന്നില്ല. ആയിരിക്കാം എന്നതിനും ആകുന്നു എന്നതിനും വ്യത്യാസമുണ്ട്.'*

അദ്ദേഹം തുടരുന്നു.

*ദൈവത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ച് ദൃഢജ്ഞാനം തേടുക എന്നതാണ് ഒരു മനുഷ്യന്റെ പ്രഥമ കർത്തവ്യം. പിന്നീട് ഈ സുനിശ്ചിത ജ്ഞാനം പ്രാപിക്കാൻ ഏതെങ്കിലും ഒരു മതത്തെ അവലംബിക്കുക എന്നതാണ്. എങ്ങനെ ഈ ദൃഢജ്ഞാനം കരഗതമാക്കാം? അത് വെറും കഥകളിലൂടെ പ്രാപിക്കാൻ സാധ്യമല്ല. അത് കേവലം വാദമുഖങ്ങളവതരിപ്പിച്ച് നേടാനും സാധ്യമല്ല. അവനോട് തുടർച്ചയായ സംഭാഷണം മുഖേനയോ അല്ലെങ്കിൽ അവന്റെ അനിതരസാധാരണമായ അടയാളങ്ങൾക്ക് സാക്ഷിയാവുന്നത് മുഖേനയോ അല്ലാതെ ആ ദൃഢജ്ഞാനത്തിന്റെ അനുഭവം പ്രാപിക്കാൻ സാധ്യമല്ല* (10)

### ഉപസംഹാരം

മേൽ കൊടുത്ത ചർച്ച ദൈവാസ്തിത്വത്തെ സംബന്ധിച്ച യുക്തിപരമായ തെളിവുകൾ നൽകാനുള്ള ഒരു ശ്രമമാണ്. ആദർശങ്ങൾ, മതസിദ്ധാന്തങ്ങൾ, വ്യാഖ്യാനങ്ങൾ, കണ്ടുപിടിത്തങ്ങൾ, വാദമുഖങ്ങൾ, യുക്തിബോധം, യുക്തിസമർത്ഥനങ്ങൾ മുതലായ എല്ലാ പ്രവർത്തനങ്ങളും മതത്തിന്റെ ബാഹ്യജ്ഞാനങ്ങളാണ്. ഇതെല്ലാം തന്നെ ദൈവവും മനുഷ്യനുമായി ഒരു ബന്ധം സ്ഥാപിക്കാനുള്ള ഉപാധികൾ മാത്രമാണ്. അനുഭവജ്ഞാനത്തിന്റെ ഔന്നത്യത്തിൽ വ്യക്തിക്കുണ്ടാകുന്ന യഥാർത്ഥജ്ഞാനമാണ് അന്തിമവും ആത്യന്തികവും അഗാധവുമായ ദൈവികാനുഭവം. അതാണ് ദൈവത്തിന്റെ അസ്തിത്വത്തെ ദൃഢമായി സ്ഥാപിക്കുന്നത്.

വാഗ്ദത്ത മസീഹ് പറയുന്നു:

*'ദൈവികാനുഭവത്തിന്റെ ദൃഢജ്ഞാനം ആർജിക്കാനുള്ള ഒരേയൊരു മാർഗ്ഗം ദൈവവുമായുള്ള നിരന്തര സംഭാഷണമാണ്. അല്ലെങ്കിൽ അവന്റെ അസാധാരണമായ ദൃഷ്ടാന്തങ്ങൾക്ക് സാക്ഷിയാവുക എന്നതുമാണ്'* (10)

ശാസ്ത്രത്തിന്റെ പുരോഗതി പ്രപഞ്ചത്തിന്റെ സങ്കീർണ്ണതകൾ വെളിപ്പെടുത്തുന്നു. പ്രപഞ്ചത്തിന്റെ ദൈവികാസൂത്രണത്തിന്റെ മഹിതപ്രതാപം വിളിച്ചറിയി

***(ശേഷം 42- ൽ)***

ലേഖനം

പി.എ. മുഹമ്മദ് സലീം
കൊടുങ്ങല്ലൂർ

# മുബാഹലയുടെ ദൃഷ്ടാന്തം 'പ്രബോധന'ത്തിനുള്ള മറുപടി - 8

**മുഹമ്മദ് നബി(സ)ക്ക് ശേഷം തന്റെ അനുസാരിയായിക്കൊണ്ട് പ്രവാചകന്മാർക്ക് വരാമെന്നതിന് അനിഷേധ്യമാംവിധം ഹദീസുകൾ സാക്ഷ്യം വഹിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ എതിരാളികൾ ഈ സത്യം ഗ്രഹിക്കാത്തതെന്ത്? സിദ്ധീക്ക് ഹസൻ സാഹിബിനുള്ള കത്ത് തുടരുന്നു.**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ അയച്ച രണ്ട് കത്തുകളും താങ്കൾ വായിച്ചിരിക്കുമെന്ന് വിശ്വസിക്കുന്നു. അത് സംബന്ധിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങൾ അറിയിക്കുമല്ലോ. ഇനി നമുക്ക് ചർച്ച ചെയ്യുവാനുള്ള സംഗതിയെന്തെന്നാൽ, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ അദ്ധ്യാപനമനുസരിച്ച് ഖാത്തമുന്നബിയ്യീൻ എന്നതിന് 'തിരുനബി (സ)ന് ശേഷം ഒരു നിലക്കുമുള്ള നബിക്ക് വരാൻ പാടില്ല' എന്ന അർത്ഥം ഉണ്ടോ എന്നതാണ്.

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി തന്റെ ഉമ്മത്തിൽ മസീഹുബ്നുമർയം പ്രത്യക്ഷനാകുമെന്ന് ദീർഘദർശനം ചെയ്തിരിക്കുന്നു. ഹദീസിന്റെ ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ളവയായി ഗണിക്കപ്പെടുന്ന 'മുഅത്വാ ഇമാം മാലിക്, സഹീഹുൽ ബുഖാരി, സഹീഹു മുസ്‌ലിം എന്നീ ഗ്രന്ഥങ്ങളിൽ മാത്രമല്ല 'സിഹാഹുസിത്ത' യിൽ ഉൾപ്പെട്ടതും ഉൾപ്പെടാത്തതുമായുള്ള എല്ലാ ഗ്രന്ഥങ്ങളിലും മസീഹുബ്നുമർയമിന്റെ ആഗമനത്തെക്കുറിച്ച് പ്രവചിക്കുന്ന ഹദീസുകൾ വളരെ വ്യക്തമായും രേഖപ്പെട്ടുകിടക്കുന്നു. പ്രസ്തുത പ്രവചനമടങ്ങിയ ഹദീസു കാണപ്പെടാത്ത ഒരൊറ്റ ഹദീസുഗ്രന്ഥവും ഇല്ലെന്നു തന്നെ പറയാം. മാത്രമല്ല, മസീഹുബ്നു മർയമിന്റെ വരവിനെ സംബന്ധിച്ച് 73 ഹദീസുകളുള്ളതായും പറയപ്പെട്ടിരിക്കുന്നു. പുണ്യ തിരുമേനി(സ)യുടെ പ്രവചനത്തിന്റെ ഗൗരവം കാണിക്കുന്നതിന് വേണ്ടി മാത്രം ഇമാം ബുഖാരിയുടേയും മുസ്‌ലിമിന്റേയും 'സഹീഹി'ൽ നിന്നു ഒരു രിവായത്ത് മാത്രം താഴെ ഉദ്ധരിച്ചുകൊള്ളട്ടെ.

"എന്റെ ജീവൻ ഏതൊരുവന്റെ കൈയിൽ ഇരിക്കുന്നുവോ അവനെക്കൊണ്ട് ഞാൻ സത്യം ചെയ്തുപറയുന്നു: തീർച്ചയായും ഇബ്നു മർയം നിങ്ങളിൽ അവതരിക്കുന്നതാണ്."

സഹീഹു മുസ്‌ലിം, ജാമിഉത്തിർമദീ, മുസ്നദ് അഹ്മദ് എന്നീ മൂന്നു ഹദീസുഗ്രന്ഥങ്ങളിലും, വരുന്ന മസീഹു നബിയായിരിക്കുമെന്ന് പ്രത്യേകം പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുത പ്രവചനമടങ്ങിയ സഹീഹു മുസ്‌ലിമിലെ സുദീർഘമായഹദീസ് ഉമ്മത്തിൽ ആഗതനാകുന്ന മസീഹിനെക്കുറിച്ച് പുണ്യതിരുമേനി(സ) "നബിയുല്ലാഹി ഈസാ സ്വല്ലല്ലാഹു അലൈഹി വസല്ലമ വ അസ്ഹാബുഹൂ" എന്ന് 4 പ്രാവശ്യം വിശേഷിപ്പിച്ചിരിക്കുന്നു. പ്രസ്തുത ഹദീസിൽ നിന്ന് വ്യക്തമാകുന്ന സംഗതിയെന്തെന്നാൽ, ആഗതനാകുന്ന മസീഹ് നബിയായിരിക്കുമെന്ന് മാത്രമല്ല, അദ്ദേഹത്തിന് ബൈഅത്ത് ചെയ്യുന്ന സഹാബാക്കളും ഉണ്ടാകുമെന്നാണ്. ഇനി ഐ.പി.എച്ച്. പ്രസിദ്ധീകരിച്ച മൗലാനാ മൗദൂദി സാഹിബിന്റെ 'ഖത്മുന്നുബുവ്വത്ത്' എന്ന കൃതിയിൽ 'മറിയമിന്റെ പുത്രൻ ഈസായുടെ ഇറക്കത്തെപ്പറ്റിയുള്ള ഹദീസുകൾ' എന്ന തലക്കെട്ടിൽ ഉദ്ധരിച്ചിട്ടുള്ള ഹദീസുകളിൽ 6-ാം നമ്പരായി (പേ. 64) ചേർത്തിട്ടുള്ള ഹദീസിൽ പറഞ്ഞിരിക്കുന്നത് കാണുക.

"അബൂഹുറൈറ(റ)യുടെ നിവേദനം: നബി(സ) തിരുമേനി അരുൾ ചെയ്തു: 'എന്റെയും അദ്ദേഹത്തിന്റെയും (അതായത് ഈസായുടെയും) ഇടയിൽ ഒരു നബിയി

ല്ല.'' അപ്പോൾ ആഗതനാകുന്ന മസീഹ് നബിയായിരിക്കുമെന്ന് വളരെ വ്യക്തമായി. (അബൂദാവൂദ് - മുസ്നദ് അഹ്മദ്). ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ വ്യക്തമായ അദ്ധ്യാപനമനുസരിച്ച് ഉമ്മത്തിൽ മസീഹ് അവതരിക്കുമെന്നും അദ്ദേഹം നബിയായിരിക്കുമെന്നും മാത്രമല്ല, അദ്ദേഹത്തിന് സഹാബാക്കളുണ്ടാകുമെന്നും വളരെ വ്യക്തമായി. അപ്പോൾ പുണ്യതിരുമേനി(സ) യുടെ വ്യക്തമായ പ്രസ്തുത അദ്ധ്യാപനമനുസരിച്ച് ഖാതമുന്നബിയ്യീൻ എന്നതിനു 'നബിതിരുമേനിക്ക് ശേഷം ഒരു നിലക്കുമുള്ള നബി വരികയില്ല' എന്ന് അർത്ഥം കല്പിക്കുക സാദ്ധ്യമല്ലന്നും വ്യക്തമായി. എന്നു മാത്രമല്ല, മുസ്‌ലിം ഉമ്മത്തിൽ നബിക്ക് വരാമെന്ന വിശുദ്ധ ഖുർആനിന്റെ വ്യക്തമായ അദ്ധ്യാപനത്തിന് പുണ്യതിരുമേനി(സ)യുടെ പ്രസ്തുത പ്രവചനങ്ങൾ സാക്ഷ്യവുമായിരിക്കുന്നു!

ഇനി ഇത് സംബന്ധമായി താങ്കൾ കത്തിലെഴുതിയ ഒരു പരാമർശത്തെക്കുറിച്ച് ചർച്ച ചെയ്യാം.

താങ്കൾ എഴുതി: "ഈ സൂക്തത്തിന്റെ അർത്ഥമെന്തെന്ന് മുഹമ്മദ് മുസ്ത്വഫാ (സ) തിരുമേനി നിരവധി ഹദീസുകളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

''അനാ ഖാതമുന്നബിയ്യീൻ വലാ നബിയ്യ ബഅദീ" എന്നവസാനിക്കുന്ന 70 ഓളം ഹദീസുകൾ ബുഖാരി, മുസ്‌ലിം തുടങ്ങിയ ഗ്രന്ഥങ്ങളിൽ കാണാം"

വാസ്തവത്തിൽ പ്രസ്തുത വചനങ്ങളുള്ള 70 ഓളം ഹദീസുകൾ ഉണ്ട് എന്ന താങ്കളുടെ പ്രസ്താവം ശരിയല്ല. ഏതായാലും "ലാ നബീയ്യ ബഅ്ദീ" എന്നവസാനിക്കുന്ന ഹദീസുകൾ 20-ൽ താഴെ മാത്രമേയുള്ളൂ എന്നതാണ് വാസ്തവം. എന്നാൽ ഈസാനബിയുടെ ആഗമനത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഹദീസുകൾ 70-ൽ ഏറെ ഉണ്ടെന്നുള്ളത് സത്യമാണ്. ഇവിടെ ഗൗരവപൂർവ്വം ചിന്തിക്കേണ്ട ചില സംഗതികൾ താഴെ ചർച്ച ചെയ്യാം.

* വിശുദ്ധ ഖുർആനികാദ്ധ്യാപനമനുസരിച്ച് ഉമ്മത്തിൽ നബിക്ക് വരാമെന്ന് വ്യക്തമായും തെളിയുന്നു.

* പ്രസ്തുത ഖുർആനികാദ്ധ്യാപനത്തെ പിൻബലപ്പെടുത്തിക്കൊണ്ട് തന്റെ ഉമ്മത്തിൽ 'മസീഹുബ്നുമർയം' ആഗതനാകുമെന്ന് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി സഗൗരവം അരുൾ ചെയ്തിരിക്കുന്നു.

* ''ലാ നബിയ്യ ബഅ്ദീ'' അഥവാ എനിക്ക് ശേഷം നബിയില്ല എന്നവസാനിക്കുന്ന ഹദീസുകളും വളരെ വ്യക്തമായിത്തന്നെ ഹദീസു ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുകിടക്കുന്നു. അപ്പോൾ ഒന്നുകിൽ;

* 'ലാ നബിയ്യ ബഅ്ദീ' എന്ന ഹദീസിനെ മാത്രം സ്വീകരിച്ചുകൊണ്ട് വിശുദ്ധ ഖുർആനിലെ പ്രബലമായ പ്രമാണങ്ങളേയും മസീഹുബ്നുമർയം ആഗതനനാകുമെന്ന പുണ്യതിരുമേനിയുടെ പ്രവചനങ്ങളേയും നിരാകരിക്കേണ്ടി വരും.

* അല്ലെങ്കിൽ ലാനബിയ്യ ബഅ്ദീ എന്നവസാനിക്കുന്ന ഹദീസുകളെ, വിശുദ്ധ ഖുർആനിൽ രേഖപ്പെട്ടുകിടക്കുന്ന 'ഇനിയും നബിക്ക് വരാമെന്ന' പൊതുനിയമ പ്രമാണങ്ങൾക്കും തീർച്ചയായും ഉമ്മത്തിൽ 'മസീഹുബ്നുമർയം' ആഗതനാകുമെന്നുള്ള പുണ്യതിരുമേനി(സ)യുടെ വ്യക്തമായ പ്രവചനങ്ങൾക്കും അനുസൃതമായി വ്യാഖ്യാനിക്കേണ്ടിവരും.

ഒരു സത്യവിശ്വാസി മേൽപറയപ്പെട്ട രണ്ട് വഴികളിൽ ഏത് സ്വീകരിക്കണം? പണ്ഡിതനായ താങ്കൾ തീർച്ചയായും ഇത് വിശദമാക്കുവാൻ ബാധ്യസ്ഥനാണ്. ഇനി നമ്മുടെ ചർച്ചയിലൂടെ ഉരുത്തിരിയുന്ന ചില വസ്തുതകൾ സാന്ദർഭികമായി പണ്ഡിതനും ചിന്തകനുമായ താങ്കളുടെ ശ്രദ്ധയിലേക്ക് വെക്കുകയാണ്.

* ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനിക്ക് ശേഷം ഇനി ഒരു നിലക്കുമുള്ള നബി വരികയില്ലെന്ന് സ്ഥാപിക്കുവാൻ താങ്കൾ വിശുദ്ധ ഖുർആനിൽ നിന്ന് ഉദ്ധരിച്ച പ്രമാണം 'ഖാതമുന്നബിയ്യീൻ' എന്ന വാചകം ഉൾക്കൊള്ളുന്ന ഒരേ ഒരായത്ത് മാത്രം.

* എന്നാൽ അതിന്റെ അർത്ഥം അങ്ങനെത്തന്നെയാണെന്ന് സ്ഥാപിക്കുവാൻ വിശുദ്ധ ഖുർആനിൽ നിന്ന് അതിനെ പിൻബലപ്പെടുത്തുന്ന ഒരു ആയത്തുപോലും താങ്കൾക്ക് സമർപ്പിക്കാനില്ല.

* ഇനി, അതിന്റെ അർത്ഥം അങ്ങനെത്തന്നെയാണെന്ന് സ്ഥാപിക്കുവാൻ താങ്കൾ - 'ലാ നബിയ്യ ബഅ്ദീ' എന്നവസാനിക്കുന്ന പുണ്യതിരുമേനി(സ)യുടെ ഹദീസാണ് തെളിവായി നല്കിയിരിക്കുന്നത്.

* അങ്ങനെ വരുമ്പോൾ

'എനിക്ക് ശേഷം നബിയില്ല' എന്നവസാനിക്കുന്ന ഹദീസുകൾ - കേവലം 20-ൽ താഴെ മാത്രം. എന്നാൽ 'മസീഹ്ബ്നു മർയം' അഥവാ ഈസാനബി ആഗതനാകുമെന്ന ഹദീസോ - 70-ൽ പരം, മാത്രമല്ല അതീവ ഗൗരവമേറിയതും.

ഈ സന്ദർഭത്തിൽ, ഒന്നുകിൽ 20നെ സ്വീകരിച്ച് 70നെ തള്ളേണ്ടി വരും അല്ലെങ്കിൽ 70നെ സ്വീകരിച്ച് 20നെ തള്ളേണ്ടി വരും. ഇത് രണ്ടുമല്ലെങ്കിൽ 70-നൊത്ത് 20നെ വ്യാഖ്യാനിക്കേണ്ടി വരും. അപ്പോൾ പിന്നെ 70ഉം 20ഉം തള്ളേണ്ടിവരില്ല.

മൗദൂദി സാഹിബ് 'ഖത്മുന്നുബുവ്വത്ത്' എന്ന ഗ്രന്ഥത്തിൽ എടുത്ത് ചേർത്ത ഹദീസ് (പേ. 64) 'ലാ നബിയ്യ ബഅ്ദീ' എന്നതിന് വ്യക്തമായ വ്യാഖ്യാനമായിരിക്കുന്നു. അതായത്:

"അബൂഹുറൈറാ(റ)യുടെ നിവേദനം: നബി(സ) തിരുമേനി അരുൾ ചെയ്തു: എന്റെയും അദ്ദേഹത്തിന്റെയും (അതായത് ഈസായുടേയും) ഇടയിൽ ഒരു നബിയില്ല. അദ്ദേഹം തീർച്ചയായും ഇറങ്ങുന്നതാണ്.

(അബൂദാവൂദ് - മുസ്നദ് അഹ്മദ്).

ചുരുക്കിപ്പറഞ്ഞാൽ ഹദീസുകൊണ്ട് തന്നെ നമുക്ക് ഹദീസിനെ വ്യാഖ്യാനിക്കാം.

'ലാ നബിയ്യ ബഅ്ദീ' എന്ന് പുണ്യതിരുമേനി പറഞ്ഞതിനർത്ഥം':

* എനിക്കും ഈസാനബിക്കും ഇടയിൽ നബിയില്ല എന്ന അർത്ഥത്തിലാവാം.

* എന്നോടുകൂടെ നബിയില്ല എന്ന അർത്ഥത്തിലാവാം.

* എന്റെ തൊട്ടുടനെ അഥവാ വഫാത്തിന് ശേഷം നബിയില്ല എന്ന അർത്ഥത്തിലാവാം.

* എന്റെ ശേഷം ഖിയാമത്ത് നാൾ വരെ ശരീഅത്തോടുകൂടിയോ, സ്വതന്ത്രനായോ ഒരു നബിയില്ല എന്ന അർത്ഥത്തിലാവാം.

മേൽ പറയപ്പെട്ട ഏതർത്ഥം 'ലാ നബിയ്യ ബഅ്ദീ' എന്നതിന് നല്കിയാലും പുണ്യതിരുമേനി (സ) യുടെ ഒരു ഹദീസും തള്ളേണ്ടിവരില്ല.

'ലാ നബിയ്യ ബഅ്ദീ' എന്നുള്ള ഹദീസുകളും 'അനഖാതമുന്നബിയ്യീൻ' എന്ന ഹദീസുകളും സത്യമാണ്. ഉമ്മത്തിൽ 'മസീഹുബ്നു മർയം' (അ) ആഗതനാകുമെന്നുള്ള ഹദീസുകളും സത്യമാണ്. എന്തായാലും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ മേൽ പറയപ്പെട്ട ഹദീസുകളുടെ വ്യക്തമായ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ചുരുങ്ങിയപക്ഷം താഴെ പറയുന്ന കാര്യങ്ങൾ അംഗീകരിക്കാൻ സത്യവിശ്വാസികൾ ബാധ്യസ്ഥരാണ്.

* ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ഉമ്മത്തിൽ ഹദ്റത്ത് മസീഹ്ബ്നു മർയം (അ) ആഗതമാകും.

* അദ്ദേഹം നബിയായിരിക്കും മാത്രമല്ല, അദ്ദേഹത്തിന് സഹാബാക്കളും ഉണ്ടായിരിക്കും.

* അദ്ദേഹത്തിന്റെ വരവ് 'ഖാതമന്നബിയ്യീൻ' എന്ന ആയത്തിനും ലാ നബിയ്യ ബഅ്ദീ എന്ന തിരുമേനിയുടെ ഹദീസിനും തടസ്സമല്ല.

* അതുകൊണ്ടുതന്നെ ഖാതമുന്നബിയ്യീൻ' എന്നതിനും 'ലാനബിയ്യ ബഅദീ' എന്നതിനും ഏതർത്ഥം നല്കിയാലും ഉമ്മത്തിൽ ചുരുങ്ങിയപക്ഷം ഈസാനബി (അ) വരും.

* ആയതിനാൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ വ്യക്തമായ അദ്ധ്യാപനുസരിച്ച് 'ഖാതമുന്നബിയ്യീൻ' എന്നതിന്, 'നബിതിരുമേനി(സ)ക്ക് ശേഷം ഒരു നിലക്കുമുള്ള നബിയും വരില്ല' എന്ന അർത്ഥം നല്കുന്നത് പ്രമാണരഹിതമായിത്തീരുന്നു.

തീർച്ചയായും ഈസാനബി (അ) ആഗതനാകുമെന്ന് പുണ്യതിരുമേനി(സ)പറഞ്ഞിരിക്കുന്നു.

ഇനി നമുക്ക് പരിശോധിക്കുവാനുള്ളത് ഇസ്ലാമിക ചരിത്രത്തിലെ ഉന്നത വ്യക്തിത്വങ്ങളുടെ വീക്ഷണത്തിൽ, ഖാതമുന്നബിയ്യീൻ എന്നതിന് 'നബിതിരുമേനി(സ)ക്ക് ശേഷം ഒരു നിലക്കുമുള്ള നബിയും വരികയില്ല' എന്ന് അവർ അർത്ഥം നല്കിയിട്ടുണ്ടോ എന്നതാണ്.

(1) ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി "മുഅല്ലിമത്തുനിസ്ഫുദ്ദീൻ" എന്ന് വിശേഷിപ്പിച്ച ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ ആയിശാ സിദ്ദീഖ(റ) പറഞ്ഞിരിക്കുന്നത് കാണുക:

"തിരുമേനി(സ) ഖാതമുന്നബിയ്യീൻ ആണെന്ന് നിങ്ങൾ പറഞ്ഞുകൊൾവിൻ; എന്നാൽ അദ്ദേഹത്തിനുശേഷം നബിയില്ലെന്ന് നിങ്ങൾ പറയരുത്." - ദുർറെ മൻഥൂർ - വാല്യം 5, പേജ് 204)

(2) ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ (റ)ന്റെ പ്രസ്തുത 'ഖൗൽ' സംബന്ധിച്ച് ശൈഖുൽ ഇമാം ഹദ്റത്ത് ഇബ്നു ഖത്തീബ (ചരമം ഹി:267) പറഞ്ഞിരിക്കുന്നത് കാണുക:

ഹദ്റത്ത് ആയിശ(റ)ന്റെ ഈ ഖൗൽ, നബിതിരുമേനി ലാ നബിയ്യ ബഅ്ദീ എന്ന് പറഞ്ഞതിന് എതിരല്ല. എന്തുകൊണ്ടെന്നാൽ 'എനിക്ക് ശേഷം നബിയില്ല' എന്നത് കൊണ്ടർത്ഥമാക്കുന്നത് എന്റെ ശേഷം ശരീഅത്തിനെ ദുർബ്ബലപ്പെടുത്തുന്ന ഒരു നബിയില്ല എന്നതാണ്. - (താവിൽ മുഖ്തലിഫ് അൽഅഹാദീസ് പേജ് 23)

(3) മജ്മഉൽബഹാർ എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധ മുഹദ്ദിസും സുപ്രസിദ്ധ പണ്ഡിതനുമായ ഹദ്റത്ത് ഇമാം മുഹമ്മദ് ത്വാഹിർ (ചരമം - ഹി 986) ഹദ്റത്ത് ആയിശ(റ)ന്റെ പ്രസ്തുത ഖൗൽ വിശദീകരിച്ചെഴുതിയിരിക്കുന്നു.

"ഹദ്റത്ത് ആയിശ(റ)യുടെ ഈ ഖൗൽ ഹ: ഈസാനബിയുടെ ആഗമനം സംബന്ധിച്ചുള്ളതാണ്. കൂടാതെ ഈ ഖൗൽ നബിതിരുമേനി(സ) 'എനിക്ക് ശേഷം നബിയില്ല' എന്ന് പറഞ്ഞിരിക്കുന്നതിന് എതിര

ല്ല. എന്തുകൊണ്ടെന്നാൽ അതിന്റെ അർത്ഥം തിരുനബിയുടെ ശരീഅത്തിനെ ദുർബ്ബലപ്പെടുത്തുന്ന നബിയില്ല എന്നതാണ്" – (തക്മില മജ്മ അൽ ബഹാർ പേജ് 85)

(4) ഹദ്റത്ത് ഇമാം അബ്ദുൽ വഹാബ് ശഅ്റാനി (റഹ്) (ചരമം ഹി. 976) 'ലാ നബിയ്യ ബഅ്ദീ' എന്ന ഹദീസിനെ വിശദീകരിച്ച് കൊണ്ട് പറഞ്ഞിരിക്കുന്നത് കാണുക

"ഹദ്റത്ത് നബി തിരുമേനി (സ) 'എനിക്ക് ശേഷം നബിയും റസൂലും ഇല്ല' എന്ന് പറഞ്ഞിരിക്കുന്നതിന്റെ പൊരുൾ, നബി തിരുമേനിക്ക് ശേഷം ശരീഅത്തോടുകൂടിയ നബി വരില്ല എന്നതാകുന്നു." (അൽയവാഖീത്തു വൽ ജവാഹിർ – വാക്യം – 2 പേജ് – 35

(5) പ്രസിദ്ധ മുഹദ്ദിസും പണ്ഡിതനുമായ ഹദ്റത്ത് മുല്ലാ അലീമ്മുൽ ഖാരി (ചരമം: ഹി – 1014) പറഞ്ഞിരിക്കുന്നു.

"ഹദീസിൽ 'എനിക്ക് ശേഷം നബിയില്ല' എന്നതിന് ഉലമാക്കളുടെ വീക്ഷണത്തിൽ, നബിതിരുമേനിയുടെ ശരീഅത്തിനെ ദുർബ്ബലപ്പെടുത്തുന്ന നബിയില്ല' എന്നാകുന്നു."

(– അൽ ഇശാഅത്ത് ഫീ ശറാത് സാഅ: പേജ് 226)

(6) ഹദ്റത്ത് ശാഹ് വലിയുല്ലാ മുഹദ്ദിസ് ദഹ്‌ലവി (റഹ്) (ചരമം – ഹി. 1176). ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി" എനിക്ക് ശേഷം നബിയും റസൂലും ഇല്ല' എന്ന പറഞ്ഞിരിക്കുന്നതിൽ നിന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നതെന്തെന്നാൽ, രിസാലത്തും നുബുവ്വത്തും മുറിഞ്ഞുപോയിരിക്കുന്നുവെന്നതുകൊണ്ട് തിരുനബിയുടെ കാഴ്ചപ്പാടിൽ പുതിയ ശരീഅത്തോടുകൂടിയ നുബുവ്വത്താകുന്നു." – ഖുർറത്തുൽ ഐനൈൻ ഫീ തഫ്ളൽ ശൈഖൈൻ പേജ് 319)

(7) 'അഹ്‌ലെ ഹദീസിന്റെ പ്രസിദ്ധ പണ്ഡിതനായ നവാബ് സിദ്ദീഖ് ഹസൻ ഖാൻ സാഹിബ് ഇപ്രകാരം പറഞ്ഞിരിക്കുന്നു. "എനിക്ക് ശേഷം, നബിയില്ല" എന്നതിനു ജ്ഞാനികളുടെ പക്കൽ അതിനുള്ള അർത്ഥം എന്റെ ശേഷം ശരീഅത്തിന്റെ ഒരു നബിയും വരില്ല എന്നാകുന്നു.

(ഇഖ്തറാബുസ്സാഅ: പേജ് – 162)

(8) ഹദ്റത്ത് മുജദ്ദിദ് അൽഫസാനി ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഖാതമുർറുസുലായ തിരുമേനിയുടെ നിയോഗത്തിന് ശേഷം അനുയായികൾക്ക്, തിരുമേനിയോടുള്ള അനുസരണവും പിന്തുടർച്ചാവകാശവും വഴി പ്രവാചകത്വപദവി ലഭിക്കുക എന്നതു തിരുമേനിയുടെ 'ഖാതം' എന്ന സ്ഥാനത്തിന് എതിരായിരിക്കുന്നതല്ല. അതിനാൽ നീ സംശയഗ്രസ്ഥനാകാതിരിക്കുക."

(മക്തൂബാത്ത് –വാല്യം 1 പേജ് 432). (ഇമാം റബ്ബാനി ഹദ്റത്ത് മുജദ്ദിദ് അൽഫസാനി)

(9) ഹദ്റത്ത് ഇമാം അബ്ദുൽ വഹാബ് ശഅ്റാനി (റഹ്) ഇപ്രകാരം പറഞ്ഞിരിക്കുന്നു.

''അറിഞ്ഞുകൊള്ളുവിൻ! 'മുത്‌ലഖ് നുബുവ്വത്ത്' നിലച്ചിട്ടില്ല. എന്നാൽ 'തശ്‌രീഈ' നുബൂവ്വത്ത് നിലച്ചിരിക്കുന്നു."

– അൽയവാഖീത്തുവൽജവാഹിർ – വാള്യം 3 പേജ് 35

(10) ശൈഖുൽ അക്ബർ ഹദ്റത്ത് മുഹിയുദ്ദീൻബിൻ അറബി (റഹ്) ഇപ്രകാരം പറഞ്ഞിരിക്കുന്നു.

''നുബൂവ്വത്ത'' ഖിയാമത്ത് നാൾ വരെ നിലനിൽക്കുന്നതാണ്. എന്നാൽ ശരീഅത്തിന്റെ നുബൂവ്വത്ത് നിലച്ചുപോയിരിക്കുന്നു. (ഫുതൂഹാതുൽ മക്കിയ്യ വാല്യം 2 പേജ് 100)

വീണ്ടും പറയുന്നു:

" ലാ റസൂല ബഅ്ദീ വലാ നബിയ്യ' എന്നുള്ള തിരുവചനത്തിന്റെ താല്പര്യം ന്യായപ്രമാണകാരനും, ന്യായപ്രമാണവും ഉണ്ടാകുന്നതല്ലെന്നാണെന്ന് മനസ്സിലാകുന്നു." (അൽ ഫുതൂഹാതുൽ മക്കിയ്യ വാല്യം 2, ഭാ 417)

(12) അദ്ദേഹം തന്നെ വീണ്ടും പറയുന്നു:

"പ്രവാചകത്വം കേവലമായി ഇല്ലാതായിപ്പോയിട്ടില്ല; അതിനാൽത്തന്നെയാണ് ന്യായപ്രമാണപരമായ പ്രവാചകത്വം ഇല്ലാതായിപ്പോയിരിക്കുന്നുവെന്ന് നാം പറയുന്നത്. തിരുമേനിക്ക് ശേഷം പ്രവാചകൻ ഇല്ലെന്നുള്ളതിന്റെ താല്പര്യം ഇതു തന്നെയാണ്."

(13) അദ്ദേഹം തന്നെ വീണ്ടും പറയുന്നു:

"രിസാലത്തും നുബുവ്വത്തും അവസാനിച്ചുപോയി, അതിനാൽ എനിക്ക് ശേഷം റസൂലും നബിയും ഇല്ല" എന്ന നബിതിരുമേനിയുടെ വചനത്തിന്റെ താല്പര്യം "എന്റെ ന്യായപ്രമാണത്തിന് വിരുദ്ധമായുള്ള ഒരു ന്യായപ്രമാണത്തോടുകൂടിയ പ്രവാചകൻ ഉണ്ടാകുന്നതല്ല; നബിയുണ്ടാകുന്നപക്ഷം അദ്ദേഹം എന്റെ ന്യായപ്രമാണത്തിന് വിധേയനായിരിക്കുന്നതാണ് എന്നാകുന്നു" (ഫുതൂഹാത് – വാല്യം 2, ഭാ. 73)

(14) ഹദ്റത്ത് ശാഹ്‌വലിയുല്ലാഹ് മുഹദ്ദിസ് ദഹ്‌ലവി ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"നബിതിരുമേനി മുഖാന്തരം പ്രവാചകന്മാർ മുദ്രവെക്കപ്പെട്ടിരി

ക്കുന്നു. അതായത്, അല്ലാഹു ജന ങ്ങളിൽ ന്യായപ്രമാണത്തോടുകൂടി നിയോഗിച്ചയക്കുന്ന ഒരാളും ഉണ്ടാ കുന്നതല്ല." (തഫ്ഹീമാത്തെ ഇലാ ഹിയ്യ തഫ്ഹീം 53)

(15) ഹദ്റത്ത് ജനാബ് ശൈഖ് അബ്ദുൽ ഖാദിർ കുർദിസ്താനി ഇപ്രകാരം പറയുന്നു:

"നബി തിരുമേനി 'ഖാതമുന്ന ബിയ്യീൻ' ആണെന്നതിന്റെ താല് പര്യം തിരുമേനിക്ക് ശേഷം പ്ര ത്യേക ന്യായപ്രമാണത്തോടുകൂടി ഒരു പ്രവാചകനും ഉണ്ടാകുന്നതല്ല എന്നാകുന്നു." (തഖ്രീബുൽ മറാം – പേജ് 233, ഭാ. 2)

(16) ഹദ്റത്ത് മൗലാനാ അബുൽ ഹസനാത് അബ്ദുൽഹയ്യ് സാഹിബ് ലക്നവി അദ്ദേഹത്തിന്റെ മാഫിഉൽവസ് വാസ എന്ന ഗ്രന്ഥ ത്തിൽ പേജ് 16-ൽ ഇപ്രകാരം രേഖ പ്പെടുത്തിയിരിക്കുന്നു.

"നബി(സ)ന് ശേഷം, അദ്ദേഹ ത്തിന്റെ മുജദ്ദിദുമാരിൽ ആരെ ങ്കിലും നബിയായിരിക്കുക എന്നത് അസംഭവ്യമല്ല. എന്നാൽ, ശരീഅ ത്തിന്റെ പുതിയ നബി നിലച്ചുപോ യിരിക്കുന്നു."

(17) ഹദ്റത്ത് മിർസാ മുസ ഹർജാൻജാനാം അലൈഹി റഹ്മത്. ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ശരീ അത്തിന്റെ നുബുവ്വത്ത് ഒഴിച്ചുള്ള ഒരനുഗ്രഹവും നിലച്ചുപോയിട്ടില്ല." മഖാമാത്ത് മജഹ്രി പേജ് 88)

(18) ഹദ്റത്ത് മുഹ്‌യുദ്ദീനു ബ്നു അറബി (റഹ്) ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"ശരീഅത്തിന്റെ നുബുവ്വ ത്തും രിസാലത്തും മുഹമ്മദ് (സ) ൽ അവസാനിച്ചിരിക്കുന്നു. അദ്ദേഹ ത്തിനുശേഷം ഇനി ശരീഅത്തോടു കൂടിയ നബി ഉണ്ടാകുന്നതല്ല."

(ഫുസൂസുൽ ഹകം പേജ് – 140)

(19) ഹദ്റത്ത് സയ്യിദ് അബ് ദുൽ കരീം ജീലാനി (റഹ്) ഇപ്ര കാരം പറഞ്ഞിരിക്കുന്നു:

"നബി തിരുമേനിക്ക് ശേഷം ഇനി ശരീഅത്തോടുകൂടിയ നബി ഉണ്ടായിരിക്കുന്നതല്ല."

(അൽ ഇൻസാനുൽ കാമിൽ – വാള്യം 1 പേജ് 98)

ഹദ്റത്ത് ശൈഖ് ബാലി ആഫ്നദി (റഹ്) ഇപ്രകാരം പറഞ്ഞി രിക്കുന്നു:

"നബി തിരുമേനിക്ക് ശേഷം ശരീഅത്തോടുകൂടിയ നബി ഉണ്ടാ യിരിക്കുന്നതല്ല." (ശറഹ് ഫുസൂ സുൽഹകം)

(20) ഹദ്റത്ത് മൗലാനാ അബ് ദുൽ ഹയ്യ് ഇപ്രകാരം പറഞ്ഞിരിക്കു ന്നു:

"അഹ്ലുസുന്നത്തിന്റെ ഉലമാ ക്കളുടെ വിശദീകരണമെന്തെന്നാൽ നബി തിരുമേനി(സ)ക്ക് ശേഷം ശരീ അത്തിന്റെ പുതിയൊരു നബി ഉണ്ടാ കുന്നതല്ല; അദ്ദേഹത്തിന് ശേഷം ഏതെങ്കിലും നബി ആഗതനായാൽ അദ്ദേഹം മുഹമ്മദീ ശരീഅത്തിനെ പിൻപറ്റിക്കൊണ്ടായിരിക്കും."

(മജ്മൂഅ, ഫതാവ, മൗലവി അബ്ദുൽഹയ്യ് – വാള്യം 1 പേജ് – 144)

"അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ, 'ഖാത്തമുന്നബിയ്യീൻ' 'ലാന ബീയ്യ ബഅ്ദീ' എന്നതിന് ഹദ്റത്ത് മുഹമ്മദ് നബി (സ.അ.) തിരുമേ നിക്ക് ശേഷമുള്ള ഇസ്ലാമിലെ കേൾവികേട്ട മഹാത്മാരുടെ 25* ഉദ്ധരണികളാണ് മുകളിൽ ഉദ്ധരിച്ച ത്. ഇനിയും എത്രയോ ഉദ്ധരിക്കുവാ നുമുണ്ട്. എന്നാൽ വിസ്തരഭയം അതിന് അനുവദിക്കുന്നില്ല.

മുകളിൽ ഉദ്ധരിച്ച മഹാന്മാ രുടെ അഭിപ്രായങ്ങളിൽ നിന്നെ ല്ലാം നമുക്ക് മനസ്സിലാക്കുവാൻ കഴി യുന്ന വസ്തുതകൾ

* ഖാതമുന്നബിയ്യീൻ, ലാന ബിയ്യ ബഅ്ദീ എന്നതിന് ഹദ്റത്ത് മുഹമ്മദ് നബീ(സ.അ) തിരുമേനിക്ക് ശേഷം 'ഒരു നിലക്കുമുള്ള നബി വരില്ല' എന്ന അർത്ഥം കൊടുക്കാ വതല്ല.

* ശരീഅത്തോടുകൂടിയതോ, സ്വതന്ത്രമായോ ഇനി ഒരു നബിയും വരില്ല.

* ഉമ്മത്തിൽ, ഹദ്റത്ത് മുഹ മ്മദ് മുസ്തഫാ (സ.അ) തിരുമേനി യുടെ പിൻതുടർച്ചയിൽ നബി വരാം. അത് 'ഖാതമുന്നബീയ്യീൻ, 'ലാനബിയ്യ ബഅ്ദീ' എന്നതിന് ഒരി ക്കലും വിരുദ്ധമാകുന്നില്ല.

ഇനി താങ്കളുടെ കത്തിലെ ഒരു വാചകം താഴെ ഉദ്ധരിക്കട്ടെ.

"നബി (സ്വ)യുടേയോ ഏതെ ങ്കിലും മുജദ്ദിദിന്റേയോ, മുഫസ്സിറി ന്റേയോ ഒരു വചനം 'ഖാതമുന്നബി യ്യീൻ' എന്നതിന്റെ അർത്ഥമെന്ന നിലക്ക് 'അവസാനത്തെ പ്രവാച കൻ' എന്നല്ലാതെ മറ്റെന്തെങ്കിലും കാണിച്ചുതരാനാവുമോ സലീമിന്? ഞാനക്കാര്യത്തിൽ താങ്കളെ വെല്ലു വിളിക്കുന്നു. എന്നിട്ട് മതിയല്ലോ ബാക്കി ചർച്ചകളൊക്കെ. താങ്കൾക്ക് അതിന് സാധ്യമല്ല" (താങ്കളുടെ കത്ത് (3) പേജ് 4. താങ്കളുടെ വെല്ലു വിളിക്കുള്ള മറുപടി ഞാൻ എഴു തിക്കഴിഞ്ഞു.

* ഉമ്മത്തിൽ ആഗതനാകുന്ന മസീഹിനെക്കുറിച്ച് പുണ്യതിരു മേനി "നബിയുല്ലാഹ്", എന്ന് 4 പ്രാവശ്യം പറഞ്ഞിരിക്കുന്നത് 'സഹീഹ് മുസ്ലിം' എന്ന ഹദീസ് ഗ്രന്ഥത്തിൽ രേഖപ്പെട്ടു കിടക്കു ന്നത് പണ്ഡിതനായ താങ്കൾക്ക്

* കത്തിൽ 25 എണ്ണം എഴുതിയിട്ടുണ്ട്. സ്ഥലപരിമിതിമൂലം ഇതിൽ 20 എണ്ണം മാത്രമേ ചേർത്തിട്ടുള്ളൂ.

നിഷേധിക്കാനാവുമോ?

ആഗതനാകുന്ന മസീഹ് നബിയായിരിക്കുമെന്നും, അദ്ദേഹത്തിന് സഹാബാക്കൾ ഉണ്ടായിരിക്കുമെന്നും അരുൾ ചെയ്തിരിക്കുന്നത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) അല്ല. ഹദ്റത്ത് മുഹമ്മദ് നബി (സ) തിരുമേനിയാണ്. അത് രേഖപ്പെട്ട് കിടക്കുന്നത് 'സഹീഹ് മുസ്ലിം' എന്ന 'സിഹാഹുസിത്ത'യിൽ ഉൾപ്പെട്ട ഹദീസ് ഗ്രന്ഥത്തിലുമാണ്.

ഇനി ആഗതനാകുന്ന 'ഈസ' ബനൂ ഇസ്രായീലിന് വേണ്ടി വന്ന അതേ ഈസ തന്നെയാണോ; അതല്ല ഈ ഉമ്മത്തിൽ തന്നെ ജനിച്ച് വരുന്ന 'ഈസ'യാണോ എന്ന കാര്യം നമുക്ക് ഇതിന് ശേഷം ചർച്ച ചെയ്യാം. ഏതായാലും പുണ്യതിരുമേനി(സ)യുടെ മേൽ പ്രവചവനമനുസരിച്ച് ഉമ്മത്തിൽ ആഗതനാകുന്ന 'ഈസ' അത് പഴയതായാലും, പുതിയതായാലും അദ്ദേഹം നബിയായിരിക്കുമെന്നും മാത്രമല്ല, അദ്ദേഹത്തിന് സഹാബാക്കളുണ്ടായിരിക്കുമെന്നുമാണ് നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്'.

അപ്പോൾ 'ഖാതമുന്നബിയ്യീൻ' എന്നതിന് ഹദ്റത്ത് മുഹമ്മദ് നബി (സ) തിരുമേനിക്ക് ശേഷം "ഒരു നിലക്കുമുള്ള നബിയും വരില്ല" എന്ന അർത്ഥം ഇല്ല എന്ന് വ്യക്തമാണല്ലോ. അഥവാ പുണ്യനബി(സ) 'ഖാതമുന്നബിയ്യീൻ' ആയിരിക്കുമ്പോഴും ഉമ്മത്തിൽ ഒരു നബിവരും. അത് പഴയതോ പുതിയതോ ആയാലും - പുണ്യതിരുമേനിക്ക് ശേഷം വരുമെന്നത് വ്യക്തമാണ്. ഇത് താങ്കൾക്ക് നിഷേധിക്കാനാവുമോ? നാളിത് വരെയും മുസ്ലിം ലോകം പ്രതീക്ഷിച്ചുകൊണ്ടിരുന്നതും ഈസാനബിയെയാണല്ലോ. നുബുവ്വത്ത് നഷ്ടപ്പെട്ട ഒരു ഈസ മൗലവിയേയോ, ഈസ മുസ്ലിയാരേയോ അല്ലല്ലോ മുസ്ലിം ലോകം നാളിത് വരെ കാത്തിരുന്നതും; കാത്തിരിക്കുന്നതും.

ഇനി, ഹദ്റത്ത് ആയിശ(റ) മുതൽ ഹദ്റത്ത് ശാഹ്‌വലിയുല്ലാ ദഹ്‌ലവി വരെയുള്ള ഇസ്ലാമിക ചക്രവാളത്തിലെ മഹാന്മാരുടെ 25 ഉദ്ധരണികൾ താങ്കളുടെ വെല്ലുവിളിക്ക് പകരമായി ഞാൻ സമർപ്പിച്ചു കഴിഞ്ഞു. 'ഖാതമുന്നബിയ്യീൻ' എന്നതിനും 'ലാനബിയ്യ ബഅ്ദീ' എന്നതിനും അവർ നല്കിയ വ്യാഖ്യാനമെന്തെന്ന് പണ്ഡിതനായ താങ്കൾ വ്യക്തമാക്കിയാലും. പ്രസ്തുത മഹാന്മാരുടെ വാക്കുകളെ താങ്കൾക്ക് നിഷേധിക്കാനാവുമോ? തീർച്ചയായും ഞാൻ താങ്കളിൽ നിന്ന് മറുപടി പ്രതീക്ഷിക്കുന്നു.

താങ്കൾ കത്തിലെഴുതി:

"താങ്കളോട് വ്യക്തിപരമായുണ്ടായിരുന്ന പരിചയബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഗുണകാംക്ഷയോടുകൂടിയാണ് ഏറെ ജോലിത്തിരക്കുണ്ടായിട്ടും കഴിഞ്ഞ കത്തുകൾക്ക് ഞാൻ മറുപടി എഴുതിയത്. എന്റെ കത്തുകളിലുന്നയിച്ച വസ്തുതകൾ ശ്രദ്ധിക്കാനോ സത്യം ഗ്രഹിക്കാനോ താങ്കൾക്ക് താല്പര്യമില്ലെന്ന് ഇതിനകം ബോധ്യപ്പെട്ടുകഴിഞ്ഞു. അതിനാൽ ഈ കത്തിടപാട് നമുക്കിവിടെ അവസാനിപ്പിക്കാം."

(കത്ത് (3) പേജ് 8)

* എന്നാൽ ഇതേ കത്തിൽ പേജ് 6-ൽ താങ്കൾ എഴുതുന്നു.

"എന്റെ കത്തിലെ പരാമർശങ്ങൾക്ക് വ്യക്തമായ മറുപടി നല്കാൻ താങ്കൾ ബാധ്യസ്ഥനാണല്ലോ."

* ഇതേ കത്തിൽ തന്നെ പേജ് 3-ൽ താങ്കൾ എഴുതി

"ഈ പറഞ്ഞതിന്റെ അർത്ഥമെന്താണെന്ന് മറുപടിയിൽ എഴുതി അറിയിച്ചാൽ നന്നായിരുന്നു."

താങ്കളുടെ കത്ത് വായിക്കുമ്പോൾ ഇത് താങ്കൾ തന്നെ എഴുതിയതാണോ എന്ന് സംശയിച്ച് പോവുകയാണ്. താങ്കളുടെ കത്തുകളിലൂടെ ഉന്നയിക്കുന്ന വസ്തുതകൾ ശ്രദ്ധിക്കാനോ, സത്യം ഗ്രഹിക്കാനോ എനിക്ക് താല്പര്യമില്ലെന്ന് ഇതിനകം താങ്കൾക്ക് എങ്ങനെ ബോധ്യപ്പെട്ടെന്ന് എനിക്ക് മനസ്സിലാവുന്നില്ല. ദയവായി വ്യക്തമാക്കിയാലും. ഒരു വശത്ത് ഈ കത്തിടപാട് നമുക്കിവിടെ അവസാനിപ്പിക്കാമെന്ന് താങ്കൾ എഴുതുമ്പോൾ, മറുവശത്ത് മറുപടി നല്കാൻ താങ്കൾ ബാധ്യസ്ഥനാണെന്നും എഴുതുന്നു? ഏതായാലും മറുപടി എഴുതാൻ ഞാൻ ബാധ്യസ്ഥനാണ്. എന്റെ ബാധ്യതയിൽ നിന്ന് ഞാൻ ഒഴിഞ്ഞു മാറുന്നില്ല. ഏതായാലും ഞാൻ ഇത് വരെ അയച്ച മറുപടികളിൽ ഏതെങ്കിലും വൈകല്യമോ, വിശുദ്ധ ഖുർആന്റെ പരാമർശങ്ങൾക്ക് വിരുദ്ധമോ ആയ സംഗതികളുണ്ടെങ്കിൽ തീർച്ചയായും താങ്കളത് വ്യക്തമാക്കിതരണമെന്നപേക്ഷിക്കുന്നു.

* താങ്കൾ എനിക്കയച്ച ഒരു കത്തിൽ ഇപ്രകാരം എഴുതി:

"മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയുടെ 80ൽ പരം ഗ്രന്ഥങ്ങൾ വായിച്ച് പഠിച്ചുവെന്നാണല്ലോ താങ്കളുടെ അവകാശവാദം" (കത്ത് (2) പേജ് 1)

ഞാൻ അയച്ച കത്തുകളെല്ലാം താങ്കളുടെ ഫയലിൽ കാണുമല്ലോ? ഞാൻ ഇങ്ങനെ ഒരവകാശവാദം നടത്തിയതായി താങ്കൾക്ക് കാണിച്ചു തരാൻ കഴിയുമോ? കത്തിന്റെ തുടക്കത്തിൽത്തന്നെ ഞാൻ പറയാത്ത ഒരു കാര്യം പറഞ്ഞതായി താങ്കൾ എഴുതിക്കണ്ടതിൽ എനിക്ക് ദുഃഖം തോന്നി. ഞാൻ അങ്ങനെ ഒരവകാശവാദം ഉന്നയിച്ചിട്ടില്ല. സത്യത്തിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്

***(ശേഷം 42-ൽ)***

കവിത

എച്ച്.എസ്. കാവശ്ശേരി

# ഉൾവിളി

ഇല്ലാ നീയെന്നാണു ദൈവമേ, വിശ്വാസ-
മില്ലാത്തവർ ചൊല്ലിടുന്നതെന്നാൽ
അല്ലലിൻ നേരത്തവരുടെയുള്ളിലു-
മുള്ളതു നീയാണിതെന്തു മായം!

ആശ്രയം കൊള്ളാനദൃശ്യമാം നിൻ സത്ത
മാത്രമാണർഹമെന്നുള്ള ബോധ്യം
ആത്മാവിലുൽഭൂതമാണതു മായ്ക്കുവാ-
നാവുന്ന ശക്തിയേതുള്ളു പാരിൽ!

ബുദ്ധി നടിക്കുമീ മാനവർ പിന്നെയും
വിഡ്ഢിത്തമോരോന്നെഴുന്നള്ളിച്ചു
താർക്കികരായിച്ചമയുന്ന കണ്ടു നീ
നോക്കിച്ചിരിക്കുകയായിരിക്കാം!

അണ്ഡകടാഹത്തിൻ അത്ഭുത സൃഷ്ടിപ്പി-
ലുണ്ടോ മനുഷ്യകരങ്ങളെങ്ങാൻ!
ന്യൂനത വല്ലതും വന്നാൽ നികത്തുവാ-
നാകുമോ മർത്ത്യനൊന്നിച്ചു ചേർന്നാൽ!

വെള്ളമില്ലാതാവും നേരത്തതു വീണ്ടും
തുള്ളിക്കൊരു കുടമാരു നൽകും?
കൺതുറപ്പിക്കും പ്രകാശമൊരിത്തിരി
കണ്ണടച്ചാൽ കഥയെത്ര മാറും!

കാണാതൊഴുകി നടന്നനുസ്യൂതമായ്
പ്രാണൻ നിലനിർത്തിടുന്ന വായു
തെല്ലിടയൊന്നു നിലച്ചുപോയെങ്കിലോ
ചൊല്ലുവാൻ പിന്നെന്തു ബാക്കിയാകും!

അന്തിച്ചുപോകുമീ വിസ്മയം തീർത്തതി
ലെന്തെങ്കിലും പങ്കതാർക്കു ചൊല്ലാം?
സൗജന്യമായാണനുഭവിക്കുന്നതീ
സൗഭാഗ്യമൊക്കെയും നമ്മളെല്ലാം!

സ്വന്തം നിലനില്പു താനൊന്നു ചിന്തിച്ചാ-
ലെന്തുണ്ടു മർത്ത്യന്നഹങ്കരിക്കാൻ!
സർവവും കാൽക്കീഴിലെന്നപോൽ പിന്നെയും
ഗർവ്വിച്ചിടുന്നതിന്നർഥമെന്തോ!

ഗർവങ്ങളെല്ലാമൊടുങ്ങുന്ന സന്ധ്യയിൽ
സർവം തളർന്നുറങ്ങുന്ന നാളിൽ
ആശ്രയമാകുവാനിപ്പൊഴേ മാനവർ
ആത്മാവിന്നുൾവിളി കേട്ടുവെങ്കിൽ! ●

കുറിപ്പുകൾ

മുസാഫിർ

# ജമാഅത്തെ ഇസ്‌ലാമിയെ പൊതുസമൂഹം തിരിച്ചറിയുന്നു

**'തീക്കൊള്ളി കൊണ്ട് തല ചൊറിയുന്ന ലീഗ് നേതൃത്വം'** എന്ന പേരിൽ ജമാഅത്തെ ഇസ്‌ലാമിക്കാർ നടത്തുന്ന മാധ്യമം ദിനപത്രത്തിൽ (ഫെബ്ര. 22) സി. ദാവൂദ് എന്നയാൾ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരിക്കുന്നു. മുസ്‌ലിംലീഗ് നേതാക്കൾ എം.എൻ. കാരശ്ശേരി, സി.ടി. അബ്ദുറഹിം, എം.കെ. മുനീർ ഹമീദ് ചേന്ദമംഗലൂർ തുടങ്ങിയ രാഷ്ട്രീയ സാംസ്കാരിക നായകന്മാരും ഖാദിയാനികളുമായി ചേർന്നാണ് ജമാഅത്തെ ഇസ്‌ലാമിക്കെതിരെ കുപ്രചാരണങ്ങൾ അഴിച്ചുവിടുന്നത് എന്നാണ് ലേഖകന്റെ ആരോപണം. നദ്‌വത്തുൽ മുജാഹിദീനിലെ ചിലരും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും ചേർന്ന് ഹൈക്കോടതിയിൽ ജമാഅത്തെ ഇസ്‌ലാമിയെ നിരോധിക്കാൻ ഹരജി ഫയൽ ചെയ്തിരിക്കുന്നുവെന്നും ഏതോ ലേഖനം ഉദ്ധരിച്ച് ലേഖകൻ തട്ടിവിടുന്നു. അങ്ങനെ നാലുഭാഗത്ത് നിന്നും മുസ്‌ലിം കക്ഷികളെക്കൊണ്ട് അഹ്മദികൾ തങ്ങളെ പീഡിപ്പിക്കുന്നുവെന്നാണ് മാധ്യമം ലേഖകന്റെ അലമുറ. പച്ചക്കള്ളമാണ് ഈ ജമാഅത്തെ ഇസ്‌ലാമി നേതാവ് പ്രചരിപ്പിക്കുന്നത്.

ജമാഅത്തെ ഇസ്‌ലാമിയുടെ ഭീകരസിദ്ധാന്തങ്ങളെ അഹ്മദിയ്യാ ജമാഅത്ത് എതിർക്കാറുണ്ട്. അതിന് ഞങ്ങളെ കാഫിറാക്കുന്ന മറ്റു മുസ്‌ലിം കക്ഷികളുടെ സഹായമോ രഹസ്യകൂട്ടുകെട്ടോ അഹ്മദിയ്യാ ജമാഅത്തിന് ആവശ്യമില്ല. ജമാഅത്തെ ഇസ്‌ലാമിയുടെ ഫാസിസ്റ്റ് സിദ്ധാന്തങ്ങൾ മുസ്‌ലിംകളുടെ നിലനില്പിനെ ബാധിക്കുന്ന ഗൗരവമേറിയ പ്രശ്നമാണ്. അത് മനസ്സിലാക്കാനുള്ള ബുദ്ധിശക്തി അവർക്ക് കാണുമല്ലോ. ഓരോരുന്നോരോന്നായി അവർ അത് മനസ്സിലാക്കിവരുന്നത്കൊണ്ടാണ് ഈ വിമർശനങ്ങളുണ്ടാകുന്നത്. അഹ്മദികൾ തങ്ങളെ വിമർശിക്കുന്നു എന്ന് പറഞ്ഞ് മുസ്‌ലിംകൾക്കിടയിൽ നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ചോർക്കുമ്പോൾ, ഊരന്മേൽ ആല് മുളച്ചതിൽ അഭിമാനിച്ചുനടന്ന ഉളുപ്പില്ലാത്തവന്റെ കഥയാണ് ഓർമ്മവരുന്നത്. ജമാഅത്തെ ഇസ്‌ലാമിയെ അവരുടെ ഭീകരവാദത്തിന്റെ പേരിൽ വിമർശിക്കുന്ന മുസ്‌ലിം കക്ഷികളെ അഹ്മദി ബന്ധം ആരോപിച്ച് ഒതുക്കാമെന്ന തന്ത്രം പാകിസ്താനിൽ പയറ്റിയതാണ്. എന്നിട്ടും മുസ്‌ലിം രാജ്യമായ പാകിസ്താനിൽ ജമാഅത്തെ ഇസ്‌ലാമി ഇന്നും ജനകീയാടിത്തറയില്ലാതെ ശുഷ്കിച്ച് കാഞ്ഞിരക്കുറ്റിപോലെ നില്ക്കുന്നു. അതേസമയം മൗദൂദിയുടെ വിപ്ലവസിദ്ധാന്തത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ഇസ്‌ലാമികഭരണം സ്ഥാപിക്കാൻ കൊച്ചുകൊച്ചു ഭീകരസംഘടനകൾ ലക്കും ലഗാനുമില്ലാതെ അവിടെ പനപോലെ വളരുകയും ചെയ്യുന്നു. ഇതാണ് പാകിസ്താനിൽ ജമാഅത്തെ ഇസ്‌ലാമി രാഷ്ട്രീയത്തിൽ ഇടപെട്ടതിന്റെ ഫലം.

പാകിസ്താനിൽ ഭീകരവാദമായി പരിണമിച്ച അടവ് നയം കേരളത്തിൽ പരീക്ഷിച്ചുനോക്കുകയാണ്. തങ്ങളുടെ ഭീകരവാദത്തെ വിമർശിക്കുന്നവരിൽ ഖാദിയാനീ ശങ്ക ആരോപിച്ച് നിശബ്ദനാക്കുക എന്നതാണ് ആ തന്ത്രം. മുസ്‌ലിം കക്ഷികൾ ഭയന്ന് ജമാഅത്തെ ഇസ്‌ലാമിയുടെ തീവ്രവാദത്തിനെതിരെ ഒന്നും ഉരിയാടില്ലെന്നും തങ്ങളുടെ ഫാസിസ്റ്റ് മതരാഷ്ട്രവാദത്തെ പിന്തുണക്കുമെന്നും അവർ പ്രതീക്ഷിക്കുന്നു. അതിന്നായി എത്ര കളവും വ്യാജവും ചമച്ച് പ്രചരിപ്പിക്കാൻ ജമാഅത്തെ ഇസ്‌ലാമി തയ്യാറാണ്. പക്ഷേ, ജനാധിപത്യ കേരളത്തിലെ പ്രബുദ്ധരായ മുസ്‌ലിം സമൂഹം ജമാഅത്തെ ഇസ്‌ലാമിയുടെ അപകടം അതിവേഗം തിരിച്ചറിഞ്ഞ് അവരെ ഒറ്റപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

കളവ് ഘോരമായ ഒരപരാധമാണെന്നാണ് റസൂൽ തിരുമേനി(സ) നമ്മെ പഠിപ്പിച്ചത്. യാതൊരവസരത്തിലും കളവ് പറയാൻ പാടില്ലെന്നാണ് ആ മഹാത്മാവിന്റെ അദ്ധ്യാപനം. എന്നാൽ കളവ് പറഞ്ഞ് പ്രസ്ഥാനം പ്രചരിപ്പിക്കണമെന്നാണ് ഫാസിസം പറയുന്നത്. ഈ ഫാസിസ്റ്റു പരിപാടിയുടെ പുരസ്കർത്താവ് ഗീബൽസ് മാത്രമാണെ

ന്നാണ് നാം കരുതുയിരുന്നത്. എന്നാൽ പ്രായോഗികരംഗത്ത് കളവ് പറയാമെന്ന് മാത്രമല്ല ചിലപ്പോൾ അത് നിർബന്ധം കൂടിയാണെന്ന് പ്രചരിപ്പിച്ച ഇരുപതാം നൂറ്റാണ്ടിലെ ഒരേയൊരു ഇസ്‌ലാം മതപണ്ഡിതൻ ജമാഅത്തെ ഇസ്‌ലാമി നേതാവായ മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയാണ്. ഇസ്‌ലാമിന്റെ ആവശ്യത്തിന് കളവ് പറയൽ നിർബന്ധമാണെന്ന് പറഞ്ഞ ആചാര്യന്റെ അനുയായിയായ മാധ്യമം ലേഖകന് രാഷ്ട്രീയത്തിൽ കളവ് പറയുന്നതിന്ന് ആരെ പേടിക്കാൻ? 'അമ്പലം വിഴുങ്ങുന്നവനു വാതിൽ പലക പപ്പടം' എന്നല്ലേ പ്രമാണം. മൗലാന മൗദൂദി എഴുതുന്നു:

*'ആർജ്ജവവും സത്യസന്ധതയും ഇസ്‌ലാമിന്റെ അതിപ്രധാനമായ തത്ത്വങ്ങളിൽപ്പെട്ടവയാണ്. കളവ് അതിന്റെ കണ്ണിൽ ഏറ്റവും നീചമായ തിന്മയും തന്നെ. എങ്കിലും പ്രായോഗിക ജീവിതത്തിൽ ചില അവശ്യഘട്ടങ്ങളിൽ കളവു പറയുന്നതിനു അനുമതിയുണ്ടെന്നു മാത്രമല്ല, ചില സാഹചര്യങ്ങളിൽ അത് നിർബന്ധം കൂടിയാണെന്നുപോലും ഫത്‌വ ചെയ്യപ്പെട്ടിരിക്കുന്നു. (തർജുമാനുൽ ഖുർആൻ 1958 മെയ് ലക്കം).*

ഇന്ത്യയിലെ പൈശാചിക ഭരണകൂടങ്ങളെ ജിഹാദിലൂടെ ഉന്മൂലനം ചെയ്ത് തങ്ങളുടെ അധീശത്വമുള്ള ദൈവികഭരണകൂടം സ്ഥാപിച്ച് തൊട്ടടുത്ത ഇസ്‌ലാമികേതര പൈശാചിക ഭരണകൂടത്തെ ആക്രമിച്ചുകീഴടക്കി ദൈവികഭരണകൂടം വിസ്തൃതമാക്കുക എന്നതാണ് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഖ്യാപിത ലക്ഷ്യം. ഇത്തരം വാദങ്ങളുയർത്തിക്കൊണ്ടാണ് ഇന്ത്യാഉപഭൂഖണ്ഡത്തിൽ ജമാഅത്തെ ഇസ്‌ലാമി രംഗപ്രവേശം ചെയ്തത്. അധികാര ശക്തി പിടിച്ചെടുക്കാൻ സായുധ ജിഹാദിന്നായി മുസ്‌ലിംകൾ നടത്തുന്ന അഞ്ചുനേരത്തെ സൈനിക പരിശീലനമാണ് നിസ്കാരം (ഖുത്ബാത്ത് പേ: 190) എന്നു കൂടി മൗലാനാ മൗദൂദി എഴുതുമ്പോൾ പിന്നെ അവരുടെ കൈയ്യിൽ ആത്മീയമായി യാതൊന്നും അവശേഷിക്കാത്ത അധികാരഭ്രാന്തായി പരിശുദ്ധ ഇസ്‌ലാം മതം മാറുന്നു. കഴിഞ്ഞ ആയിരത്തി നാന്നൂറ് വർഷങ്ങളായി മുസ്‌ലിംകൾക്ക് പരിചയമില്ലാത്തതാണ് ഈ വാദങ്ങൾ. മുസ്‌ലിംകൾ ക്കെന്നല്ല ലോകത്തെ ഒരു മതവും അധികാരകേന്ദ്രിതവും ഭരണകൂടത്തിലധിഷ്ഠിതവുമായ ഇത്തരം ഭീകരവാദങ്ങളുയർത്തിയിട്ടില്ല. ഇരുപതാം നൂറ്റാണ്ടിൽ ഫാസിസമാണ് രാഷ്ട്രത്തിന് ദൈവതുല്യമായ സ്ഥാനം നൽകി വാഴ്ത്തിപ്പറഞ്ഞത്. മൗലാനാ മൗദൂദി അധികാരശക്തിയുള്ള രാഷ്ട്രത്തെ ദൈവതുല്യമാക്കുന്ന ഈ ഫാസിസ്റ്റ് ആശയം സ്വാംശീകരിക്കുകയും പരിശുദ്ധഇസ്‌ലാമിന്റെ നാമവും സംജ്ഞകളും അതിനുവേണ്ടി ദുരുപയോഗം ചെയ്യുകയുമായിരുന്നു.

ഫാസിസത്തെക്കുറിച്ചും അതിന്റെ സിദ്ധാന്തങ്ങളെപ്പറ്റിയും കാര്യബോധമുള്ള ഇവിടുത്തെ പൊതുസമൂഹത്തിലെ രാഷ്ട്രീയ ചിന്തകന്മാരും ബുദ്ധിജീവികളും ഇത്രകാലം ജമാഅത്തെ ഇസ്‌ലാമിയുടെ അപകടകരമായ സിദ്ധാന്തങ്ങൾ തിരിച്ചറിഞ്ഞിരുന്നില്ല. അതിനു കാരണം, ഒരു മുസ്‌ലിം കക്ഷി എന്ന പരിഗണനയും, ആൾബലമില്ലാത്ത പാർട്ടി എന്ന നിലയിൽ അവരോടുള്ള അശ്രദ്ധയുമായിരുന്നു മറ്റൊരു കാരണം അപകടകരമായ അവരുടെ സംജ്ഞകളും സങ്കല്പങ്ങളും ഇസ്‌ലാമിക സാങ്കേതിക പദങ്ങളിലധിഷ്ഠിതമാണ് . അതുകൊണ്ട് ജമാഅത്തെ ഇസ്‌ലാമിയുടെ ആശയാദർശങ്ങളെപ്പറ്റി അമുസ്‌ലിംകൾ അത്ര ആഴത്തിൽ ഇറങ്ങി പരിശോധിച്ചിരുന്നില്ല. ഫാസിസ്റ്റ് ഘടനയിലുള്ള മതരാഷ്ട്ര മൗലികവാദം എന്ന വിപത്തിനെപ്പറ്റി മുസ്‌ലിം സമുദായത്തിനകത്തും വേണ്ടത്ര ജാഗ്രതയോ രാഷ്ട്രീയവിദ്യാഭ്യാസമോ ലഭിച്ചിട്ടുമില്ല. ഈയൊരു സാഹചര്യത്തിൽ പല മുസ്‌ലിംകക്ഷികളുടെ കൂട്ടത്തിൽ ഒരു കക്ഷി എന്ന നിലയിലാണ് പൊതുവെ മുസ്‌ലിംകളും പൊതുസമൂഹവും ജമാഅത്തെ ഇസ്‌ലാമിയെ നോക്കിക്കണ്ടത്.

അവരെ തിരിച്ചറിയാതിരിക്കാനുള്ള മറ്റൊരു പ്രധാന കാരണം, ജമാഅത്തെ ഇസ്‌ലാമി അവരുടെ പല ഉദ്ദേശ്യലക്ഷ്യങ്ങളും പുറത്ത് പറയാതെ നിഗൂഢമാക്കി വെക്കുന്നു എന്നത് കൊണ്ടാണ്. നക്സലൈറ്റുകളെ വെല്ലുന്ന രീതിയിൽ സാമ്രാജ്യത്വവിരോധവും ശാസ്ത്ര സാഹിത്യ പരിഷത്തിനേക്കാൾ ഉശിരോടെ പരിസ്ഥിതി വാദവും കമ്മ്യൂണിസ്റ്റുകളേക്കാൾ മതേതരത്വവും പറഞ്ഞ് തെരുവുനാടകവും ഗാനമേളകളും കലാപ്രകടനങ്ങളും നടത്തി തങ്ങളുടെ 'ഹുക്കൂമത്തെ ഇലാഹി'യ്യയെ ഉള്ളിൽ സൂക്ഷിക്കാൻ ഇവർക്കു കഴിയുന്നു. കേരളത്തിൽ കലാസാഹിത്യപ്രവർത്തകന്മാരും ബുദ്ധിജീവികളുമായുള്ള ചങ്ങാത്തവും അവർക്ക് ഇടയ്ക്കിടെ അവാർഡ് ദാനങ്ങളും പുരസ്കാരങ്ങളും നൽകി തങ്ങളുടെ സ്വന്തക്കാരാക്കി മാറ്റാനുള്ള ഇവരുടെ മിടുക്കും കേരളത്തിൽ നാം കണ്ടതാണ്. കൂടാതെ വൻമുടക്ക്മുതലുള്ള പ്രബലമായ ഒരു മാധ്യമ സാമ്രാജ്യവും ഇവർക്കുണ്ട്. തങ്ങളുടെ ഭീകരമുഖം മറക്കാനാണ് അവർ ഇത്തരം പ്രലോഭനങ്ങളുടെ മായികലോകം കെട്ടിപ്പടുത്തത്. പക്ഷേ പ്രലോഭനങ്ങളുടെ ഈ മായികപ്രഭയിൽ ആദ്യം വീണത് ഈ ഇസ്‌ലാ

മിക വിപ്ലവകാരികൾ തന്നെയാണെന്ന് തോന്നുന്നു. മൗലാനാ മൗദൂദി ആഗ്രഹിച്ച വിധം അഫ്ഗാനിസ്ഥാനിലെ താലിബാൻകാരെപ്പോലെയോ അൽഖായിദയെപ്പോലെയോ ഹിസ്ബുൽ മുജാഹിദീനെപ്പോലെയോ ചോരചിന്തി തടി മിനക്കെടുത്തിയുള്ള വിപ്ലവത്തിനൊന്നും ഇപ്പോൾ ഈ ചോക്ലേറ്റ് ഇസ്ലാമിക വിപ്ലവകാരികളെ കിട്ടില്ല. മുസ്ലിം ജനതക്കിടയിൽ ഇസ്ലാമിക വിപ്ലവ വസ്‌വാസ് ഉണ്ടാക്കുകയല്ലാതെ, വിപ്ലവകാരികൾ ജിഹാദ് പ്രവർത്തനം മറന്നിട്ട് കാലം കുറെയായി. കെട്ടിടസമുച്ചയങ്ങളും, ഷോപ്പിങ്ങ് കോംപ്ലക്സും വിദ്യാഭ്യാസ ബിസിനസ്സും പത്രവ്യവസായവും സാമ്പത്തിക സ്ഥാപന നടത്തിപ്പുമായി കഴിയുമ്പോഴാണ് സ്വത:സിദ്ധമായ അധികാരമോഹം ജമാഅത്തെ ഇസ്ലാമിയിൽ നാമ്പിട്ടത്. മൗദൂദി പറഞ്ഞ ജിഹാദി വിപ്ലവത്തിന്റെ പാതയിൽ സഞ്ചരിക്കാൻ കഴിയാത്ത ജമാഅത്തെ ഇസ്ലാമി തൽക്കാലം സായുധ ജിഹാദ് മാറ്റിവെച്ച് കമ്മ്യൂണിസ്റ്റ് പാർട്ടികളെ അനുകരിച്ച് ഇപ്പോൾ പാർലമെന്ററി ജനാധിപത്യത്തിന്റെ ലൈനിലാണ്. സോളിഡാരിറ്റി എന്ന വിപ്ലവ യുവജന പാർട്ടിയുടെ ജനനം ഇതിന്റെ നാന്ദിയാണ്. അങ്ങനെ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാൻ തുടങ്ങിയപ്പോഴാണ് കേരളത്തിലെ പൊതുമണ്ഡലത്തിലെ രാഷ്ട്രീയ ചിന്തകന്മാരും മാധ്യമങ്ങളും ജമാഅത്തെ ഇസ്ലാമിയെക്കുറിച്ച് പഠിക്കാനാരംഭിച്ചത്. ആഴത്തിൽ പഠിച്ച പലരും അവരുടെ ഫാസിസ്റ്റ് മതമൗലിക വാദത്തിന്റേയും ഹിംസയുടേയും ഭീകരത കണ്ട് ഞെട്ടിത്തരിച്ചിട്ടുണ്ട്. പലരും അവരെക്കുറിച്ചറിഞ്ഞ് മിണ്ടാതിരിക്കുകയാണ്.

ഇന്ത്യയെപ്പോലെയുള്ള ഒരു ജനാധിപത്യ മതേതര രാജ്യത്ത് പ്രവർത്തിക്കാൻ ജമാഅത്തെ ഇസ്ലാമിയുടെ ഏറ്റവും വലിയ തടസ്സം താഗൂത്തീ ഭരണകൂടമോ, മുസ്ലിം ലീഗോ മറ്റു മുസ്ലിം കക്ഷികളോ അഹ്മദികളോ അല്ല. സ്വന്തം നേതാവിന്റെ ഫാസിസ്റ്റ് ഭീകരസിദ്ധാന്തങ്ങൾ തന്നെയാണ്. പുള്ളിപ്പുലിക്ക് സഹജമായ അതിന്റെ പുള്ളി കൾ മാറ്റാൻ കഴിയില്ലല്ലോ. വിവിധ മതങ്ങൾ ഒന്നിച്ചുകഴിയുന്ന ഇന്ത്യയിൽ അധികാരശക്തിയുള്ള ഒരു മത രാഷ്ട്രം സ്ഥാപിക്കാമെന്നും മറ്റു മതങ്ങൾ രാഷ്ട്രങ്ങളായതിനാൽ അതിനെ ഉന്മൂലനം ചെയ്യണമെന്നുമെല്ലാമുള്ള ഫാസിസ്റ്റ് സിദ്ധാന്തങ്ങൾ ഉപേക്ഷിക്കാതെ ഈ രാജ്യത്ത് മാന്യമായ രാഷ്ട്രീയപ്രവർത്തനം നടത്താമെന്ന് കരുതുന്ന ജമാഅത്തുകാരൻ വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ്. മുസ്ലിംകളുടെ സൈ്വരജീവിതത്തെ നശിപ്പിക്കുകയും കൂട്ടക്കൊലകൾക്കും വർഗ്ഗീയകലാപങ്ങൾക്കും തിരികൊളുത്താൻ സാധ്യതയുമുള്ള ജമാഅത്തെ ഇസ്ലാമിയുടെ രാഷ്ട്രീയ ലൈനിനെ ഏറ്റവും കൂടുതൽ എതിർക്കുക മുസ്ലിംകൾ തന്നെയായിരിക്കും. ആ എതിർപ്പാണ് മുസ്ലിംലീഗും മുസ്ലിം കക്ഷികളും കേരളത്തിലെ പൊതുസമൂഹവും ആരംഭിച്ചിട്ടുള്ളത്. ജമാഅത്തെ ഇസ്ലാമി നേതൃത്വം തങ്ങളുടെ നേതാവിനെ ആദരപൂർവ്വം കൈയ്യൊഴിയുകയോ തീണ്ടാപ്പാടകലെ നിർത്തുകയോ ചെയ്യുകയല്ലാതെ ഈ എതിർപ്പിൽ നിന്നു രക്ഷനേടാൻ മറ്റു വഴികളില്ല. ഇതിനെതിരെ കളവും കാപട്യവും കറ്റുകെട്ടും കുത്സിത പ്രവർത്തനവും നടത്തി വളരെക്കാലം പിടിച്ചു നിൽക്കാൻ ജമാഅത്തുകാർക്ക് സാധ്യമല്ല. ●

*(32-ൽ നിന്ന് തുടർച്ച)*

ക്കുകയും ചെയ്യുന്നു. പ്രപഞ്ചത്തിന്റെ നിർമ്മിതിയിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് നിരവധി അടയാളങ്ങൾ അത് നൽകുന്നു. ഇതാണ് നമ്മുടെ അഗാധമായ ബോധത്തിൽ അവിഭാജ്യമായി നിൽക്കുന്ന ലളിത സത്യം. വി. ഖുർആൻ പറയുന്നു:

*'അവൻ സ്രഷ്ടാവും ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു. ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ അവനുള്ളതാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു' (59:25)* ●

9. Facing Up. Science and its cultutal adversaries - Steven weinberg - 2001

10. The Essence of Islam - Hazrath Mirza Ghulam Ahmed (A) Vol - U.K. 2004.

*(38-ൽ നിന്ന് തുടർച്ച)*

(അ)ന്റെ മുഴുവൻ ഗ്രന്ഥങ്ങളും വായിച്ച് പഠിക്കണമെന്നത് എന്റെ വലിയൊരാഗ്രഹമാണ്. തൽക്കാലം ഇത് ചുരുക്കുന്നു. താങ്കൾ വലിയ ജോലി തിരക്കിലാണെന്നെനിക്കറിയാം. എന്നിരുന്നാലും നമ്മൾ തമ്മിൽ തുടങ്ങിവെച്ച ഈ ചർച്ചയിൽ നിന്ന് സൽഫലമുളവാകണമെന്ന് തന്നെയാണ് എന്റെ ആഗ്രഹം. ആയതിനാൽ അല്പം സമയമെടുത്താലും എന്റെ കത്തുകൾക്ക് മറുപടി എഴുതണമെന്ന് ഞാൻ വിനയപൂർവ്വം താങ്കളോടപേക്ഷിക്കുന്നു. ഈ സംരംഭം അല്ലാഹു ഒരു സ്വാലിഹായ അമലാക്കിത്തീർക്കുമാറാകട്ടെ. ആമീൻ

വിനീതൻ,
മുഹമ്മദ് സലീം, കൊടുങ്ങല്ലൂർ
1-3-97 ●